## <u>ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്മേലുള്ള ചർച്ച</u>

<u>ഡോ. കെ. ടി. ജലീൽ</u>: സർ, ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുകയാണ്.

സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ പത്ത് വർഷം പൂർത്തിയാക്കാൻ പോകുകയാണ്. ഈ പത്ത് വർഷത്തിനുള്ളിൽ കേരളത്തിന്റെ വികസന ചരിത്രത്തിലെ നാഴികക്കല്ലുകളാണ് പിറന്നിരിക്കുന്നത്. സംസ്ഥാനം ഇന്നോളം നേടിയ പുരോഗതിയുടെ രേഖകൾ പരിശോധിച്ചാൽ ഇത്രയധികം അഭിവൃദ്ധി കൈവരിച്ച ഒരു കാലം ഇതിനുമുമ്പ് ഉണ്ടായിട്ടില്ലെന്ന് നമുക്ക് കാണാൻ സാധിക്കും. 'പത്ത് വർഷം ഇടതുപക്ഷം ഭരിച്ചിട്ട് എന്താണ് ഇവിടെ ഉണ്ടായത്, നിങ്ങൾ ഒന്ന് കാണിച്ചുതരൂ' എന്നാണ് പ്രതിപക്ഷം ചോദിക്കുന്നത്. അക്കമിട്ട് പറയാൻ സാധിക്കുന്ന നിരവധി പദ്ധതികളുണ്ട്. പത്ത് വർഷം മുമ്പ് നാം കാണാത്ത എന്തൊക്കെയാണ് പത്ത് വർഷം

കഴിഞ്ഞപ്പോൾ നമ്മുടെ കൺമുമ്പിൽ യാഥാർത്ഥ്യമായിരിക്കുന്നത്. ഒന്നാമത്തെ കാര്യം, പത്ത് വർഷം മുമ്പ് കേരളത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ നാഷണൽ ഹൈവേ നമുക്ക് സങ്കൽപ്പിക്കാൻ കഴിഞ്ഞിരുന്നോ? ആറ് വരി പാത, അതോടൊപ്പം ഇരുഭാഗത്തും സർവീസ് റോഡുകൾ ഉൾപ്പെടെ പത്ത് വരി പാതയാണ് നമ്മുടെ സംസ്ഥാനത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ ഏകദേശം 580 കിലോമീറ്റർ പണി പൂർത്തിയായിക്കൊണ്ടിരിക്കുന്നത്. കേന്ദ്ര സർക്കാരാണ് ഈ പദ്ധതി കൊണ്ടുവന്നത്, അതിൽ സംസ്ഥാന സർക്കാരിന് എന്ത് കാര്യമെന്ന് ചോദിക്കുന്ന പ്രതിപക്ഷ സുഹൃത്തുക്കളോട് ഒറ്റ കാര്യമേ പറയാനുള്ളൂ; കോൺഗ്രസ് കേരളവും കേന്ദ്രവും ഭരിച്ചിരുന്ന കാലത്ത് എന്തുകൊണ്ട് നിങ്ങൾക്കത് യാഥാർത്ഥ്യമാക്കാൻ സാധിച്ചില്ല; യു.ഡി.എഫ്.-ന്റെ 2011-16 കാലയളവിൽ എന്തുകൊണ്ട് നാഷണൽ ഹൈവേയുടെ പ്രവർത്തനം ആരംഭിക്കാൻ സാധിച്ചില്ല? ദേശീയ പാത കേരളത്തിൽ അസാധ്യമാണെന്ന് തീരുമാനിച്ച് കേരളത്തെപ്പോലെ ജനസാന്ദ്രീകൃതമായ ഒരു പ്രദേശത്ത് 2500 ഏക്കറിലധികം ഭൂമി ഏറ്റെടുത്ത് നാഷണൽ ഹൈവേ അതോറിറ്റിക്ക് കൈമാറുക എന്നത് മനുഷ്യസാധ്യമല്ലെന്ന് വിലയിരുത്തി അത് വേണ്ടെന്ന്

തീരുമാനിച്ച് ഫയലുകൾ അടച്ചുവച്ചതല്ലേ ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിലുള്ള സർക്കാർ. ദേശീയപാത അതോറിറ്റിയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ അവരുടെ കേരളത്തിലെ ഓഫീസ് പൂട്ടിപ്പോയില്ലേ. അങ്ങനെ പോയ ഉദ്യോഗസ്ഥന്മാരെ തിരിച്ചുവിളിക്കുകയും യു.ഡി.എഫ്. പൂട്ടിവച്ചിരുന്ന ഫയലുകൾ തുറന്ന് 2500 ഏക്കറിലധികം ഭൂമി വളരെ പ്രയാസപ്പെട്ടാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിൽ ഏറ്റെടുത്ത് നാഷണൽ ഹൈവേ അതോറിറ്റിക്ക് കൈമാറിയത്. സാധാരണ ഒരു പൊതു ആവശ്യത്തിന് ഭൂമി ഏറ്റെടുക്കുമ്പോൾ എന്തൊക്കെ പ്രശ്നങ്ങളുണ്ടാകുമെന്ന് മാത്രമല്ല എത്രപേർക്ക് പണം ലഭിക്കാത്ത സാഹചര്യവുമുണ്ടാകും. എന്നാൽ 2500 ഏക്കറിലധികം ഭൂമി ഏറ്റെടുത്തിട്ട് ഏതെങ്കിലും ഒരു മനുഷ്യന്റെ കണ്ണുനീർ വീണ് ആ ഭൂമി കുതിർന്നോ? ഒരു മനുഷ്യന്റെയും കണ്ണുനീരും വേദനയുംകൊണ്ട് കുതിരാത്ത മണ്ണിലൂടെയാണ് കേരളത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ ദേശീയപാത അതിന്റെ നിർമ്മാണം പൂർത്തിയാക്കി മുന്നോട്ടുപോകുന്നത്. ഭൂമി വാങ്ങുന്നതിൽപോലും കേന്ദ്രസർക്കാർ സംസ്ഥാനത്തിന്റെ വിഹിതം ആവശ്യപ്പെട്ടില്ലേ? 25 ശതമാനം, അതായത്

6000 കോടി രൂപയാണ് സ്ഥലം ഏറ്റെടുപ്പിന്റെ തുകയായി സംസ്ഥാന സർക്കാരിന് നൽകേണ്ടിവന്നത്. ഒരു കോടി രൂപ തങ്ങളുടെ സ്ഥലത്തിനും ജംഗമ വസ്തുക്കൾക്കും ലഭിച്ചിട്ടുണ്ടെങ്കിൽ അതിൽ 25 ലക്ഷം രൂപ സംസ്ഥാന സർക്കാരിന്റെ വിഹിതമാണ്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് നിങ്ങളുടെ നാട്ടിൽ വില കൂടുതലാണെന്നും അതിനാൽ സ്ഥലവിലയുടെ 25 ശതമാനം സംസ്ഥാന സർക്കാർ വഹിക്കണമെന്നും പറഞ്ഞപ്പോൾ അതിനുകഴിയില്ലെന്ന് പിണറായി സർക്കാർ പറഞ്ഞില്ലെന്ന് മാത്രമല്ല തുക നൽകാമെന്നും പറഞ്ഞു. ഭൂമി ഏറ്റെടുത്ത് സമയബന്ധിതമായി അത് നൽകുകയും ചെയ്തു. ഇച്ഛാശക്തിയുള്ള ഒരു ഗവൺമെന്റ്, നെഞ്ചൂക്കും ചങ്കുറ്റവുമുള്ള ഒരു മുഖ്യമന്ത്രി കേരളത്തിന് ആവശ്യമായ ഘട്ടത്തിൽതന്നെയാണ് ശ്രീ. പിണറായി വിജയൻ നമ്മുടെ സംസ്ഥാനത്തിന്റെ മുഖ്യമന്ത്രി പദം ഏറ്റെടുത്തത്. ഒന്നും രണ്ടും പിണറായി സർക്കാരിന്റെ ഭരണത്തിനുമുമ്പ് ദേശീയപാതയുടെ വികസനം സ്വപ്നം കാണാൻ കഴിയാത്തവർക്ക് ഇന്നത് അവരുടെ കൺമുമ്പിൽ യാഥാർഥ്യമായിരിക്കുന്നു. ഈ ദേശീയപാതയുടെ വികസനം പത്ത് വർഷം മുമ്പ് നമുക്ക് കാണാൻ കഴിഞ്ഞിരുന്നോ? എന്നാൽ ഇപ്പോഴത് കാണാൻ

സാധിക്കുന്നു.

രണ്ടാമത്തെ കാര്യം, ഗെയിൽ വാതക പൈപ്പ്ലൈൻ ആണ്. മംഗലാപുരത്തുനിന്ന് കൊച്ചിവരെ 400 കിലോമീറ്ററാണ് ഈ പൈപ്പ്ലൈൻ ഭൂമിക്കടിയിലൂടെ ഇട്ടത്. അതിനെതിരെ എന്തൊക്കെ സമരങ്ങളാണ് നമ്മുടെ നാട്ടിൽ നടന്നത്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് എത്ര കിലോമീറ്റർ ഗെയിൽ വാതക പൈപ്പ്ലൈൻ ഇടാൻ സാധിച്ചു. കേരളത്തിന്റെ സ്ഥായിയായ വികസന ചരിത്രത്തിലെ ഒരു സുപ്രധാന ഏടല്ലേ ഗെയിൽ വാതക പൈപ്പ്ലൈൻ സ്ഥാപിച്ചതിലൂടെ യാഥാർത്ഥ്യമായത്. എന്തൊക്കെ എതിർപ്പുകളാണുണ്ടായത്. മുക്കത്ത് ജമാഅത്തെ ഇസ്ലാമിയുടെ നേതൃത്വത്തിൽ വെള്ളിയാഴ്ച ഉച്ചയ്ക്ക് നടുറോഡിൽ ജുമുഅ നമസ്കാരംപോലും നിർവഹിച്ചില്ലേ. ആ ജുമുഅ നമസ്കരിക്കുന്ന ആളുകളെ പോലീസ് ലാത്തിച്ചാർജ്ജ് നടത്തിയാൽ അത് രാജ്യത്തെ മുഴുവൻ ജുമുഅ നമസ്കരിക്കുന്നവരെ പോലീസ് അക്രമിച്ചു എന്നുപറഞ്ഞ് വലിയ പ്രശ്നങ്ങളുണ്ടാക്കാൻ ഉദ്ദേശിച്ചായിരുന്നല്ലോ ചെയ്തത്. പോലീസ് അവിടെ വളരെ സംയമനം പാലിച്ചു. ഗെയിൽ വാതക പൈപ്പ്ലൈൻ ഒരിക്കലും ഉണ്ടാകില്ലെന്ന് കട്ടായം പറഞ്ഞവരുടെ കൺമുമ്പിലൂടെ 400

കിലോമീറ്ററോളം ഗെയിൽ വാതക പൈപ്പ്ലൈൻ മംഗലാപുരത്തുനിന്ന് കൊച്ചിവരെ ഭൂമിക്കടിയിലൂടെ ഇട്ടുപോയില്ലേ. ഗെയിൽ വാതക പൈപ്പ്ലൈൻ സ്ഥാപിച്ചാൽ അതിനുമുകളിൽ പിന്നീട് ഒന്നും വളരില്ല, ബോംബ് സ്ഫോടനമുണ്ടാകും എന്നൊക്കെയാണ് പറഞ്ഞിരുന്നത്. എവിടെങ്കിലും ഒരു പടക്കം പൊട്ടുന്ന ശബ്ദമെങ്കിലും നമുക്ക് കേൾക്കാൻ കഴിഞ്ഞോ? ഗെയിൽ വാതക പൈപ്പ്ലൈൻ ഇട്ടിരിക്കുന്ന സ്ഥലത്തുകൂടി പോയാൽ നെല്ലും പച്ചക്കറികളും വിളഞ്ഞുനിൽക്കുന്ന കാഴ്ചയാണ് നമുക്ക് കാണാൻ കഴിയുന്നത്. കേരളത്തിൽ അത് ഇട്ടുപോയ സ്വകാര്യ സ്ഥലമുടമകൾക്ക് വാടക കൊടുക്കേണ്ട സ്ഥിതിയുണ്ടായില്ലേ. ഇപ്പോൾ ആർക്കെങ്കിലും പരാതിയുണ്ടോ, ആരെങ്കിലും പരാതി ഉന്നയിക്കുന്നുണ്ടോ? ദേശീയപാതയ്ക്ക് സ്ഥലം വിട്ടുകൊടുത്തതിൽ, ഗെയിൽ വാതക പൈപ്പ്ലൈൻ തങ്ങളുടെ സ്ഥലത്തുകൂടെ പോകാൻ അനുമതി നൽകിയതിൽ എന്തെങ്കിലും തരത്തിലുള്ള വാക്ക് പാലിക്കാൻ സംസ്ഥാന സർക്കാരിന് സാധിക്കുന്നില്ലെന്ന് പറഞ്ഞ് ഒരാളെങ്കിലും വന്നിരുന്നെങ്കിൽ ഇവിടത്തെ പത്രമാധ്യമങ്ങളും ടിവി ചാനലുകളും അവരുടെ വാക്കുകൾക്ക് എന്തുമാത്രം വില കൊടുക്കുമായിരുന്നു. ഗെയിൽ വാതക പൈപ്പ്ലൈൻ പത്ത് കൊല്ലം

മുമ്പ് ഉണ്ടായിരുന്നോ? ഇപ്പോഴത് സ്ഥാപിച്ചില്ലേ. ഈ സർക്കാരിന്റെ നേട്ടത്തിന്റെ പട്ടികയിൽ ഇതൊക്കെ കണ്ണുള്ള ഏതൊരാളിനും കാണാൻ സാധിക്കുന്ന കാര്യങ്ങളാണ്.

കടുത്ത വേനലിലും നമുക്ക് പവർകട്ട് അനുഭവിക്കേണ്ടിവന്നില്ല എന്നതാണ് മറ്റൊരുകാര്യം. എന്തുകൊണ്ട് അനുഭവിക്കേണ്ടി വന്നില്ല എന്നത് സംബന്ധിച്ച് ആരെങ്കിലും ചിന്തിച്ചിട്ടുണ്ടോ? മലയാളികൾക്ക് പത്ത് വർഷത്തിനിടയിൽ എന്നെങ്കിലും രാത്രി ഫാൻ ഇടാൻ സാധിക്കാതെ കിടക്കേണ്ടി വന്നിട്ടുണ്ടോ; എന്താണ് കാരണം? യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് നിലച്ചുപോയ കൊച്ചി-ഇടമൺ പവർ ഹൈവേ ആകാശത്തെ ചുംബിക്കാൻ വെമ്പൽകൊള്ളുമാറ് ഉയരത്തിൽ ഉയർന്നുനിൽക്കുന്ന വലിയ കുരിശ് പോലുള്ള പോസ്റ്റുകൾ, അതിലൂടെ പത്തും പന്ത്രണ്ടും ലൈനുകൾ വലിച്ചത് നിങ്ങൾ കണ്ടില്ലേ; എന്നാൽ യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ഒരു കിലോമീറ്ററെങ്കിലും ലൈൻ വലിക്കാൻ കഴിഞ്ഞിരുന്നോ? ആളുകളുടെ എതിർപ്പ് സ്വാഭാവികമാണ്. എസ്റ്റേറ്റ് മുതലാളിമാരെയും പുരോഹിതന്മാരെയും മസ്ജിദ് കമ്മിറ്റിക്കാരെയും ക്ഷേത്ര കമ്മിറ്റിക്കാരെയുമൊക്കെ രംഗത്തിറക്കും. അതൊക്കെ എല്ലാ കാലത്തും

പുരോഗമന പ്രവർത്തനങ്ങൾ നടത്തുമ്പോൾ ഉണ്ടായിട്ടുണ്ട്. അതുകേട്ട് ഭയന്നുപോകലാണോ ഒരു സർക്കാരിന്റെ ഉത്തരവാദിത്വം. യു.ഡി.എഫ്. നടക്കില്ല എന്നുകരുതി മടക്കിവച്ച പദ്ധതിയാണ് പൊടിതട്ടിയെടുത്ത് മുഴുവൻ ആളുകളെയും വിളിച്ചുകൂട്ടി 'കേരളം ഇരുട്ടിലേക്ക് പോകാൻ പോകുകയാണ്. ഈ പവർ ഹൈവേ യാഥാർഥ്യമായില്ലെങ്കിൽ മണ്ണെണ്ണ വിളക്കിന്റെ വെളിച്ചത്തിൽ നമ്മുടെ മക്കൾ പഠിക്കേണ്ടിവരും, വ്യവസായശാലകൾ മുഴുവൻ അടച്ചുപൂട്ടേണ്ടിവരും. അത് യാഥാർഥ്യമാക്കിയേ കഴിയൂ, സഹകരിക്കണം. അല്ലെങ്കിൽ സർക്കാർ സർക്കാരിന്റെ പണിനോക്കും' എന്നാണ് നമ്മുടെ മുഖ്യമന്ത്രി പറഞ്ഞത്. ശ്രീ. പിണറായി വിജയൻ എന്ന കേരളത്തിന്റെ മുഖ്യമന്ത്രിയുടെ ആ ഒരൊറ്റ വാചകം കേരളം ഏറ്റെടുത്തു. എല്ലാവരും സ്ഥലം വിട്ടുനൽകാൻ തയ്യാറായി. എസ്റ്റേറ്റുകൾക്കും ചർച്ചുകൾക്കും മസ്ജിദുകൾക്കും ക്ഷേത്രങ്ങൾക്കും മുകളിലൂടെയെല്ലാം പവർ ഹൈവേ വലിച്ചു, അത് യാഥാർഥ്യമായി. ഏതെങ്കിലും തരത്തിൽ വൈദ്യുതിക്ഷാമം നമ്മുടെ സംസ്ഥാനത്ത് നേരിട്ടോ? കൊച്ചി-ഇടമൺ പവർ ഹൈവേ കേരളചരിത്രത്തിലെ വികസനത്തിന്റെ ഏറ്റവും സ്ഥായിയായ ഒരു രൂപമായിരുന്നില്ലേ. നാലാമത്തെ കാര്യം, യു.ഡി.എഫ്.-ന്റെ ഭരണകാലത്ത്

വിഴിഞ്ഞം തുറമുഖത്തിനായി ഒരുകുട്ട മണലെങ്കിലും അവിടെ ഇട്ടിരുന്നോ; എന്നിട്ട് ഞങ്ങളാണ് കല്ലിട്ടതെന്ന് പറയുന്നു. നിങ്ങൾ കല്ലിട്ട പല പദ്ധതികളുമുണ്ടായിരുന്നു, അത് യാഥാർത്ഥ്യമായിട്ടുണ്ടോ; അത് യാഥാർത്ഥ്യമായത് ഇപ്പോഴല്ലേ; അവസാനം അത് യാഥാർത്ഥ്യത്തിലേക്ക് നീങ്ങുന്നുവെന്ന് കണ്ടപ്പോൾ പുരോഹിതൻമാരെ രംഗത്തിറക്കി പാവപ്പെട്ട മത്സ്യത്തൊഴിലാളികളെ സമരമുഖത്തേക്ക് കൊണ്ടുവന്ന് വിഴിഞ്ഞം പൊലീസ് സ്റ്റേഷൻ ആക്രമിച്ച് ആ പദ്ധതിയെ തകർക്കാൻ നിങ്ങൾ ശ്രമിച്ചില്ലേ; പൊലീസുകാരെ ആക്രമിച്ച് പരിക്കേൽപ്പിച്ചില്ലേ; പൊലീസ് സ്റ്റേഷനിൽ ഉണ്ടായിരുന്ന വാഹനങ്ങൾക്ക് തീകൊളുത്തി കേരളത്തിൽ കലാപാന്തരീക്ഷം സൃഷ്ടിച്ചില്ലേ; അതിന് ആരായിരുന്നു നേതൃത്വം നൽകിയത്? പാവപ്പെട്ട മത്സ്യത്തൊഴിലാളികളെ തെറ്റിദ്ധരിപ്പിച്ച് ചില ആളുകൾ രംഗത്തുവന്നതിനെയെല്ലാം യു.ഡി.എഫ്. പ്രോത്സാഹിപ്പിച്ചു. വിഴിഞ്ഞത്ത് വെടിവയ്പ്പുണ്ടാകുകയും അതിൽ ആളുകൾ മരിക്കുകയും ചെയ്താൽ അത് ചൂണ്ടിക്കാണിച്ച് വിഴിഞ്ഞം തുറമുഖത്തിന്റെ പ്രവൃത്തി പുരോഗതിയെ തടസ്സപ്പെടുത്താമെന്ന് അവർ വ്യാമോഹിച്ചു. എന്നാൽ കേരളത്തിന്റെ മുഖ്യമന്ത്രിയായ ശ്രീ. പിണറായി വിജയന്റെ നയതന്ത്രജ്ഞത അവിടെയും

കേരളത്തെ രക്ഷിച്ചു. അത്രയും വലിയ ആക്രമണങ്ങളുണ്ടായിട്ടുപോലും പൊലീസിന്റെ ഭാഗത്തുനിന്നും ഏതെങ്കിലും തരത്തിലുള്ള പ്രത്യാക്രമണങ്ങളുണ്ടായോ; അന്ന് പൊലീസ് പാലിച്ച മൗനമാണ് സത്യത്തിൽ ഇന്ന് വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാക്കിയതെന്ന വസ്തുത എത്രപേർക്ക് അറിയാം. പൊലീസിനെ ആക്രമിക്കുക, പൊലീസിനെ പരിക്കേൽപ്പിക്കുക.........

ചെയർപേഴ്സൺ: പ്ലീസ്......പ്ലീസ്......

ഡോ. കെ. ടി. ജലീൽ: പത്ത് വർഷം മുമ്പുണ്ടായിരുന്ന വിദ്യാലയങ്ങളാണോ ഇപ്പോൾ കാണാൻ സാധിക്കുന്നത്. പൊതുവിദ്യാലയങ്ങളുടെ ശക്തീകരണത്തിനുവേണ്ടി കോടിക്കണക്കിന് രൂപ ചെലവാക്കി. പത്ത് കൊല്ലംകൊണ്ട് പത്ത് ലക്ഷത്തോളം വിദ്യാർത്ഥികൾ കൂടുതലായി പൊതുവിദ്യാലയങ്ങളിലെത്തി.

ചെയർപേഴ്സൺ: അങ്ങയുടെ സമയം കഴിയാറായി.

ഡോ. കെ. ടി. ജലീൽ: സർ, പത്ത് വർഷം മുമ്പ് പൊതുവിദ്യാലയങ്ങളിൽ ഇംഗ്ലീഷ് മീഡിയം ബാച്ചുകളുണ്ടായിരുന്നോ; ഇന്ന്

ഏത് സ്കൂളിലാണ്/ഏത് പൊതുവിദ്യാലയത്തിലാണ് ഇംഗ്ലീഷ് മീഡിയം ബാച്ച് ഇല്ലാത്തത്; കോവിഡിനെ തുടർന്ന് ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽനിന്ന് കുട്ടികൾ കൂടുതലായി പൊതുവിദ്യാലയങ്ങളിലേക്ക് വന്നു. അവിടെ തങ്ങളുടെ കുട്ടികൾക്ക് പഠിക്കാൻ ഇംഗ്ലീഷ് മീഡിയം ബാച്ചുകളില്ലെന്ന് പറഞ്ഞപ്പോൾ പൊതുവിദ്യാലയങ്ങളിൽ ഇംഗ്ലീഷ് മീഡിയം ബാച്ചുകൾ ആരംഭിച്ചു. ഇന്ന് എല്ലാ സർക്കാർ സ്കൂളുകളിലും പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലും എയ്ഡഡ് വിദ്യാലയങ്ങളിലും ഇംഗ്ലീഷ് മീഡിയം ബാച്ചുകളുൾപ്പെടെ എല്ലാ സൗകര്യങ്ങളോടുംകൂടിയ പുതിയ കെട്ടിടങ്ങൾ നിലവിൽവന്നു. പെൺകുട്ടികൾക്ക് മൂത്രമൊഴിക്കാനുള്ള സൗകര്യം നമ്മുടെ പൊതുവിദ്യാലയങ്ങളിൽ ഉണ്ടായിരുന്നോ? പുതിയ കെട്ടിടങ്ങളെല്ലാം നമ്മുടെ സംസ്ഥാനത്തുയർന്നുവന്നു. നമ്മുടെ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ, ഇന്ത്യയിൽ മറ്റേത് സംസ്ഥാനത്താണ് പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇത്രയധികം പുതിയ കെട്ടിടങ്ങളുണ്ടായത്.

ആരോഗ്യ മേഖലയിൽ പത്ത് കൊല്ലംമുമ്പ് ഉണ്ടായിരുന്ന ആശുപത്രിയാണോ നിലവിലുള്ളത്; നമ്മുടെ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും വലിയ വലിയ ശസ്ത്രക്രിയകൾ

നടക്കുകയല്ലേ, പത്ത് വർഷം മുമ്പ് നമ്മുടെ മെഡിക്കൽ കോളേജുകളിൽ ഒരു ട്രാൻസ്പ്ലാന്റേഷൻ ശസ്ത്രക്രിയ നടക്കുന്നതുസംബന്ധിച്ച് ആലോചിക്കാൻ കഴിഞ്ഞിരുന്നോ? കിഡ്നി, ലിവർ ട്രാൻസ്പ്ലാന്റേഷനുകൾ, മറ്റ് അവയവമാറ്റ ശസ്ത്രക്രിയകൾ ഇവയെല്ലാം നമ്മുടെ സംസ്ഥാനത്ത് നടക്കുന്നു. എന്നാൽ അവയവമാറ്റ ശസ്ത്രക്രിയകൾ സർക്കാർ ആശുപത്രികളിൽ നടത്തുന്നതിനുമുമ്പ് ഇരുപത്തിയഞ്ചും മുപ്പതും ലക്ഷം രൂപയായിരുന്നു സ്വകാര്യ ആശുപത്രികൾ ഇതിനായി ഈടാക്കിയിരുന്നത്. ഇന്ന് അതിനെല്ലാം നിയന്ത്രണം വന്നില്ലേ; ഇന്ന് അഞ്ച് ലക്ഷം രൂപയുണ്ടെങ്കിൽ ഇവ നടത്താമെന്ന സ്ഥിതിവിശേഷത്തിലെത്തിയില്ലേ; പത്ത് വർഷങ്ങൾക്കുമുമ്പ് ഇല്ലാതിരുന്ന എന്തെല്ലാം കാര്യങ്ങൾ നമുക്ക് നേടാൻ സാധിച്ചുവെന്നതിന്റെ നേർകാഴ്ചയാണ് ഞാൻ വിവരിച്ചത്. ഇതൊന്നും കള്ളവും അസത്യവുമല്ല. ഇതെല്ലാം കണ്ണുള്ളവർക്ക് കാണുകയും കാതുള്ളവർക്ക് കേൾക്കുകയും ചെയ്യാം. അനുഭവിക്കാൻ സാധിക്കുന്ന ആളുകൾക്ക് അനുഭവിക്കാം. ഈ നന്ദിപ്രമേയത്തെ അനുകൂലിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ടുള്ള

ശ്രീ. ടി. പി. രാമകൃഷ്ണന്റെ ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു. 2025 നവംബർ മാസത്തിലാണ് ഐക്യരാഷ്ട്ര സഭയുടെ ലോക ദാരിദ്ര്യ വിവര പട്ടിക പുറത്തുവന്നത്. 110 കോടി അതിദരിദ്രർ ലോകത്തുണ്ടെന്നാണ് ഈ റിപ്പോർട്ടിൽ പറയുന്നത്. അതിൽ 24.32 കോടി ജനങ്ങൾ ഇന്ത്യയിലാണ്. ലോകത്ത് ഏറ്റവും കൂടുതൽ ദരിദ്രരുള്ള രാജ്യം ഇന്ത്യയാണെന്ന മറ്റൊരു കാര്യംകൂടി ഈ റിപ്പോർട്ടിൽ വ്യക്തമാക്കുന്നു. ദാരിദ്ര്യം ഇല്ലാതാക്കുമെന്ന് (ഗരീബി ഹഠാവോ) അരനൂറ്റാണ്ടുമുമ്പുതന്നെ കോൺഗ്രസ് ഗവൺമെന്റ് പ്രഖ്യാപിച്ചതാണ്. 2014-ൽ ബി.ജെ.പി. അവതരിപ്പിച്ച പ്രകടനപത്രികയിൽ പറഞ്ഞ കാര്യങ്ങളിൽ മൂന്നിലൊന്നെങ്കിലും നടന്നിരുന്നെങ്കിൽ ഇപ്പോൾ രാജ്യത്ത് ദാരിദ്ര്യം ഇല്ലാതാകുമായിരുന്നു, എന്നാൽ അതുണ്ടായില്ല. ഈ സ്ഥിതി നിലനിൽക്കുന്ന രാജ്യത്താണ് ചെറിയൊരു സംസ്ഥാനമായ കേരളം അതിദരിദ്രർ ഇല്ലാത്ത ചരിത്ര നേട്ടം ഇപ്പോൾ നേടിയിരിക്കുന്നത്. ഇത് ഒരു സുപ്രഭാതത്തിൽ സംഭവിച്ചതല്ല. 1957-ലെ ആദ്യത്തെ കമ്മ്യൂണിസ്റ്റ് സർക്കാരായ സഖാവ് ഇ. എം. എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള സർക്കാരിന്റെകാലത്ത് ആരംഭിച്ച പ്രവർത്തനത്തിന്റെ തുടർച്ചയായിട്ടാണ് അതിന്റെ അടിവേരുകൾ

ചെന്നുനിൽക്കുന്നത്. 1969-ൽ സി. അച്യുതമേനോന്റെ നേതൃത്വത്തിൽ ഈ വഴിയിൽ വളരെയേറെ മുന്നോട്ടുപോയെന്നത് നമുക്ക് അറിയാവുന്നതാണ്. തുടർന്നുവന്ന എൽ.ഡി.എഫ്. സർക്കാരുകളെല്ലാം ഇതിന് വലിയ സംഭാവന ചെയ്തിട്ടുണ്ട്. 'സംസ്ഥാനത്തെ അതിദാരിദ്ര്യം ഇല്ലാതാക്കുക' എന്നതായിരുന്നു 2021-ൽ അധികാരമേറ്റശേഷം സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാരിന്റെ ആദ്യ തീരുമാനം. ഈ വാഗ്ദാനം പാലിക്കപ്പെട്ടിരിക്കുകയാണ്. നമുക്കെല്ലാം അറിയാവുന്നതുപോലെ, എല്ലാവർക്കും വീട് എന്നത് കേരളത്തിന്റെ സ്വപ്നമായിരുന്നു. 1970-കളിൽ ഭവന നിർമ്മാണ വകുപ്പുമന്ത്രികൂടിയായിരുന്ന സഖാവ് എം. എൻ. ഗോവിന്ദൻ നായർ ലക്ഷം വീട് പദ്ധതി പ്രഖ്യാപിക്കുമ്പോൾ അത് വിജയിക്കുമെന്ന പ്രതീക്ഷ പൊതുവിൽ ഉണ്ടായിരുന്നില്ല. എന്നാൽ അത് യാഥാർത്ഥ്യമായെന്ന് നമുക്കറിയാം. തുടർന്നുവന്ന സർക്കാരുകൾ കുറച്ചൊക്കെ ഈ രംഗം ശ്രദ്ധിച്ചു. എന്നാൽ 2016-ൽ അധികാരത്തിൽ വന്ന എൽ.ഡി.എഫ്. സർക്കാരാണ് ലൈഫ് പദ്ധതി പ്രഖ്യാപിച്ച് അത് യാഥാർത്ഥ്യമാക്കി മുന്നോട്ടുപോയത്. ഇതിന്റെ ഭാഗമായി കഴിഞ്ഞ ആഗസ്റ്റ് 31 വരെ 462412 പേർക്കാണ് പുതുതായി വീടുകൾ ലഭിച്ചത്. ഇനി സ്വന്തമായി വീടില്ലാത്ത മൂന്ന്

ലക്ഷത്തോളം ആളുകളുണ്ട്. അവർക്കുകൂടി വീടുകൾ നൽകുന്നതിനുള്ള ശ്രമത്തിലാണ് എൽ.ഡി.എഫ്. സർക്കാർ. 1957-ൽ കേരളത്തിൽ ഒൻപത് ശതമാനം പേർക്കുമാത്രമേ സ്വന്തമായി ഭൂമിയുണ്ടായിരുന്നുള്ളൂ. അതാകട്ടെ വരേണ്യ വർഗ്ഗത്തിന്റെ കൈവശമായിരുന്നു. അന്ന് നടപ്പാക്കിയ കുടിയൊഴിപ്പിക്കലിന് എതിരായ നിയമം, 1970-ൽ നടപ്പാക്കിയ ഭൂപരിഷ്കരണ നിയമവുമെല്ലാം കേരളത്തിൽ മൗലികമായ മാറ്റങ്ങൾ കൊണ്ടുവന്നു. ഇന്ന് കേരളത്തിൽ 97 ശതമാനം പേർ ഭൂമിയുടെ ഉടമകളാണ്. ഇവർക്കെല്ലാം സ്വന്തമായി ഭൂമിയുണ്ട്. 2016-ൽ എൽ.ഡി.എഫ്. വാഗ്ദാനം ചെയ്തതുപോലെ കാര്യങ്ങൾ നടന്നു. ഒമ്പതര വർഷങ്ങൾക്കുള്ളിൽ 357868 പേർക്ക് പട്ടയം നൽകിയ സർക്കാരാണിത്. ഇതിന്റെ മൂന്നിലൊന്ന് നേട്ടമെങ്കിലും കൈവരിക്കാൻ ഇന്ത്യയിലെ ഒരു സംസ്ഥാനത്തിനും ഇതുവരെ സാധിച്ചിട്ടില്ലെന്നതാണ് വസ്തുത. 1957-ൽ എഴുതാനും വായിക്കാനും അറിയാവുന്നവർ കേരളത്തിൽ ഇരുപത് ശതമാനം മാത്രമായിരുന്നു. സാർവത്രിക വിദ്യാഭ്യാസത്തിന് അനുഗുണമായ വിദ്യാഭ്യാസ നടപടികളും സഖാവ് ഇ. എം. എസ്. നമ്പൂതിരിപ്പാടിന്റെ സർക്കാർ കൊണ്ടുവന്നു. വിദ്യാഭ്യാസ രംഗത്തെ മാറ്റവും മുന്നേറ്റവും നമ്മുടെ നാടിനെ ഇന്ന് നൂറ്

ശതമാനത്തിലേക്ക് എത്തിച്ചിരിക്കുകയാണ്. നൂറ് ശതമാനം സാക്ഷരരായ ആളുകളാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. പൊതുവിദ്യാഭ്യാസ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഒൻപതര വർഷത്തിനിടെ അയ്യായിരം കോടിയിലധികം രൂപയാണ് ചെലവഴിച്ചത്. എൽ.ഡി.എഫ്. സർക്കാർ ചെലവഴിച്ച ഈ സംഖ്യക്കുപുറമെ, കിഫ്ബി വഴി 973 പുതിയ സ്കൂളുകൾക്ക് കെട്ടിടങ്ങൾ അനുവദിച്ചു, പൊതുവിദ്യാഭ്യാസ മേഖലയിൽ 2598 കോടി രൂപ അനുവദിച്ചു. പുരോഗതി അക്കമിട്ട് നിരത്തുന്നത് നമുക്കിത് പരിശോധിച്ചാൽ കാണാൻ കഴിയും, നയപ്രഖ്യാപന പ്രസംഗത്തിൽ ഇതെല്ലാം വ്യക്തമാക്കിയിരിക്കുകയാണ്. ഉന്നത വിദ്യാഭ്യാസരംഗവും അതിവേഗം മാറുകയാണ്. രാജ്യത്തെ മികച്ച നൂറ് കോളേജുകളിൽ 16 എണ്ണം കേരളത്തിലാണ്. ഈ രംഗത്ത് ഒട്ടേറെ പുതിയ പദ്ധതികളാണ് നടപ്പാക്കുന്നത്. എന്നാൽ കേന്ദ്ര സർക്കാരിന്റെയും ഗവർണ്ണർമാരുടെയും ഇടപെടലുകൾ ഈ രംഗത്ത് ധാരാളം പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ടെന്ന് നമുക്കറിയാം. എങ്കിലും അടുത്ത ഏതാനും വർഷങ്ങൾകൊണ്ട് കേരളം ഉന്നത വിദ്യാഭ്യാസ ഹബ്ബായി മാറുകതന്നെ ചെയ്യും. ഇന്ത്യയിലെ മികച്ച പത്ത് സർവകലാശാലകളിൽ രണ്ടെണ്ണം കേരളത്തിലാണെന്നതാണ് ഇന്നത്തെ

സ്ഥിതി. മികച്ച ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 200 എണ്ണത്തിൽ 42-ഉം കേരളത്തിലാണ്. ശാസ്ത്ര സാങ്കേതിക മേഖലയെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഇന്ത്യയിലെ ആദ്യത്തെ ഡിജിറ്റൽ യൂണിവേഴ്സിറ്റി യാഥാർഥ്യമാക്കിയത് നമ്മുടെ സംസ്ഥാനത്തായിരുന്നുവെന്നത് ഈ സന്ദർഭത്തിൽ ഓർമ്മിക്കുകയാണ്. ആരോഗ്യരംഗത്ത് കഴിഞ്ഞ നാലുവർഷങ്ങൾക്കുള്ളിൽമാത്രം 30 ലക്ഷം പേർക്കാണ് 7200 കോടി രൂപയുടെ സൗജന്യ ചികിത്സ നൽകിയത്. ഇന്ത്യയിൽ ശിശുമരണ നിരക്കിന്റെ ദേശീയ ശരാശരി 25 ആണെങ്കിൽ കേരളത്തിൽ അത് 5 ആണ്. ആശുപത്രികളുടെ സൗകര്യം വർധിപ്പിച്ചതുകൊണ്ടും കൂടുതൽ ഡോക്ടർമാരും നഴ്സുമാരും നിയമിക്കപ്പെട്ടതിനാലും ആവശ്യത്തിലേറെ മരുന്നുകളും ഉപകരണങ്ങളും ലഭ്യമായതിനാലും സർക്കാർ ആശുപത്രികളിലെ തിരക്ക് അസാധാരണമായി ഉയരുന്നത് കാണാൻ സാധിക്കും. 2016-ൽ 'ആർദ്രം' മിഷനിലൂടെ ആരോഗ്യമേഖലയിൽ വലിയ വികസനമാണ് കൊണ്ടുവന്നത്. അന്ന് ആരോഗ്യമേഖലയ്ക്ക് നീക്കിവച്ചത് 655 കോടി രൂപയായിരുന്നുവെങ്കിൽ ഇന്ന് അത് 3000 കോടി രൂപയാണ്. ഇത്തരത്തിലുള്ള മാറ്റങ്ങൾ കേരളത്തിന്റെ ആരോഗ്യമേഖലയിൽ കാണാൻ സാധിക്കുന്നതാണ്. സംസ്ഥാനത്തെ മെഡിക്കൽ

കോളേജ് ആശുപത്രികളുടെ അടിസ്ഥാന വികസനത്തിന് 17 പ്രോജക്റ്റുകൾക്കായി 3200 കോടി രൂപ ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള രണ്ടാം എൽ.ഡി.എഫ്. സർക്കാർ അനുവദിച്ചു. കോവിഡ് മഹാമാരിക്കെതിരെയുള്ള ചെറുത്തുനിൽപ്പ് ലോകവും രാജ്യവും ശ്രദ്ധിച്ചതാണ്. അങ്ങനെ നാം നേടിയിട്ടുള്ള മുന്നേറ്റം വളരെ വലുതായിരുന്നു. വേദന അനുഭവിക്കുന്ന, ഒറ്റപ്പെട്ട് കഴിയുന്ന പരസഹായം ആവശ്യമുള്ള സകലരെയും കാണുന്ന ഭരണസംവിധാനമാണിത്. 75000-ത്തിലധികം വോളന്റിയർമാരാണ് സാന്ത്വന ചികിത്സാരംഗത്ത് കേരളത്തിൽ പ്രവർത്തിക്കുന്നത്. ഇത് മറ്റെവിടെയും കാണാൻ സാധിക്കാത്ത കാര്യമാണ്. കിടപ്പുരോഗികളുടെ പ്രശ്നങ്ങൾ പരിഹരിക്കാനും അവർക്ക് സേവനം നൽകാനും അവർക്കുവേണ്ടുന്ന എല്ലാ സൗകര്യങ്ങളും ഒരുക്കാനുമാണ് ഇവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിൽ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സംവിധാനം ആരംഭിച്ചത് 1966-ലാണ്. ദാരിദ്ര്യത്തിന്റെ കാഠിന്യം കുറച്ചുകൊണ്ടുവരാൻ ആ സംവിധാനം പ്രയോജനപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 1980-കളിൽ ഇ. കെ. നായനാർ സർക്കാരിന്റെ കാലത്തെ ഭക്ഷ്യ-പൊതുവിതരണം വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ വന്നതോടുകൂടി ഈ രംഗത്ത് വലിയ ചലനമാണ് സൃഷ്ടിക്കപ്പെട്ടത്. മാവേലി സ്റ്റോറുകൾ അതിനൊരു തുടക്കമായിരുന്നു. ഏറ്റവും മാതൃകാപരമായാണ് ഭക്ഷ്യസുരക്ഷാ നിയമം കേരളം

നടപ്പിലാക്കിയത്. ഒരുഘട്ടത്തിൽ ഇടത്തരക്കാർ പൊതുവെ റേഷൻകടകളിൽനിന്ന് അകന്നുനിന്നിരുന്ന സാഹചര്യമുണ്ടായിരുന്നു. എന്നാൽ ഇപ്പോഴത്തെ സർക്കാരിന്റെ ദീർഘവീക്ഷണത്തോടുകൂടിയുള്ള ഇടപെടലിന്റെ ഫലമായി മുഴുവൻ കുടുംബങ്ങളുടെയും ആശ്രയകേന്ദ്രമായി റേഷൻ കടകൾ മാറിക്കഴിഞ്ഞിരിക്കുകയാണ്. ഇവിടെ നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിലൂടെയും കാലാകാലമായുള്ള അടിയന്തര ഇടപെടലുകളിലൂടെയും സംസ്ഥാനത്തെ ഒരു മാതൃകയായി എടുത്തുകാണിക്കാവുന്നതാണ്. ആഘോഷവേളകളിൽ വിലക്കയറ്റം എന്ന അവസ്ഥ ഇന്നില്ല. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരമായത് കർഷക സമൂഹത്തിന് ആശ്വാസം പകർന്ന ഘടകമായിരുന്നു. 1966 കാലഘട്ടത്തെക്കുറിച്ച് ഇവിടെ ചൂണ്ടിക്കാട്ടി. എന്നാൽ NFSA നിയമം പ്രാബല്യത്തിൽ വന്നതോടെ 43 ശതമാനത്തോളം വരുന്ന മുൻഗണനാ വിഭാഗത്തിനുമാത്രമായിരുന്നു റേഷൻ ലഭിച്ചിരുന്നത്. അതായത് 15480040 പേർക്ക്. എന്നാൽ കേരള സർക്കാർ മുൻഗണനേതര വിഭാഗങ്ങളെ നീല, വെള്ള കാർഡുകളായി വേർതിരിച്ച് അവരെയും റേഷൻ പരിധിയിൽ ഉൾപ്പെടുത്തി. അർഹരായ 5027861 കുടുംബങ്ങൾക്ക് മുൻഗണനാ കാർഡുകൾ നൽകുകയുണ്ടായി. കേരളത്തിലെ എല്ലാ ഗ്രാമങ്ങളിലുമായി 13861 റേഷൻ കടകളാണുള്ളത്. ഒറ്റപ്പെട്ട മലയോര

പ്രദേശങ്ങളിൽ താമസിക്കുന്ന ഗോത്രവർഗ കുടുംബങ്ങളിൽ ഭക്ഷ്യധാന്യങ്ങൾ എത്തിക്കുന്നതിന് സഞ്ചരിക്കുന്ന റേഷൻകടകൾ പ്രവർത്തിക്കുന്നുണ്ട്. കേരളത്തിലെ 10 ജില്ലകളിലെ 21 താലൂക്കുകളിലായുള്ള 137-ഓളം ആദിവാസി ഉന്നതികളിൽ ഈ സേവനം ലഭ്യമാകുന്നു. ഓട്ടോറിക്ഷാ തൊഴിലാളികളുടെ സഹായത്തോടെ കിടപ്പുരോഗികളുള്ള വീടുകളിലേയ്ക്ക് ഭക്ഷ്യസാധനങ്ങൾ എത്തിച്ചുകൊടുക്കുന്നു. ഇത്തരമൊരവസ്ഥ മറ്റേത് സംസ്ഥാനത്താണ് കാണാൻ സാധിക്കുക; ഭക്ഷ്യധാന്യങ്ങളുടെ മാത്രമല്ല, മറ്റ് അവശ്യ നിത്യോപയോഗ വസ്തുക്കളുടെയും ലഭ്യതയും മറ്റും ഉറപ്പുവരുത്താൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ടെന്നത് ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. കോവിഡ് മഹാമാരിയും പ്രളയവുംപോലുള്ള ദുരന്തഘട്ടങ്ങളിൽ സർക്കാർ സംവിധാനങ്ങൾ ഉണർന്നു പ്രവർത്തിച്ചു. ആരും പട്ടിണി കിടക്കുന്നില്ലെന്ന് ഉറപ്പുവരുത്തിക്കൊണ്ട് 13 മാസങ്ങളിലായി 5505 കോടി രൂപ ചെലവിട്ട് 11 കോടിയിലധികം ഭക്ഷ്യക്കിറ്റുകൾ എല്ലാ കുടുംബങ്ങൾക്കും നൽകിയത് എൽ.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടത്തിലാണ്. വൻകിട ഭക്ഷ്യോൽപാദക സംസ്ഥാനങ്ങളിൽപ്പോലും പലപ്പോഴും ഭക്ഷ്യ ദൗർലഭ്യവും പട്ടിണിയും നിലനിൽക്കുന്നുണ്ടെങ്കിലും പക്ഷേ കേരളത്തിൽ അത്തരമൊരു സ്ഥിതിയെക്കുറിച്ച് ഇന്ന് കേൾക്കാൻ കഴിയാത്ത സംഭവമായി മാറിയിരിക്കുകയാണ്. 1996-ലെ

സർക്കാർ കുടുംബശ്രീ സംവിധാനത്തിലൂടെ സ്ത്രീ മുന്നേറ്റത്തിന് അടിത്തറയൊരുക്കി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ വാർഷിക പ്ലാനിന്റെ പത്ത് ശതമാനം സ്ത്രീകൾക്കായി നീക്കിവച്ചു. ഇതിന്റെയൊക്കെ ഭാഗമായി ഇന്ന് ആ മേഖലയിലുണ്ടായിട്ടുള്ള മാറ്റത്തിലൂടെ വലിയ പുരോഗതിയാണ് നമ്മുടെ സംസ്ഥാനത്തുണ്ടായിരിക്കുന്നത്. സംസ്ഥാനത്തിന്റെ മൊത്തം ജനസംഖ്യയിൽ 23 ശതമാനത്തിലധികംപേർ വയോജനങ്ങളാണ്. അവരെ സംരക്ഷിക്കേണ്ടത് സമൂഹത്തിന്റെ ബാധ്യതയാണെന്നും അത് ഏറ്റെടുക്കുമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ പ്രഖ്യാപിച്ചത് സമീപകാലത്താണ്. വയോജന ക്ഷേമത്തിനായി രാജ്യത്ത് ഒന്നാമതായി കേരള സംസ്ഥാനം 'വയോജന' മിഷൻ രൂപീകരിച്ചു. 'ആശ്വാസ്' 'അഭയകിരൺ' എന്നീ പദ്ധതികളിലൂടെയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലൂടെയും ആവശ്യമായ സഹായങ്ങളെല്ലാം നൽകാൻ തയ്യാറായി. ഇതൊക്കെ നമുക്ക് കാണാൻ സാധിക്കുന്ന കാര്യമാണ്. അതോടൊപ്പം തന്നെ ഈ മേഖലയിൽ കേരളം നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ടൊരു പ്രശ്നം, അഭ്യസ്തവിദ്യരായിട്ടുള്ളവരുടെ തൊഴിലില്ലായ്മയാണ്. അത് പരിഹരിക്കുന്നതിനുവേണ്ടി 'വൈജ്ഞാനിക കേരളം' പദ്ധതിയിലൂടെ 5 ലക്ഷം പേർക്ക് തൊഴിൽ നൽകുന്നതിനുവേണ്ടിയുള്ള നടപടികൾ കേരളം

സ്വീകരിച്ചിരിക്കുകയാണ്. കേരളത്തിലെ തൊഴിൽ മേഖല ശക്തവും അതുപോലെ ഫലപ്രദവുമാണ്.

ചെയർപേഴ്സൺ: അങ്ങയുടെ സമയം കഴിഞ്ഞിരിക്കുകയാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഇന്ത്യയിലാകെ സിവിൽ സർവീസ് തകർന്നുകൊണ്ടിരിക്കുകയാണ്. കേന്ദ്ര സർവീസിൽമാത്രം 10.52 ലക്ഷം തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നത്. സംസ്ഥാനങ്ങളിലെ സ്ഥിതിയും അതിൽനിന്നും വ്യത്യസ്തമല്ല. കേരളമൊഴികെ എല്ലാ സംസ്ഥാനങ്ങളിലും ഇപ്പോൾ 34 ലക്ഷത്തിലധികം തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്.

ചെയർപേഴ്സൺ: അങ്ങയുടെ സമയം അവസാനിച്ചിരിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, എൽ.ഡി.എഫ്. സർക്കാർ വന്നതിനുശേഷമുള്ള ഒൻപതര വർഷത്തിനുള്ളിൽ നിയമന ശിപാർശകൾ നൽകിയവരുടെ എണ്ണം മൂന്നുലക്ഷം കവിഞ്ഞു. ഇന്ത്യയിലാകെ നടന്ന സ്ഥിരം നിയമനങ്ങളിൽ 62 ശതമാനവും നടപ്പാക്കിയത് കേരളത്തിലാണ്. അവിടെ നാൽപ്പതിനായിരത്തിലധികം തസ്തികകൾ സൃഷ്ടിച്ചുകൊണ്ടാണ് അത് നടപ്പാക്കാൻ നമുക്ക് സാധിച്ചിട്ടുള്ളത്. എല്ലാ സംസ്ഥാനങ്ങളും ദേശീയപാതയ്ക്കാവശ്യമായ ഭൂമിയുടെ കാര്യത്തിലുണ്ടായതിൽനിന്നും വ്യത്യസ്തമായ നിലപാട് കേരളത്തിലുണ്ടായതിനെ സംബന്ധിച്ച് സൂചിപ്പിച്ചു. 5550 കോടി രൂപ

മുൻകൂർ നൽകിയാണ് കേരളം ഭൂമിക്കാവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊണ്ട് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചത്.

ചെയർപേഴ്സൺ: അങ്ങയുടെ സമയം അവസാനിച്ചിരിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഒറ്റക്കാര്യംകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. കേരളത്തിൽ 62 ലക്ഷത്തോളം കുടുംബങ്ങൾക്ക് പെൻഷൻ നൽകുകയാണ്. ഗുണഭോക്താക്കളിൽ പകുതിയോളം പേർക്ക് ബാങ്ക് അക്കൗണ്ടുവഴിയും ബാക്കിയുള്ളവർക്ക് സഹകരണ സംഘങ്ങൾവഴിയുമാണ് പെൻഷൻ നൽകുന്നത്. ഇതിന് 1050 കോടിയോളം രൂപ വേണ്ടിവരും. പ്രതിവർഷം ചെലവ് 13000 കോടി രൂപ വകയിരുത്തണം. 2011-16 കാലഘട്ടത്തെ 18 മാസത്തെ കുടിശ്ശികയുൾപ്പെടെ ഒന്നാം പിണറായി സർക്കാരിന്റെ കാലയളവിൽ 35154 കോടി രൂപ വിതരണം ചെയ്തു. ഒൻപതര വർഷംകൊണ്ട് 80671 കോടി രൂപയാണ് നൽകിയത്. ഇത് സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ പ്രത്യേകതകൾ എടുത്തുകാണിക്കുന്ന സംഭവങ്ങളാണ് ഈ നയപ്രഖ്യാപനവുമായി ബന്ധപ്പെടുത്തി ഇവിടെ ചൂണ്ടിക്കാണിച്ചിരിക്കുന്നത്. നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. ജോബ് മൈക്കിൾ</u>: സർ, ഇടതുപക്ഷ സർക്കാരിനുവേണ്ടി ബഹുമാന്യനായ കേരള ഗവർണ്ണർ ശ്രീ. രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ നടത്തിയ നയപ്രഖ്യാപനത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് എൽ.എഡി.എഫ്. കൺവീനർ അവതരിപ്പിച്ച നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. കഴിഞ്ഞ പത്തുവർഷംകൊണ്ട് നമ്മുടെ സംസ്ഥാനം കൈവരിച്ചത് സമാനതകളില്ലാത്ത വികസനവും നേട്ടവുമാണ്. നമ്മുടെ നാട്ടിലെ സാധാരണക്കാരായ ജനങ്ങളുടെ ജീവിത നിലവാരത്തിലുണ്ടായ ഉയർച്ച നാം കാണേണ്ടതാണ്. ആരോഗ്യസംരക്ഷണം, വിദ്യാഭ്യാസം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവയിലെല്ലാം നാം ബഹുദൂരം മുന്നിലാണ്. ഈ മേഖലയിലെല്ലാം കേരളം രാജ്യത്തുതന്നെ മാതൃകയാണ്. 2025 നവംബർ മാസം ഒന്നാം തീയതി കേരളത്തെ സംബന്ധിച്ച് ഏറ്റവും സുപ്രധാനമായ ഒരു ദിനമായിരുന്നു. കേരളപ്പിറവി ദിനത്തിൽ അതിദരിദ്രരില്ലാത്ത സംസ്ഥാനമായി ഇന്ത്യയിൽ ആദ്യമായി പ്രഖ്യാപനം നടത്തിയത് കേരളമാണ്. കേരളത്തിൽ അതിദാരിദ്ര്യത്തിൽ കഴിഞ്ഞിരുന്ന 64006 കുടുംബങ്ങളെ കണ്ടെത്തി, ഓരോ കുടുംബത്തിന്റെയും ആവശ്യങ്ങൾ മനസ്സിലാക്കി അവർക്കായി മൈക്രോ പ്ലാനുകൾ തയ്യാറാക്കി ഘട്ടംഘട്ടമായി അവരെ അതിദാരിദ്ര്യത്തിൽനിന്ന് മോചിപ്പിച്ചു. കേരളത്തിന്റെ ഈ മാതൃക ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്കും ലോകത്തിലെ

മറ്റ് രാജ്യങ്ങൾക്കും കണ്ടുപഠിക്കാൻ പറ്റുന്ന മാതൃകയാണ്. കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ മാസം 24-ന് വിഴിഞ്ഞം പദ്ധതിയുടെ രണ്ടാംഘട്ടം ഉദ്ഘാടനം നടത്തുകയുണ്ടായി. ഏതാണ്ട് 10000 കോടി രൂപയുടെ പദ്ധതിയാണ് അന്ന് ഉദ്ഘാടനം നടത്തിയത്. വിഴിഞ്ഞത്തിനുവേണ്ടി പലരും പല അവകാശവാദവും പറയുന്നുണ്ട്. പക്ഷേ ഇവിടെ സൂചിപ്പിച്ചതുപോലെ, ഒരു കല്ലിട്ടതല്ലാതെ യു.ഡി.എഫ്.-ന് ആ പദ്ധതിയിൽ ഒന്നും ചെയ്യാൻ സാധിച്ചില്ല. പക്ഷേ കഴിഞ്ഞ പത്തുവർഷംകൊണ്ട് കേരളത്തിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഖാവ് പിണറായി വിജയൻ വളരെ ശക്തമായി ഇടപെട്ട് വിഴിഞ്ഞം പദ്ധതി ഇന്ന് ലോകത്തെതന്നെ ഏറ്റവും വലിയ ഒരു തുറമുഖമായി മാറ്റിയെടുത്തു. ഇന്ത്യയിലെതന്നെ ഒന്നാം സ്ഥാനത്തുനിൽക്കുന്ന തുറമുഖമായി വിഴിഞ്ഞം മാറിക്കഴിഞ്ഞിരിക്കുന്നു. 2021-22-ൽ എത്രയോ പ്രാവശ്യം ഈ നിയമസഭയിൽ വിഷയങ്ങളുണ്ടായി. ഈ ഗവൺമെന്റിനെക്കൊണ്ട് വിഴിഞ്ഞം പദ്ധതിയുടെ ഉദ്ഘാടനകർമ്മം എങ്ങനെയും നിർവഹിപ്പിക്കരുതെന്നുള്ള ഒരു ഗൂഢാലോചനയുടെ ഫലമായി വിഴിഞ്ഞത്ത് ജനങ്ങളെ മാറ്റിപ്പാർപ്പിക്കുന്നത് സംബന്ധിച്ചും മറ്റും ആവശ്യമില്ലാത്ത സമരങ്ങളുണ്ടാക്കി. അന്നിതെല്ലാം നടത്തിയെങ്കിലും അതിനെയല്ലാം തരണം

ചെയ്ത് കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിഴിഞ്ഞം തുറമുഖത്തിന്റെ രണ്ടാം ഘട്ടവുമിപ്പോൾ ഉദ്ഘാടനം നടത്തിയിരിക്കുകയാണ്. അന്ന് ആ സമരത്തിനൊക്കെ നേതൃത്വം കൊടുത്തത് ഇന്നത്തെ ഇവിടത്തെ പ്രതിപക്ഷ എം.എൽ.എ.-മാരാണ്. പോലീസ് സ്റ്റേഷൻ അക്രമിച്ചു, നൂറിലേറെ പോലീസുകാർ പരിക്ക് പറ്റി ആശുപത്രിയിലായി ഇതെല്ലാം ചെയ്തിട്ടും വളരെ ഇച്ഛാശക്തിയോടുകൂടി സംസ്ഥാനസർക്കാർ ആ പദ്ധതി നടപ്പാക്കിയെടുക്കുന്ന കാഴ്ച നമ്മൾ കണ്ടു. തെരഞ്ഞെടുപ്പ് പത്രികയിൽ ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ പാലിച്ചു. സർക്കാരിന്റെ വാർഷിക പുരോഗതി റിപ്പോർട്ടുകൾ പൊതുജനങ്ങൾക്ക് മുന്നിൽ പ്രോഗ്രസ് റിപ്പോർട്ടായി പരസ്യപ്പെടുത്തി. അങ്ങനെയാണ് കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുന്നോട്ട് പോകുന്നത്. ഇതിലൂടെ സർക്കാർ എന്തൊക്കെ കാര്യങ്ങൾ ചെയ്തുവെന്ന് പൊതുജനങ്ങൾക്ക് മനസിലാക്കാനും അതുപോലെതന്നെ പോരായ്മകൾ ചൂണ്ടിക്കാണിക്കാനും അവർക്ക് അവസരം നൽകി. പൊതുജനങ്ങളുടെ ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഒരു നവകേരളം സൃഷ്ടിക്കാനുള്ള ശ്രമങ്ങളുമായി മുന്നോട്ടുപോകുന്ന സർക്കാരിന് എല്ലാവിധ പിന്തുണയും ജനങ്ങൾ നൽകുകയാണ്. മൂന്നാമതും ഇടതുപക്ഷ ജനാധിപത്യ മുന്നണി

സർക്കാർ കേരളത്തിൽ അധികാരത്തിൽ വരുമെന്നതിൽ ആർക്കും സംശയം വേണ്ട. ഈ സർക്കാരിന്റെ പ്രവർത്തികൾ സാധാരണക്കാരായ ജനങ്ങളോടൊപ്പമാണ് എന്നതാണതിന് കാരണം. കേരളത്തിൽ 410958 പേർക്ക് പട്ടയം നൽകി. പ്രതിപക്ഷമെന്നോ ഭരണപക്ഷമെന്നോ വ്യത്യാസമില്ലാതെ 93749 കോടി രൂപയുടെ പദ്ധതികൾ KIIFB വഴി ഈ സംസ്ഥാനത്തിന്റെ 14 ജില്ലകളിലും നടക്കുമ്പോൾ പ്രതിശീർഷ വരുമാനത്തിൽ വലിയ ഉയർച്ചയുണ്ടായി. പ്രതിശീർഷ വരുമാനം 1,66,246 രൂപയിൽ നിന്ന് 3,08,338 രൂപയായി ഉയർന്നു. ആഭ്യന്തരോല്പാദനം 5.26 ലക്ഷം കോടിയിൽ നിന്ന് 12.49 ലക്ഷം കോടിയായി ഉയർന്നു. ഇരട്ടിയോളം ഉയർച്ച നേടിയെന്ന് പറയുമ്പോൾ കേരള സംസ്ഥാനത്ത് വന്നിരിക്കുന്ന മാറ്റങ്ങൾ കേരളത്തിലെ ജനങ്ങൾക്ക് മനസിലാകും. എന്തെല്ലാം കുപ്രചരണങ്ങൾ നടത്തിയാലും അതൊന്നും ജനങ്ങൾ മുഖവിലയ്ക്കെടുക്കില്ലായെന്ന് നമുക്കറിയാം. നമുക്കറിയാവുന്ന പോലെ ജലജീവൻ പദ്ധതിയിലൂടെ 72 ലക്ഷം ഗ്രാമീണ ഭവനങ്ങളിലേക്ക് നമ്മൾ കുടിവെള്ളം എത്തിക്കണം. ഇപ്പോൾ നമ്മൾ 42 ലക്ഷം ഗ്രാമീണ ഭവനങ്ങളിൽ കുടിവെള്ളമെത്തിച്ചു. മാർച്ച് - ഏപ്രിൽ ആകുമ്പോൾ 15 ലക്ഷം

ഗ്രാമീണ ഭവനങ്ങളിൽക്കൂടി കുടിവെള്ളമെത്തിക്കും. കഴിഞ്ഞ ഒരുവർഷമായി കേന്ദ്രഗവൺമെന്റ് ഒരു രൂപപോലും ജൽജീവൻ പദ്ധതിക്കായി നൽകിയിട്ടില്ലായെന്ന് നമുക്കറിയാം. കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ജലവിഭവ വകുപ്പുമന്ത്രി ശ്രീ. റോഷി അഗസ്റ്റിനും ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാലും ഉൾപ്പെടെയുള്ള ആളുകൾ കൂട്ടായ തീരുമാനമെടുത്തുകൊണ്ട് ഏകദേശം 5000 കോടി രൂപ കടമെടുത്ത് കോൺട്രാക്ടർമാർക്ക് തുക വിതരണം ചെയ്തു. ഇത്തരത്തിൽ തുക വിതരണം ചെയ്തതുവഴി ഇനിയുള്ള ഒട്ടുമുക്കാൽ പദ്ധതികളുടെയും ടെൻഡർ നടപടികൾ പൂർത്തിയായിരിക്കുകയാണ്. എല്ലാ വർഷവും ഈ പദ്ധതി മുന്നോട്ട് പോകുമ്പോൾ കൃത്യമായി കാര്യങ്ങൾ കൊണ്ടെത്തിക്കാൻ നമുക്ക് സാധിക്കും. 17 ലക്ഷം ആളുകൾക്കുകൂടി ഈ മാർച്ച്-ഏപ്രിൽ മാസങ്ങളിലായി കുടിവെള്ളമെത്തിച്ച് കൊടുക്കുമ്പോൾ നമ്മുടെ ഗ്രാമീണ മേഖലയിൽ ഏകദേശം 80-90 ശതമാനം ആളുകൾക്കും കുടിവെള്ളം ലഭിക്കും. ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചുവെങ്കിലും പ്രസ്തുത റിപ്പോർട്ട് ഇതുവരെ പുറത്തുവന്നിട്ടില്ല, ആ റിപ്പോർട്ട് പുറത്തുവിടണം. ഗവൺമെന്റ് ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ടിലെ പല

കാര്യങ്ങളും നടപ്പാക്കിയെന്ന് പറയുമ്പോഴും പ്രസ്തുത റിപ്പോർട്ട് സർക്കാർ പുറത്തുവിടണമെന്നാണ് ഞാനിവിടെ ആവശ്യപ്പെടുന്നത്. ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നടപ്പാക്കാൻ സർക്കാർ കാണിക്കുന്ന അതീവ താൽപര്യത്തെ ഞാൻ അഭിനന്ദിക്കുന്നു. എന്നാൽ പ്രസ്തുത റിപ്പോർട്ട് പുറത്തുവരുകയും ആ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ എല്ലാ ജനങ്ങൾക്കും മനസ്സിലാക്കാൻ സാധിക്കുന്ന രീതിയിൽ സർക്കാർ വെബ്സൈറ്റ് വഴി പ്രസിദ്ധപ്പെടുത്തണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഈ നന്ദിപ്രമേയത്തെ എല്ലാ രീതിയിലും പിന്തുണച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. ഐ. ബി. സതീഷ്</u>: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ പിന്തുണയ്ക്കുകയാണ്. ബഹുമാന്യനായ അംഗം ശ്രീ. കെ. ടി. ജലീൽ അദ്ദേഹത്തിന്റെ പ്രസംഗം അവസാനിപ്പിച്ചത്, കണ്ണുള്ളവർ കാണുകയും കാതുള്ളവർ കേൾക്കുകയും ചെയ്യുന്ന ഇടതുപക്ഷ ഭരണത്തിന്റെ പത്ത് വർഷത്തെ ഓർമ്മിപ്പിച്ചുകൊണ്ടാണ്. നിർഭാഗ്യകരമെന്ന് പറയട്ടെ നമ്മുടെ പ്രതിപക്ഷത്തിന് ഭൂരിപക്ഷ-ന്യൂനപക്ഷ-തീവ്രവാദ ശക്തികളുടെ

സമ്മർദ്ദത്തിന്റെ ഫലമായി രാഷ്ട്രീയ അന്ധത ബാധിച്ചിരിക്കുന്നു. അധികാരത്തോടുള്ള ആർത്തികാരണം അവർക്ക് ബധിരത ബാധിച്ചിരിക്കുന്നു. 2016-ന് മുമ്പുള്ള കേരളം ഓർമ്മകൾ മരവിച്ച് പോയിട്ടില്ലാത്ത മലയാളികളുടെ മനസ്സിലുണ്ട്. അന്ന് അധികാരത്തിലിരുന്ന ഉമ്മൻചാണ്ടി സർക്കാർ കടന്നുപോയ നാളുകൾ നമുക്ക് മറക്കാനാവില്ല. അഞ്ചാം മന്ത്രി വിവാദം, ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ ഒരു എം.എൽ.എ.-യെ മന്ത്രിയാക്കുന്നതിന് വേണ്ടി ചെലവഴിച്ച മാസങ്ങൾ എത്രയാണ്? ഭരണയന്ത്രം മരവിച്ച് നിലച്ചുപോയിരുന്നു. രാഷ്ട്രീയ നേതൃത്വവും ഉദ്യോഗസ്ഥ നേതൃത്വവും സ്തബ്ദമായിരുന്ന കാലം, ആദരണീയനായ രമേശ് ചെന്നിത്തലയ്ക്ക് പ്രധാനപ്പെട്ട മന്ത്രി സ്ഥാനം ലഭിക്കാനായി നടന്ന രാഷ്ട്രീയ വിവാദങ്ങൾ. ആ രാഷ്ട്രീയ വിവാദങ്ങളുടെ ഭാഗമായി കേരള ഭരണം സ്തംഭിച്ചുപോയിരുന്നു. ഇത് ആ ഗവൺമെന്റിന്റെ മാത്രം പ്രത്യേകതയല്ല. അതിന് മുമ്പുള്ള യു.ഡി.എഫ്. ഗവൺമെന്റുകളുടെ ചരിത്രം പരിശോധിച്ചാൽ, 2001-ൽ നൂറ് സീറ്റുകളോടുകൂടിയാണ് ആദരണീയനായ ശ്രീ. എ. കെ. ആന്റണി അധികാരത്തിൽ വന്നത്. ഒടുവിൽ വിമാനത്താവളത്തിൽ വിമാനമിറങ്ങിയയുടൻ ഒരു വെള്ളക്കടലാസ് നീട്ടി രാജിക്കത്ത് എഴുതിവാങ്ങി

രാജിവയ്പ്പിക്കുന്ന സാഹചര്യമുണ്ടായി. രാജ്യസഭ തെരഞ്ഞെടുപ്പ് നടക്കുമ്പോൾ മൂന്നാമത്തെ സ്ഥാനാർത്ഥിയെ മത്സരിപ്പിച്ച് 26 വോട്ട് വാങ്ങുന്നതിനായി എത്രമാത്രം സമയമാണ് ദുർവിനിയോഗം ചെയ്തത്. യു.ഡി.എഫ്.-ന്റെ വലതുപക്ഷ രാഷ്ട്രീയത്തിന്റെ അധികാര തർക്കങ്ങളിൽപെട്ട് ഭരണം ആടിയുലയുന്ന കാഴ്ച കേരളം എത്രയോ തവണ കണ്ടതാണ്. അഭിവന്ദ്യനായ കെ. കരുണാകരന് രാജിവയ്ക്കേണ്ടിവന്നു. അദ്ദേഹം രാജിവയ്ക്കുന്നതിന് ഒരു മാസം മുമ്പാണ് ധനകാര്യ വകുപ്പ് മന്ത്രിയായിരുന്ന ഉമ്മൻ ചാണ്ടി രാജി വച്ചത്.

ഞാൻ പറഞ്ഞുവരുന്നത്, എപ്പോഴെല്ലാം വലതുപക്ഷം കേരളത്തിൽ അധികാരത്തിൽ വന്നിട്ടുണ്ടോ അന്നെല്ലാം അവരുടെ പ്രഥമ പരിഗണന അധികാര മത്സരമായിരുന്നു, സമ്പത്തിനോടുള്ള ആർത്തിയായിരുന്നു. അഴിമതി കണ്ടെത്താനുള്ള വഴി മാത്രമായിരുന്നു വലതുപക്ഷ രാഷ്ട്രീയത്തിന്റെ പ്രത്യേകത. ഞാൻ ദീർഘിപ്പിക്കുന്നില്ല, എന്റെ കൈയിൽ കേരളത്തിലെ കോൺഗ്രസുകാരുടെ എല്ലാകാലത്തെയും ലീഡർ കെ. കരുണാകരന്റെ ആത്മകഥയുണ്ട്. 'പതറാതെ മുന്നോട്ട്' എന്നാണ് ആ പുസ്തകത്തിന്റെ പേര്. അതിലെയൊരു പ്രസക്ത ഭാഗം ഞാൻ വായിക്കാൻ ആഗ്രഹിക്കുന്നു.

“ എന്റെ ജീവിതം എന്നും ഇങ്ങനെയായിരുന്നു. ഏതാനും നിമിഷങ്ങൾ കൂടി കഴിഞ്ഞാൽ ഞാനും നിങ്ങളിലൊരാൾ ആകും. പലതും ഞാൻ കണ്ടു, ഇനിയും എത്രയോ കാണാനിരിക്കുന്നു. ഇപ്പോൾ എന്റെ ദുഃഖം കൂടെയുള്ള സഹോദരരെക്കുറിച്ചാണ്. 100 കൊല്ലം പ്രായമുള്ള കോൺഗ്രസിൽ ഇതുപോലെയുള്ള ചതിയൻമാരെ ഞാൻ കണ്ടിട്ടില്ല” എന്നാണ് പല തലമുറകളെ രാഷ്ട്രീയം പഠിപ്പിച്ച കേരളത്തിലെ ആദരണീയനായ മുൻമുഖ്യമന്ത്രി കെ. കരുണാകരൻ പറഞ്ഞത്. 100 വർഷം ചരിത്രമുള്ള കോൺഗ്രസിൽ അദ്ദേഹം കണ്ട ചതിയൻമാർ ആരൊക്കെയാണ്? ആ ചതിയൻമാരാണ് യഥാർത്ഥത്തിൽ ഇന്ന് കേരളത്തിലെ പ്രതിപക്ഷം. അവർ ചതിക്കുന്നത് കോൺഗ്രസിനെ മാത്രമല്ല, മൂന്നേമുക്കാൽ കോടി വരുന്ന മലയാളികളെക്കൂടിയാണ്. രാഷ്ട്രീയ കാരണങ്ങളാൽ സമാനതകളില്ലാത്ത ഉപരോധസദൃശ്യമായ ആക്രമണമാണ് കേരളം നേരിടുന്നത്. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ ആക്രമിക്കപ്പെടുന്നു. ഇപ്പോൾ കേരളത്തിനൊപ്പം നിൽക്കാൻ ഉത്തരവാദിത്തമുള്ള പ്രതിപക്ഷം ഉത്തരവാദിത്തമില്ലാതെ ഒളിച്ചോടുകയാണ്. ചാട്ടുളിപോലെ തങ്ങളുടെ നെഞ്ചിലേക്ക് തുളച്ചുകയറുന്ന ചോദ്യങ്ങളെ ഭയന്ന് അവർ സഭ

ബഹിഷ്കരിച്ചിരിക്കുകയാണ്. നിങ്ങൾക്ക് സഭ ബഹിഷ്കരിക്കാം ജനങ്ങളുടെ മനസ്സിൽനിന്ന് ഒളിച്ചോടാനാവുകയില്ലെന്ന് വരുംകാലം തെളിയിക്കുകതന്നെ ചെയ്യും. നമ്മുടെ മുന്നിൽ ഇന്നത്തെ കേരളം എത്തിച്ചേർന്നൊരു കാലമുണ്ട്, 2016-ന് ശേഷമുള്ള കേരളം. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന് തുടക്കം കുറിച്ചത് എന്റെ മണ്ഡലത്തിലെ മലയിൻകീഴ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിലാണ്. വിദ്യാഭ്യാസ മേഖലയിലുണ്ടായ മാറ്റം നമ്മളൊന്ന് പരിശോധിക്കൂ. കുമാരി സിയ ഫാത്തിമ എന്ന് പറയുന്നൊരു പെൺകുട്ടിയുടെ വീട്ടിലേക്ക് സംസ്ഥാന സ്കൂൾ യുവജനോത്സവം എത്തുന്ന അലിവിന്റെ, കനിവിന്റെ ശിവൻകുട്ടിക്കാലമാണ് ഇന്ന് കേരളത്തിലെ വിദ്യാഭ്യാസ മേഖലയിലുള്ളത്. ഫോട്ടോസ്റ്റാറ്റെടുത്ത് പാഠപുസ്തകങ്ങൾക്ക് പകരം വായിച്ചിരുന്ന കാലത്തുനിന്ന് അധ്യയനവർഷം അവസാനിക്കുമ്പോൾത്തന്നെ അടുത്ത അധ്യയനവർഷത്തേക്കുള്ള പാഠപുസ്തകങ്ങൾ കിട്ടുന്ന കാലം. വർഗീയ-ഭൂരിപക്ഷ-ന്യൂനപക്ഷ-മതതീവ്രവാദ ശക്തികളുടെ പരീക്ഷണ ശാലയായിരുന്നു കേരളം. വർഗീയകലാപങ്ങളില്ലാത്തൊരു കേരളത്തെ നമ്മൾ കഴിഞ്ഞ പത്ത് വർഷമായി വീണ്ടെടുത്തില്ലേ? കേരളത്തിൽ വർഗീയ കലാപങ്ങളില്ല. ഒരുപക്ഷേ ഇന്ത്യക്ക് മാതൃകയാകുന്ന മതനിരപേക്ഷതയുടെ

തുരുത്തായി ഇന്ന് കേരളം തുടരുന്നതിന് കാരണം ഇടതുപക്ഷ ജനാധിപത്യ മുന്നണിയാണ്, അതിന് നേതൃത്വം നൽകുന്ന ബഹുമാന്യനായ മുഖ്യമന്ത്രിയുടെ അസാമാന്യമായ വിട്ടുവീഴ്ചയില്ലാത്ത നേതൃത്വമാണ്. ഇവർ അവകാശവാദങ്ങളുന്നയിക്കുകയാണ്. വിഴിഞ്ഞം തുറമുഖത്തിന്റെ ഉത്തരവാദിത്വം പിതൃത്വം അവർ പേറുന്നു. കല്ലിട്ടാൽ കപ്പൽ വരുമോ? കല്ലിട്ടാൽ കപ്പൽവരുമെന്ന് പറയുന്നവർ നേരത്തെ പറഞ്ഞതുപോലെ അന്ധത ബാധിച്ചവർ, കഴിഞ്ഞ പത്ത് വർഷക്കാലം ശ്രീ. പിണറായി വിജയൻ എന്നൊരു മുഖ്യമന്ത്രിയാണ് കേരളത്തിലുണ്ടായിരുന്നതെന്ന് സ്വയം മറക്കുന്നു. പക്ഷേ, മൂന്നേമുക്കാൽ കോടി വരുന്ന മലയാളികൾ മറക്കുന്നില്ല. വിഴിഞ്ഞം തുറമുഖത്തിന്റെ രണ്ടാം ഘട്ടം ഉദ്ഘാടന ചടങ്ങിൽ ചുമതലയുള്ള ഐ.എ.എസ്. ഉദ്യോഗസ്ഥ പറഞ്ഞു, അതുമാത്രമല്ല അദാനി ഗ്രൂപ്പിന്റെ ഉത്തരവാദിത്വപ്പെട്ട ആളുകൾ പറഞ്ഞു; പിണറായി വിജയനെന്നൊരു മനുഷ്യന്റെ പകരം വയ്ക്കാനാവാത്ത ഇച്ഛാശക്തിയാണ് വിഴിഞ്ഞം തുറമുഖം സാധ്യമാക്കിയതെന്ന്. വിഴിഞ്ഞം തുറമുഖം മാത്രമല്ല ദേശീയ പാത വികസനം. ദേശീയപാത വികസനത്തിന്റെ കാര്യത്തിൽ കേരളം ഇതുവരെയില്ലാത്ത കീഴ്വഴക്കമാണ് സൃഷ്ടിച്ചത്. ദേശീയപാത

നിർമ്മാണത്തിന് സംസ്ഥാനങ്ങൾ ഫണ്ട് നൽകേണ്ടിയിരുന്നില്ല. എന്നാൽ കാസർഗോഡ് വരെ നീളുന്ന ദേശീയ പാതയ്ക്കുവേണ്ടി ഇരുപത്തിയഞ്ച് ശതമാനം തുക നീക്കിവച്ചത് സംസ്ഥാനമാണ്. ഞങ്ങളുടെ മണ്ഡലത്തിലൂടെ കടന്നുപോകുന്ന ഔട്ടർ റിങ് റോഡുകൾക്കുവേണ്ടി സംസ്ഥാന സർക്കാർ ഫണ്ട് നൽകി. രണ്ടാം ഘട്ടത്തിൽ സർവീസ് റോഡിനുവേണ്ടി ഫണ്ട് ആവശ്യപ്പെട്ടപ്പോൾ അതുംനൽകി. സംസ്ഥാന സർക്കാർ എല്ലാം ചെയ്തു. അതിനുശേഷവും ഭൂമി വിട്ടുകൊടുക്കാൻ സന്നദ്ധരായ 6400-ഓളം പേർക്ക് തുക നൽകാൻ തയ്യാറാകുന്നില്ല. അതിനെതിരായി സംസ്ഥാന ഗവൺമെന്റിനെതിരായി ജനങ്ങളെ തിരിച്ചുവിടാൻ ബി.ജെ.പി. ശ്രമിക്കുമ്പോൾ അവരോടൊപ്പം നിൽക്കുകയാണ് കോൺഗ്രസും കോൺഗ്രസുകാരനായ സ്ഥലം എം.പി.-യും. 6400 പേരുടെ കണ്ണുനീർ കാണാതിരിക്കുന്നു. ഇപ്പോൾ നാഷണൽ ഹൈവേ അതോറിറ്റി പറയുന്നത് വടക്കൻ സ്ട്രെച്ചിൽ തേക്കട മുതലുള്ള പ്രദേശത്ത് ഒരിക്കൽക്കൂടി ഡി. പി. ആർ. തയ്യാറാക്കി ഭരണാനുമതി നൽകണമെന്നാണ്. ജനങ്ങളെ വഞ്ചിക്കുന്ന കാര്യത്തിൽ യു.ഡി.എഫും. ബി.ജെ.പി.-യും ഒരേ തൂവൽ പക്ഷികളാണെന്ന് തെളിയിക്കുന്നതാണ് ഈ സംഭവങ്ങൾ. കേരളം ഈ

സാമ്പത്തിക ഉപരോധത്തിന്റെ കാലത്തും മുന്നോട്ട് കുതിക്കുകയാണ്. സാമ്പത്തിക മേഖലയിൽ 17,000 കോടി രൂപയാണ് സംസ്ഥാനത്ത് കഴിഞ്ഞ സാമ്പത്തിക വർഷം മാത്രം കേന്ദ്രസഹായം കുറഞ്ഞത്. അപ്പോഴും നമ്മൾ 75 ശതമാനം തനത് വരുമാനം വർധിപ്പിച്ച് മുന്നോട്ടുപോകുകയാണെന്ന് സി.& എ.ജി.യുടെ റിപ്പോർട്ടുണ്ട്. വെട്ടിക്കുറച്ച ഐ.ജി.എസ്.ടി. 965.16 കോടി രൂപയാണ്. ദേശീയപാത വികസനത്തിന് സംസ്ഥാനം ചെലവഴിച്ചത് 3000 കോടി രൂപയാണ്. അപ്പോഴും ആകെ ആഭ്യന്തര ഉൽപാദനം 9.97 ശതമാനമായി വർധിപ്പിക്കാൻ കേരളത്തിന് കഴിഞ്ഞിരിക്കുന്നു. കേരളം ഇനിയും കടന്ന് പോകാനുള്ളത് വളരെ ദുഃഖകരമായ/സങ്കീർണമായ സാഹചര്യങ്ങളിലൂടെയാണ്. നമുക്കറിയുന്നതുപോലെ ഇന്ത്യയിൽ ദേശീയ ശരാശരിയെക്കാൾ ഉയർന്നതാണ് വയോജനങ്ങളുടെ നിരക്ക്. കേരളം വിദ്യാഭ്യാസ ആരോഗ്യ മേഖലകളിൽ കൈവരിച്ച നേട്ടങ്ങളുടെ സൃഷ്ടിയാണത്. ആയുർദൈർഘ്യ നിരക്ക് വർധിച്ചപ്പോൾ വയോജനങ്ങളുടെ എണ്ണം വർധിച്ചു. വയോജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സംസ്ഥാനത്ത് ഭാവനാപൂർണമായൊരു തുടർ സമീപനമുണ്ടാകണം. അതുമാത്രമല്ല കേന്ദ്ര

ഉപരോധം രാഷ്ട്രീയ കാരണങ്ങളാൽ കേരളത്തെ വലിഞ്ഞ് മുറുക്കാൻ ശ്രമിക്കുമ്പോൾ അതിനെ മറികടക്കാൻ ഇച്ഛാശക്തിയുള്ളൊരു രാഷ്ട്രീയ നേതൃത്വമുണ്ടാകണം. മത-തീവ്രവാദ ശക്തികൾ വീണ്ടും ആയുധങ്ങൾക്ക് മൂർച്ചകൂട്ടുമ്പോൾ അവയ്ക്ക് വഴങ്ങാത്തൊരു നേതൃത്വമുണ്ടാകണം.

ചെയർപേഴ്സൺ: പ്ലീസ്.... അങ്ങയുടെ സമയം അവസാനിച്ചിരിക്കുകയാണ്, കൺക്ലൂഡ്.

ശ്രീ. ഐ. ബി. സതീഷ്: സർ, അതുമാത്രമല്ല അമേരിക്കയുടെ താരിഫ് നയങ്ങൾ കേരളത്തിന് പ്രതിസന്ധി തീർക്കുകയാണ്. വാണിജ്യ വിളകൾ, സുഗന്ധദ്രവ്യങ്ങൾ, ചെമ്മീൻ തുടങ്ങിയവയുടെ ഇറക്കുമതിയിൽ വരുന്ന വ്യത്യാസം കേരളത്തിൽ പ്രതിസന്ധികളുണ്ടാക്കുന്നു. ഈ പ്രതിസന്ധികളെയെല്ലാം മറകടക്കാൻ കഴിയുന്ന ഇച്ഛാശക്തിയുള്ള അഴിമതിയുടെ സ്പർശമില്ലാത്തൊരു ഇടതുപക്ഷ നേതൃത്വത്തിന് കേരളം ആഗ്രഹിക്കുന്നു. തുടർച്ചയായ ഇടതുപക്ഷ നേതൃത്വത്തിലൂടെ മാത്രമേ നമുക്ക് നവകേരളം വീണ്ടെടുക്കാനാവൂ എന്ന പ്രഖ്യാപനമാണ് ഈ നയപ്രഖ്യാപനം, അതുകൊണ്ട് നയപ്രഖ്യാപനത്തെ ഒരിക്കൽക്കൂടി പിന്തുണച്ച് എന്റെ വാക്കുകൾ നിർത്തുന്നു. നന്ദി.

<u>ശ്രീ. കെ. എം. സച്ചിൻ ദേവ്</u>: സർ, നന്ദി പ്രമേയത്തെ പിന്തുണയ്ക്കുകയാണ്. നവകേരള സൃഷ്ടി ലക്ഷ്യം വച്ചുകൊണ്ട് കേരളത്തിലെ ഗവൺമെന്റ് നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങളുടെ ഒരു വിശദീകരിച്ച രൂപമാണ് ബഹുമാന്യനായ ഗവർണർ നയപ്രഖ്യാപന പ്രസംഗത്തിലൂടെ അവതരിപ്പിച്ചിട്ടുള്ളത്. യഥാർഥത്തിൽ കേരളത്തിന്റെ വികസന പ്രവർത്തനങ്ങളിലെ അഭിപ്രായ നിർദേശങ്ങളും വിമർശനങ്ങളും വിയോജിപ്പുകളും ഏതൊരംഗവും രേഖപ്പെടുത്തേണ്ടത് നിയമസഭയിലാണ്. ആ നിലയിലുള്ള അഭിപ്രായങ്ങളും നിർദേശങ്ങളും, വിമർശനങ്ങളും നിയമസഭയിൽ രേഖപ്പെടുത്താതെ അനാവശ്യമായ നിലയിലേക്കുള്ള വാഗ്വാദങ്ങളുന്നയിക്കാനും അത് പരമാവധി മാധ്യമങ്ങളുടെ സഹായത്തോടുകൂടി ഈ ഗവൺമെന്റിന് വിരുദ്ധമായൊരു വികാരം രൂപപ്പെടുത്തിയെടുക്കുക എന്നുള്ള ലക്ഷ്യത്തോടുകൂടിയുമാണ് യു.ഡി.എഫ്. ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. അക്ഷരാർഥത്തിൽ കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഗവൺമെന്റ് നടപ്പിലാക്കിയ വികസന ക്ഷേമ പദ്ധതികളെക്കുറിച്ച് കേരളത്തിലെ ജനങ്ങൾക്ക് നല്ല ബോധ്യമുണ്ട്. വികസന പ്രവർത്തനങ്ങളുടെയും ക്ഷേമകാര്യ നിർവഹണത്തിന്റെയും ഒരു സുവർണകാലമാണ് കഴിഞ്ഞ ഒൻപതര വർഷക്കാലത്തിലധികമായി കേരളത്തിൽ

നമുക്ക് അനുഭവിക്കാൻ കഴിയുന്നത്. ഇക്കാര്യങ്ങൾ പറയുമ്പോൾതന്നെ നാം കാണേണ്ട ഏറ്റവും പ്രധാനപ്പെട്ടൊരു വസ്തുതയുണ്ട്. എങ്ങനെയായിരുന്നു 2016-ന് മുമ്പ് നമ്മുടെ കേരളം? നമ്മുടെ കേരളം ഏതെല്ലാം മേഖലയിലാണ് വലിയ തിരിച്ചടികൾ നേരിടേണ്ടി വന്നിട്ടുള്ളത്. ഒരോ മേഖലയായി ഞാൻ പ്രത്യേകം പ്രത്യേകം ഈ സന്ദർഭത്തിൽ ഓർമപ്പെടുത്തുന്നില്ല. ആരോഗ്യ രംഗമാണെങ്കിലും വിദ്യാഭ്യാസ മേഖലയാണെങ്കിലും കേരളം വലിയ നിലയിലേക്കുള്ള തിരിച്ചടികളുടേയും കെടുകാര്യസ്ഥതയുടേയും നാടായി രാജ്യത്തിന് മുന്നിൽത്തന്നെ വളരെ മോശത്തോട്ടുകൂടി നിൽക്കേണ്ട സാഹചര്യം 2016-ന് മുമ്പ് യു.ഡി.എഫ്. ഗവൺമെന്റ് കാലത്ത് കേരളത്തിൽ ഉണ്ടായിരുന്നില്ലേ? ആശുപത്രിക്ക് മികച്ച കെട്ടിടങ്ങളോ, അനുബന്ധ സൗകര്യങ്ങളോ, ചികിത്സാ ക്രമീകരണങ്ങളോ ഉണ്ടായിരുന്നില്ല. ഡോക്ടർമാരുടെ സേവനം ശരിയായ വിധത്തിൽ ലഭ്യമാകുന്നില്ല, മരുന്നുകളില്ല. അതോടൊപ്പംതന്നെ വിദ്യാഭ്യാസ മേഖലയിൽ ഞാൻ വിദ്യാർഥിയായിരിക്കുന്ന കാലത്താണ് ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിൽ കേരളത്തിൽ യു.ഡി.എഫ്. ഗവൺമെന്റ് ഭരണം നടത്തുന്നത്. പാഠപുസ്തകങ്ങൾ വിതരണം ചെയ്യാൻ കഴിയാതെ വന്നപ്പോഴാണ് ഫോട്ടോസ്റ്റാറ്റെടുത്ത് വിദ്യാർഥികൾ ക്ലാസ് മുറികളിൽ പാഠപുസ്തകം പങ്കിട്ട് വായിക്കേണ്ടിവന്ന

ഗതികേട് കേരളത്തിലുണ്ടായത്. സൗജന്യ യൂണിഫോം, ഉച്ചക്കഞ്ഞി തുടങ്ങിയ പദ്ധതികളെ സംബന്ധിച്ച് അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റിന് ഒരു ധാരണയും ഉണ്ടായിരുന്നില്ല. അതെല്ലാം അട്ടിമറിക്കപ്പെട്ടു. കേരളത്തിന്റെ വിദ്യാഭ്യാസ മണ്ഡലത്തിലെ വിദ്യാലയങ്ങൾ സാമ്പത്തികമായി ലാഭകരമെന്നും ലാഭകരമല്ലാത്തതെന്നും വേർതിരിക്കുന്ന കാലമായിരുന്നു അത്. അടച്ച് പൂട്ടാൻ വേണ്ടിപോകുന്ന വിദ്യാലയങ്ങളുടെ എണ്ണം വളരെയധികമായിരുന്നു. സ്കൂളുകൾ രാത്രിയുടെ മറവിൽ ഇടിച്ച് തകർക്കുന്ന സമീപനം സ്വീകരിക്കുന്ന കാലം. അങ്ങനെയൊരു കാലം നമ്മുടെ കേരളത്തിലുണ്ടായിരുന്നല്ലോ. ആ കാലത്തുനിന്നാണ് കേരളം 2016-ൽ അധികാരത്തിൽ വന്ന ഒന്നാം പിണറായി ഗവൺമെന്റ് മുതൽ ഇങ്ങോട്ട് സമഗ്രതയാർന്ന വികസന പ്രവർത്തനങ്ങൾ ലക്ഷ്യം വച്ചുകൊണ്ട് ഏറ്റവും വലിയ വികസന മുന്നേറ്റം സാധ്യമാക്കിയത്. കിഫ്ബി അത്ഭുതങ്ങൾ സൃഷ്ടിക്കുകയാണ്. 140 മണ്ഡലങ്ങളിലും കിഫ്ബിയുടെ നേതൃത്വത്തിൽ മാതൃകാപരമായ പദ്ധതികൾ നടപ്പിലാക്കപ്പെട്ടിട്ടുണ്ട്. കേരളത്തിൽ അതിവേഗതയിൽ ഈ ലോകത്തിന്റെ മുന്നിൽത്തന്നെ അഭിമാനകരമായ വികസന നേട്ടം കൈവരിക്കാൻ കഴിയാവുന്ന നാടായി നമ്മുടെ കേരളത്തെ ഉയർത്തിക്കൊണ്ടുവരുന്നതിൽ കിഫ്ബി വഴി കേരളത്തിലെ ഗവൺമെന്റ്

നടപ്പിലാക്കിയ പദ്ധതികൾ മാതൃകാപരമായിരുന്നു.

P-27-01-2026
11.30-11.40
UV-SA(1)

(ശ്രീ. കെ. എം. സച്ചിൻദേവ് തുടർച്ച .......)

ഗ്രാമീണ മേഖലയിലുൾപ്പെടെയുള്ള സ്കൂളുകളുടെയും ആശുപത്രികളുടെയും പശ്ചാത്തല സൗകര്യവികസനരംഗത്ത് കിഫ്ബി തീർത്ത മാതൃകകൾ ഇന്ന് ജനങ്ങൾക്ക് അനുഭവവേദ്യമാണ്. എന്റെ മണ്ഡലത്തിലുൾപ്പെടെ ജനങ്ങൾ ഏറ്റവും നല്ല വികസന സൗകര്യങ്ങൾ അനുഭവിക്കുന്ന തലത്തിലേക്ക് ഉയരാൻ കാരണമായത് കിഫ്ബി വഴി നടപ്പിലാക്കിയ പദ്ധതികളാണ്. ബാലുശ്ശേരി മണ്ഡലത്തിൽ 60 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ വിദ്യാഭ്യാസ മേഖലയിലെ ഭൗതിക പശ്ചാത്തല വികസനരംഗത്ത് മാത്രം നടന്നു. മികച്ച കെട്ടിടങ്ങളും മികവാർന്ന ക്ലാസ് മുറികളും നിർമ്മിച്ചു. വിദ്യാർഥികൾക്ക് ആധുനിക കാലത്തിന്റെ വിദ്യാഭ്യാസ പ്രത്യേകതകൾ പരമാവധി പ്രയോജനപ്പെടുത്താൻ കഴിയുന്നവിധത്തിൽ മികച്ച വിദ്യാഭ്യാസ അന്തരീക്ഷം സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് പൊതുവിദ്യാഭ്യാസ

സംരക്ഷണ യജ്ഞം നടപ്പിലാക്കിയത്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തെ ഏറ്റവും മികച്ച പദ്ധതിയായി സർക്കാർ അവതരിപ്പിക്കുകയും കിഫ്ബി ധനസഹായത്തോടെ പുതിയ വികസനമാതൃകകൾ കേരളത്തിന് മുന്നിൽ തുറന്നുവയ്ക്കുകയും ചെയ്തു. ഡിജിറ്റൽ ക്ലാസ് മുറികൾ സാധ്യമാക്കി. പഠന സാമഗ്രികളുടെ അപര്യാപ്തതമൂലം കേരളത്തിലെ ഒരു വിദ്യാർഥിയുടെയും വിദ്യാഭ്യാസ പ്രവർത്തനങ്ങൾ മുടങ്ങിപോകരുതെന്ന നിലപാട് സ്വീകരിച്ച സർക്കാരായി എൽ.ഡി.എഫ്. സർക്കാർ മാറി. കേരളത്തിലെ ആരോഗ്യരംഗത്തെ മികച്ച പശ്ചാത്തല സൗകര്യവികസന പ്രവർത്തനങ്ങൾ, എന്റെ നിയോജകമണ്ഡലമായ ബാലുശ്ശേരിലെ താലൂക്ക് ആശുപത്രിയിൽ 23 കോടി രൂപ ചെലവഴിച്ച് കെട്ടിടവും അനുബന്ധ സൗകര്യവും വികസിപ്പിച്ചുകൊണ്ട് ഏറ്റവും മികച്ച താലൂക്ക് ആശുപത്രിയായി മാറിക്കഴിഞ്ഞു. ഗ്രാമീണമേഖലയിലെ സാധാരണക്കാരായ ജനങ്ങളുടെ ആരോഗ്യപരമായ കാര്യങ്ങൾക്ക് ആശ്രയിക്കാൻ കഴിയാവുന്ന രീതിയിലും ആരോഗ്യ പരിചരണം ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടുകൂടിയും പ്രവർത്തിക്കുന്ന ഒരു സർക്കാർ ആശുപത്രി ഏറ്റവും മികച്ച നിലവാരത്തിലേക്ക് മാറുകയെന്നത് ഈ ഗവൺമെന്റ്

നടത്തികൊണ്ടിരിക്കുന്ന ആരോഗ്യമേഖലയിലെ ദീർഘവീക്ഷണത്തോടെയുള്ള വികസന കാഴ്ചപ്പാടിന്റെ ഭാഗമാണ്. എന്റെ നിയോജകമണ്ഡലത്തിൽ ഉന്നത വിദ്യാഭ്യാസരംഗത്ത് ഏറ്റവും മികച്ച ചുവടുവയ്പ്പ് നടത്താനായത് ഡോ. ബി. ആർ. അംബേദ്കർ മെമ്മോറിയൽ ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ പുതിയ കെട്ടിടം നിർമ്മിക്കുന്നതോടുകൂടിയാണ്. എന്റെ മണ്ഡലത്തിൽ ഏറ്റവും മികച്ച കോളേജ് കെട്ടിടം 17 കോടി രൂപയിലധികം തുക ചെലവഴിച്ചുകൊണ്ട് നിർമ്മിക്കുകയാണ്. ഹോസ്റ്റൽ കെട്ടിടം, ക്ലാസ് മുറികൾ, മറ്റ് അനുബന്ധ സൗകര്യങ്ങൾ, വിദ്യാർഥികൾക്ക് ഉന്നതവിദ്യാഭ്യാസത്തിന്റെ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്താൻ കഴിയാവുന്ന അന്തരീക്ഷം ഒരുക്കുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് ഈ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുള്ളത്. സാധാരണക്കാർ ഏറ്റവും അധികം ആശ്രയിക്കുന്ന വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസുകളായി മാറുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ ആറ് വില്ലേജ് ഓഫീസുകൾ മികച്ച കെട്ടിടത്തോടുകൂടി ഇക്കാലയളവിനുള്ളിൽ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റാൻ സാധിച്ചു. ഇപ്പോൾ രണ്ട് വില്ലേജ് ഓഫീസുകളുടെ

പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. സാധാരണക്കാരായ ജനങ്ങൾ അവരുടെ സുപ്രധാനമായ ആവശ്യങ്ങൾക്കുവേണ്ടി ഏറ്റവും അധികം സമീപിക്കുന്ന സർക്കാർ സ്ഥാപനമെന്ന പ്രത്യേകത വില്ലേജ് ഓഫീസിനുണ്ട്. ആ വില്ലേജ് ഓഫീസുകൾ ഏറ്റവും മികച്ച നിലയിലേക്ക് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് മാറുന്നുവെന്നതാണ്. എന്റെ മണ്ഡലത്തിൽ സർക്കാർ ഓഫീസുകളെല്ലാം ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിന്റെ ഭാഗമായി ഒരു മിനിസിവിൽ സ്റ്റേഷൻ 15 കോടി രൂപ ചെലവഴിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റെന്നുള്ള നിലയിൽ ദീർഘവീക്ഷണത്തോടുകൂടിയ ഭരണനിർവഹണ രംഗത്തെ കാഴ്ചപ്പാടുകൾ ഏറ്റവും സുഗമമായി നടപ്പിലാക്കാൻ കഴിയുന്ന വിധത്തിലുള്ള ഒരു വികസന മുന്നേറ്റത്തിന്റെ സുപ്രധാനമായ പരിച്ഛേദം എന്നുള്ള നിലയിലാണ് റവന്യൂ സ്ഥാപനങ്ങളെ ഏകീകരിക്കുന്നതിന്റെ ഭാഗമായി മിനി സിവിൽസ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കികൊണ്ടിരിക്കുന്നത്. കായികരംഗത്ത് നമ്മുടെ ഗവൺമെന്റിന്റെ കാഴ്ചപ്പാട് അക്ഷരാർഥത്തിൽ നടപ്പിലാക്കുന്ന കാലമായി ഈ കാലയളവ് മാറി. ഓരോ

ഗ്രാമപഞ്ചായത്തിലും ഓരോ കളിക്കളം എന്ന പ്രഖ്യാപനം ഗവൺമെന്റ് നടപ്പിലാക്കി. എം.എൽ.എ.-മാരുടെയും ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെയും നേതൃത്വത്തിൽ 'ഒരു പഞ്ചായത്ത് ഒരു കളിക്കളം' എന്ന പദ്ധതി വിജയകരമായി പൂർത്തീകരിക്കുന്നതിന്റെ ഭാഗമായുള്ള ഇടപെടൽ നടന്നുവരികയാണ്. എന്റെ നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതി ഉപയോഗിച്ച് 10 കോടി രൂപ ചെലവഴിച്ചാണ് ഒരു വോളിബോൾ കോർട്ട് നിർമ്മിച്ചിട്ടുള്ളത്. ബാലുശ്ശേരി മണ്ഡലത്തിലെ ഏറ്റവും ശ്രദ്ധേയമായ കായിക വിനോദമാണ് വോളിബോൾ. ആ വോളിബോൾ കളിയിലൂടെ ലോകം അറിയപ്പെട്ടിട്ടുള്ള നിരവധി കായികതാരങ്ങൾക്ക് ജന്മം നൽകിയ നാടാണ് ബാലുശ്ശേരി. അവിടെ ഏറ്റവും മികച്ച നിലയിലേക്കുള്ള വോളിബോൾ കോർട്ടും മേപ്പിൾവുഡ് സംവിധാനങ്ങളും ഒരുക്കികൊണ്ട് കായിക മേഖലയെ പരിപോഷിപ്പിക്കാൻ കഴിയുന്ന വിധത്തിലുള്ള ഏറ്റവും ശ്രദ്ധേയമായ പ്രവർത്തനങ്ങൾ ഈ ഗവൺമെന്റിന്റെ ഭാഗമായുണ്ടാകുന്നു. ഈ വികസനമുന്നേറ്റത്തെ മറച്ച് പിടിക്കുന്നതിനുവേണ്ടിയാണ് യു.ഡി.എഫ്. ബോധപൂർവമായ പ്രചാരവേലകൾക്ക് നേതൃത്വം നൽകിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ടാണ് അപ്രസക്തമായ കാര്യങ്ങൾപോലും നിയമസഭയിൽ

ഉന്നയിച്ച് കാരണമില്ലാതൊരു കാരണമുണ്ടാക്കി ഏതെങ്കിലും വിധത്തിൽ നിയമസഭാ നടപടികളെപ്പോലും അലങ്കോലപ്പെടുത്തികൊണ്ട് മാധ്യമ ശ്രദ്ധയിലൂടെ ജനങ്ങളുടെ മുന്നിൽ അവതരിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്ന വികസനം എന്ന അജണ്ടയെ വഴിമാറ്റി ഒരു പ്രാധാന്യവുമില്ലാത്ത വിധത്തിലേക്ക് കേവലം രാഷ്ട്രീയ അധികാരം എങ്ങനെയെങ്കിലും നേടുകയെന്നുള്ള ലക്ഷ്യത്തോടുകൂടി യു.ഡി.എഫ്. പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. യു.ഡി.എഫ്. സ്വീകരിക്കുന്ന അപകടകരമായ വഴിയാണ്. അത് വർഗീയതയെകൂട്ടുപിടിക്കുന്നതും മതതീവ്രവാദത്തെ പ്രോത്സാഹിപ്പിക്കുന്നതുമായ വഴിയാണ്. കേരളത്തിൽ അധികാരം ലഭിക്കുന്നതിനുവേണ്ടി ഏത് തെറ്റായ മാർഗവും സ്വീകരിക്കുന്ന നിലപാടാണ് യു.ഡി.എഫ്. ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അത് കേരളത്തിലെ ജനങ്ങൾ തിരിച്ചറിയുകതന്നെ ചെയ്യും. കേരളത്തിന്റെ വികസനമുന്നേറ്റം ജനങ്ങൾ ആഗ്രഹിക്കുന്ന വിധത്തിലേക്ക് മുന്നോട്ടുപോകുമ്പോൾ തീർച്ചയായും ഇടതുപക്ഷജനാധിപത്യ മുന്നണിയോടൊപ്പം അണിനിരക്കുന്ന ജനസാമാന്യം കേരളത്തിൽ ഇനിയും ഏറ്റവും ശ്രദ്ധേയമായ നിലയിൽ വളർന്നുവരുന്നുവെന്നുള്ള അനുഭവങ്ങളാണ് കാണാൻ കഴിയുന്നത്.

ഇടതുപക്ഷജനാധിപത്യ മുന്നണിയുടെ നേതൃത്വത്തിൽ വീണ്ടുമൊരു ഗവൺമെന്റ് കേരളത്തിൽ അധികാരത്തിൽ വരുമെന്നുള്ള കാര്യത്തിൽ ഒരുസംശയവുമില്ലെന്ന് സൂചിപ്പിച്ചുകൊണ്ട് നന്ദി പ്രമേയത്തെ ഒരിക്കൽകൂടി പിന്തുണച്ച് എന്റെ വാക്കുകൾ ഉപസംഹരിക്കുകയാണ്.

ശ്രീ. എൻ. കെ. അക്ബർ: സർ, നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ ഞാൻ പിന്തുണക്കുകയാണ്. ലോക മുതലാളിത്തത്തിന്റെ പുത്തൻ നയത്തിന് ബദൽ ഉണ്ടോയെന്ന വെല്ലുവിളിക്കും സർവൈവൽ ഓഫ് ദ ഫിറ്റസ്റ്റ് എന്ന ആക്രോശത്തിന് മറുപടിയുമാണ് ഈ കൊച്ചു കേരളം. ഞങ്ങളിതാ ബദൽ ഉയർത്തുന്നു. മെച്ചപ്പെട്ട പൊതുവിദ്യാലയം, പൊതുജനാരോഗ്യം, ലാഭകരമായ പൊതുമേഖല, പൊതുഗതാഗതം, സാമൂഹ്യക്ഷേമ പെൻഷൻ, അതിദരിദ്രരില്ലാത്ത നാട് എന്നിങ്ങനെ വിസ്താരമായ പട്ടികയാണ്. ഇതിനെ ഒരു കൂട്ടർ ഭയക്കുന്നു. അവർ മുതലാളിത്ത ശക്തികളും സമ്പന്നവർഗക്കാരുമാണ്. അവർ ഈ നയം നടപ്പിലാക്കുന്നതിനെ തകർക്കണമെന്നാണ് ലക്ഷ്യം വയ്ക്കുന്നത്. പക്ഷേ അത് പരസ്യമായി അവർക്ക് പറയാൻ കഴിയില്ല. അതിന് ഇപ്പോൾ മത തീവ്രവാദ വർഗീയ പ്രസ്ഥാനങ്ങളെ കൂട്ടുപിടിക്കുകയാണ് ചെയ്യുന്നത്. അതിനുവേണ്ടി

എൽ.ഡി.എഫ്.-നെ ശിഥിലീകരിക്കാനും അതിന് നേതൃത്വം നൽകുന്ന ബഹു. മുഖ്യമന്ത്രിയെ അപകീർത്തിപ്പെടുത്താനും വേണ്ടിയുള്ള ശക്തമായ പ്രചാരവേലയുടെ സമീപകാല സംഭവങ്ങൾ ഇപ്പോൾ കാണാൻ കഴിയും. സമീപകാലത്തായി കേരളത്തിലെ ഇടതുപക്ഷ പ്രസ്ഥാനത്തിലേക്ക് വൻതോതിൽ എല്ലാ ജനവിഭാഗങ്ങളും കടന്നുവരുന്നതുപോലെ ന്യൂനപക്ഷ ജനവിഭാഗങ്ങളും ഇടതുപക്ഷ രാഷ്ട്രീയത്തെ വാരിപുണരുന്നു. ഇതിൽ ഭയപ്പെടുന്ന ആളുകൾ ഇടതുപക്ഷ മൂവ്മെന്റിൽനിന്ന് ന്യൂനപക്ഷ ജനവിഭാഗങ്ങളെ അകറ്റുന്നതിനുവേണ്ടിയുള്ള ശക്തമായ പ്രചാരവേല സംഘടിപ്പിച്ചിരിക്കുകയാണ്. അതിനുവേണ്ടി കേരളത്തിലെ മുഖ്യമന്ത്രിയെ മുസ്ലീംവിരുദ്ധനായി ചിത്രീകരിക്കാൻ ശ്രമിക്കുകയാണ്. പൗരത്വ ഭേദഗതിക്കെതിരായി ഇന്ത്യയിൽ പ്രമേയം പാസാക്കിയ ഒരു സഭയുണ്ടെങ്കിൽ അത് സഖാവ് പിണറായി വിജയൻ നേതൃത്വം നൽകുന്ന ഈ നിയമസഭയാണ്. എസ്.ഐ.ആർ. അതിന്റെ ഭാഗമായ തടങ്കൽ പാളയം ഈ കേരളത്തിൽ  സ്ഥാപിക്കില്ലെന്ന് പ്രഖ്യാപിച്ച ഒരു മുഖ്യമന്ത്രിയുണ്ടെങ്കിൽ അദ്ദേഹത്തിന്റെ പേര് പിണറായി വിജയനെന്നാണ്. കർണാടകയിലെ കോൺഗ്രസ് നേതാവായ സിദ്ധരാമയ്യ സർക്കാർ പാവപ്പെട്ട ന്യൂനപക്ഷ

ജനവിഭാഗങ്ങൾ തിങ്ങി താമസിക്കുന്ന ഫക്കീർ കോളനിയിൽ നിന്ന് ജനങ്ങളെ കൂട്ടത്തോടെ ജെ.സി.ബി. ഉപയോഗിച്ച് ആട്ടിപ്പായിച്ചു. ഫക്കീർ കോളനിയിൽ പുലർച്ചെ ബാങ്കുവിളിക്ക് പകരം ഉയർന്നുകേട്ടത് ന്യൂനപക്ഷങ്ങളുടെ നിലവിളിയായിരുന്നു. പക്ഷേ ആ നിലവിളി കേൾക്കാൻ കേരളത്തിലെ ഐക്യജനാധിപത്യ മുന്നണിക്കോ മുസ്ലീംലീഗ് നേതൃത്വത്തിനോ കണ്ണുണ്ടായില്ല; കാതുണ്ടായില്ല. കേരളത്തിലെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ സിദ്ധരാമയ്യയുടെ നിലപാടിനെതിരായി കത്തയച്ചപ്പോൾ മാർക്സിസ്റ്റ് പാർട്ടി കള്ളപ്രചരണം സംഘടിപ്പിക്കുന്നുവെന്നാണ് പറഞ്ഞത്. പക്ഷേ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വർത്തമാനത്തിന് പ്രതികരണമുണ്ടായി. ശ്രീ. ഡി. കെ. ശിവകുമാർ ഉൾപ്പെടെയുള്ള ആളുകൾ പേരിനെങ്കിലും അവരെ ആശ്വസിപ്പിക്കും, നടപടി സ്വീകരിക്കുമെന്നൊക്കെ പറഞ്ഞു; ഒന്നും നടന്നില്ലെങ്കിലും. അവിടെ JCB ഉപയോഗിച്ച് ന്യൂനപക്ഷങ്ങളെ പലായനം ചെയ്യിച്ച കോൺഗ്രസിനെതിരെ പ്രതികരണമില്ല. ഇവിടെ കാറിൽ കയറ്റിയെന്ന് പറഞ്ഞ് മുഖ്യമന്ത്രിയെ ന്യൂനപക്ഷ വിരുദ്ധനായി ചിത്രീകരിക്കാൻ ശ്രമിക്കുന്നു. ഇതിന്റെ പിന്നിലെ അജണ്ടയെന്താണ്?

കേരളത്തിലെ ഇടതുപക്ഷത്തെ ശിഥിലീകരിക്കേണ്ടത് ആരുടെ താൽപര്യമാണെന്ന് നമുക്കറിയാം. അതിന്റെ പിന്നിലൊരു ആസൂത്രിതമായ അജണ്ടയുണ്ട്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ സംഘപരിവാറിനെ സഹായിക്കുന്ന ഹൈദ്രാബാദിലെ 'ഒവൈസി' പ്രസ്ഥാനമുണ്ട്. ആ 'ഒവൈസി' പ്രസ്ഥാനത്തിന്റെ കേരള പതിപ്പുകൾ ഉണ്ടായിരിക്കുകയാണ്. 'ഒവൈസി' പ്രസ്ഥാനത്തിന്റെ കേരള പതിപ്പുകളായ വെൽഫെയർ പാർട്ടിയും SDPI -യുമെല്ലാം കേരളത്തിലെ സംഘപരിവാറിന്റെ സേഫ്റ്റിവാൽവുകളായി മാറുന്നു. ഇടതുപക്ഷത്തിൽ നിന്ന് ന്യൂനപക്ഷത്തെ അകറ്റിമാറ്റുന്നതുകൊണ്ട് സംഘപരിവാറിന് എന്തുഗുണം? ആ സംഘപരിവാറിന്റെ ഗുണം അറിയണമെങ്കിൽ വർഷങ്ങൾക്കുമുമ്പ് ബി.ജെ.പി.-യുടെ മുൻ അധ്യക്ഷൻ ശ്രീ. കെ. സുരേന്ദ്രൻ പറഞ്ഞ ഒരു വാർത്ത നാം മനസ്സിലാക്കണം. 35 സീറ്റ് ലഭിച്ചാൽ ഞങ്ങൾ കേരളം ഭരിക്കുമെന്ന് അദ്ദേഹം അന്ന് പറഞ്ഞു. നാല് സീറ്റ് ലഭിച്ചപ്പോൾ മറ്റത്തൂർ പഞ്ചായത്ത് ബി.ജെ.പി. ഭരിച്ചത് നാം കണ്ടു. കോൺഗ്രസിന്റെ പഞ്ചായത്ത് മെമ്പർമാരെ ഹോൾസെയിലായി എടുക്കാൻ അവർക്ക് കഴിയും. അതുകൊണ്ട് കേരളത്തിലെ ഇടതുപക്ഷത്തെ മാത്രമാണ് സംഘപരിവാറിന് സ്വാധീനിക്കാൻ കഴിയാത്തത്. ഇടതുപക്ഷത്തെ

ശിഥിലീകരിച്ചും ക്ഷീണിപ്പിച്ചും യു.ഡി.എഫ്.-നെ ശക്തിപ്പെടുത്തുകയും തുടർന്ന് വിഴുങ്ങുകയും ചെയ്യുന്ന ആസൂത്രിതമായ അജണ്ടയുടെ ഒരു ശ്രമം കേരളത്തിൽ ആരംഭിച്ചിട്ടുണ്ടെന്ന കാര്യം നാം മനസ്സിലാക്കാതെ പോകരുത്. ഇടതുപക്ഷത്തെ ശിഥിലീകരിച്ചതുകൊണ്ട് മറ്റാരെങ്കിലും ശക്തിപ്പെട്ടിട്ടുണ്ടോ? പശ്ചിമബംഗാളിൽ ഇടതുപക്ഷം ദുർബലമായപ്പോൾ അവിടെ ശക്തിപ്പെട്ടത് സംഘപരിവാറാണ്. അവിടെ അതിന് നേതൃത്വം നൽകിയതും ഇന്ന് കേരളത്തിൽ നേതൃത്വം നൽകുന്നതും ഈ വെൽഫെയർ പാർട്ടിയുടെ ആത്മീയനേതൃത്വം തന്നെയാണ്. ആർ.എസ്.എസ്.-മായി പരസ്യമായ ചർച്ചയ്ക്ക് ഡൽഹിയിൽ നേതൃത്വം നൽകിയെന്ന കാര്യവും നാം മനസ്സിലാക്കേണ്ടതുണ്ട്. ഈ അപകടകരമായ പ്രവണതകൾക്കെതിരായി രാജ്യത്തെ ന്യൂനപക്ഷ ജനവിഭാഗങ്ങളെ അകറ്റിയും ഇടതുപക്ഷത്തെ ദുർബലപ്പെടുത്തിയും സംഘപരിവാറിനെ ആനയിക്കാനുള്ള വലതുപക്ഷ രാഷ്ട്രീയത്തിനെതിരെ ജാഗ്രത പ്രബുദ്ധതമായ കേരളം കാണിക്കേണ്ടതുണ്ട്.

കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ സമാനതകളില്ലാത്ത വികസനപ്രവർത്തനങ്ങളെ സംബന്ധിച്ച് പലരും സൂചിപ്പിക്കുകയുണ്ടായി. ഗുരുവായൂർ മണ്ഡലത്തിലും ഈ ഗവൺമെന്റ്

നടപ്പാക്കിയ പ്രാധാന്യമേറിയ നേട്ടങ്ങളുണ്ട്. 50 വർഷത്തിലേറെയായി പൂർത്തീകരിക്കാൻ കഴിയാതിരുന്ന ഗുരുവായൂർ അഴുക്കുചാൽ പദ്ധതി പൂർത്തീകരിക്കപ്പെട്ടത് രണ്ടാം പിണറായി ഗവൺമെന്റിന്റെ കാലത്താണ്. ദീർഘ മണിക്കൂറുകൾ ഗതാഗത സ്തംഭനത്തിന് ഇടവരുന്ന റെയിൽവേ ക്രോസായിരുന്നു ഗുരുവായൂരിൽ നിലനിന്നിരുന്നത്. ഗുരുവായൂരിലെ റെയിൽവേ മേൽപ്പാലം പൂർത്തീകരിക്കപ്പെട്ടത് ഈ ഗവൺമെന്റിന്റെ കാലത്താണ്. 1921-ന് ശേഷം കോടതിക്ക് സ്വന്തമായൊരു കെട്ടിടസമുച്ചയം പൂർത്തീകരിക്കപ്പെടുന്നതും ഈ ഗവൺമെന്റിന്റെ കാലത്താണ്.

ഒരു വർഷത്തിനിടയിൽ കേരളത്തിന്റെ ജനസംഖ്യയ്ക്ക് തുല്യമായ തീർഥാടകരെത്തുന്ന ഗുരുവായൂരിൽ ജനങ്ങളുടെ താമസ സൗകര്യത്തിനുവേണ്ടി കോടിക്കണക്കിന് രൂപ ചെലവഴിച്ച് നിർമ്മിച്ച പൊതുമരാമത്ത് വകുപ്പിന്റെ ഗസ്റ്റ് ഹൗസ് അടുത്ത ദിവസങ്ങളിൽ തുറന്നുകൊടുക്കുകയാണ്. ഏകദേശം പത്തൊൻപത് കോടി മൂപ്പത്തിയൊമ്പത് ലക്ഷം രൂപയുടെ നിർമ്മാണപ്രവർത്തനങ്ങൾ ഇപ്പോൾ പൂർത്തീകരിച്ചത്. കൂടാതെ പൂർത്തീകരിക്കപ്പെടാനായി അതിന്റെ അന്തിമഘട്ടത്തിലേയ്ക്ക് പോകുന്ന പതിനെട്ടുകോടി മൂപ്പത്തിനായിരം

രൂപയുടെ നിർമ്മാണപ്രവർത്തനങ്ങൾ മറ്റൊരു രീതിയിൽ നിലനിൽക്കുകയാണ്. തീരദേശ ഹൈവേയുടെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ ആദ്യഘട്ടം ആരംഭിച്ചുകഴിഞ്ഞു. എൻ.എച്ച്. 66-ന്റെ ഏറ്റവും നല്ല ഗുണഭോക്താക്കളായി മാറിയത് ഗുരുവായൂർ നിയോജകമണ്ഡലത്തിലെ തീരദേശ നിവാസികളാണ്. കിഫ്ബി ഫണ്ട് പ്രയോജനപ്പെടുത്തി ഒട്ടേറെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും പുന്നയൂർക്കുളം സബ് രജിസ്ട്രാർ ഓഫീസിന്റെയും നിർമ്മാണം പൂർത്തീകരിക്കാനും നിരവധി വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റാനും കഴിഞ്ഞു. വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന സർക്കാർ വിദ്യാലയങ്ങളെല്ലാം സ്വന്തം സ്ഥലത്ത് നിർമ്മാണം പൂർത്തീകരിക്കാനുള്ള അന്തിമഘട്ടത്തിലേയ്ക്ക് എത്തിയെന്നത് അഭിമാനകരമായ കാര്യമാണ്. ചാവക്കാട് താലൂക്ക് ആശുപത്രിയുടെ കാഷ്വാലിറ്റി ബ്ലോക്കിന്റെ നിർമ്മാണം 10.50 കോടി രൂപ ഉപയോഗപ്പെടുത്തി പൂർത്തീകരിക്കാൻ പോകുന്നത്. ബി.എം.ബി.സി. ചെയ്ത 90% റോഡുകളുടെയും നിർമ്മാണം പൂർത്തീകരിക്കപ്പെടുന്നുവെന്നതും പ്രത്യേകതയാണ്. ഇങ്ങനെ നമ്മുടെ നാടിന്റെയും പ്രദേശങ്ങളുടെയും

സമഗ്രമായ വികസനം മുൻനിർത്തി മുന്നോട്ടുപോകുന്ന ഈ സർക്കാരിനെതിരെ അപവാദം പറഞ്ഞ് തോൽപ്പിക്കാനുള്ള പരിശ്രമത്തിലാണ് കേരളത്തിലെ പ്രതിപക്ഷം ഏർപ്പെട്ടിരിക്കുന്നതുകൊണ്ട് അതിനെതിരായ ശക്തമായ പ്രചരണം ഈ രാജ്യത്ത് സംഘടിപ്പിക്കപ്പെടുമെന്ന് പറഞ്ഞുകൊണ്ടും ഈ ഉപക്ഷേപത്തെ പിന്തുണച്ചുകൊണ്ടും ഞാനെന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീമതി ശാന്തകുമാരി കെ.: സർ, പതിനഞ്ചാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിൽ നവകേരളം 3.0 വികസന പദ്ധതികൾ പ്രഖ്യാപിച്ചുകൊണ്ട് ബഹുമാനപ്പെട്ട ഗവർണർ അവതരിപ്പിച്ച നയപ്രഖ്യാപനത്തിന് ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ ഞാൻ പിന്തുണയ്ക്കുന്നു.

കേരളം എങ്ങനെ ആയിരിക്കണമെന്നും ലോകത്തിന് മാതൃകയാകേണ്ടതെങ്ങനെയാണെന്നുമാണ് കഴിഞ്ഞ പത്ത് വർഷമായി ഇടതുപക്ഷ ജനാധിപത്യ സർക്കാർ കേരളത്തിൽ നടപ്പാക്കിയത്. 25 വർഷത്തെ മുന്നിൽ കണ്ടുകൊണ്ടുള്ള വികസനം വർത്തമാനകാലത്തിൽ നാം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞദിവസം കെ.പി.സി.സി.-യുടെ

മുൻ പ്രസിഡന്റ് ശ്രീ. കെ. സുധാകരൻ എൽ.ഡി.എഫ്. ഭരണകാലത്ത് നടപ്പാക്കിയ വികസനപ്രവർത്തനങ്ങളിലൂടെ എന്ത് നേട്ടമുണ്ടാക്കിയെന്നും ഞങ്ങൾ വെല്ലുവിളിക്കുന്നുവെന്നും പത്രങ്ങളിലൂടെ വായിക്കാനിടയായി.

നമുക്ക് വെല്ലുവിളിക്കാം; ഞങ്ങളും അതിന് തയ്യാറാണ്. യു.ഡി.എഫ്.-ന്റെ ഭരണകാലമല്ല, കഴിഞ്ഞ 10 വർഷം കൊണ്ട് കേരളത്തെ മാറ്റിമറിച്ച ബദൽ നയമാണ് നടപ്പിലാക്കിയതെന്ന് നമ്മുടെ അനുഭവങ്ങളിലൂടെ തിരിച്ചറിയുകയാണ്. പവർക്കട്ടും ലോഡ് ഷെഡ്ഡിങ്ങുമില്ലാത്ത കേരളം, വർഗീയ കലാപങ്ങളില്ലാത്ത കേരളം, 62 ലക്ഷം പേർക്ക് 2,000 രൂപ വീതം പെൻഷൻ നൽകുന്ന കേരളം. ഓഖി, നിപ, പ്രളയം, കോവിഡ് തുടങ്ങിയ ദുരന്തമുഖത്ത് കൈത്താങ്ങായി ഉയർന്നുനിന്ന കേരളം. പാഠപുസ്തകം കൃത്യമായി നൽകുന്ന കേരളം, സ്കൂളുകൾ അടച്ചുപൂട്ടലില്ലാത്ത കേരളം. GAIL പദ്ധതി ഉപേക്ഷിക്കപ്പെട്ടുവെങ്കിലും ആയത് ധൈര്യപൂർവം ഏറ്റെടുത്ത് നടപ്പാക്കി. നാഷണൽ ഹൈവേ 35 മീറ്റർ വേണം എന്നാൽ വേണ്ട എന്നു പറഞ്ഞു; അതു ഒഴിവാക്കി. പക്ഷേ  ഇന്ന് നാഷണൽ ഹൈവേ 450 കി.മീ. ദൂരം ഏകദേശം 90% പൂർത്തീകരിച്ചിരിക്കുകയാണ്. തീരദേശ ഹൈവേ, മലയോര ഹൈവേ തുടങ്ങി റോഡ് കണക്ടിവിറ്റിയുമായി ബന്ധപ്പെട്ട്

വിദേശരാജ്യങ്ങളെ വെല്ലുവിളിക്കാൻ കഴിയുന്ന സംവിധാനം കേരളത്തിൽ യാഥാർഥ്യമാക്കി. 5.50 ലക്ഷം വീടുകൾ ലൈഫ് മിഷൻ പദ്ധതിയിലൂടെ പൂർത്തീകരിച്ചു. 4 ലക്ഷം പേർക്ക് പട്ടയം നൽകുകയും പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടാതെയും ലാഭകരമായി മുന്നോട്ടുപോകുകയാണ്. വ്യവസായ പാർക്കുകൾ അടച്ചുപൂട്ടാത്ത കേരളം, ഐ.ടി. പാർക്കുകളിൽ കൂടുതൽ സൗകര്യമുണ്ടാക്കിയ കേരളം; ഇങ്ങനെ വിഴിഞ്ഞം തുറമുഖമായാലും വാട്ടർ മെട്രോ, കൊച്ചി മെട്രോ തുടങ്ങി വിവിധങ്ങളായ അടിസ്ഥാന സൗകര്യങ്ങളാൽ വികസിതമായി കേരളം മുന്നോട്ടുനീങ്ങിക്കൊണ്ടിരിക്കുകയാണ്. കേരളത്തിലെ ഏറ്റവും അടിസ്ഥാനപരമായ പട്ടിക ജാതി-പട്ടിക വർഗ മേഖലയ്ക്ക് കഴിഞ്ഞ പത്തുവർഷം പരിഗണനയുടെ വർഷമായിരുന്നു. കേരളത്തിന്റെ ജനസംഖ്യയിൽ 9.48 ശതമാനം പട്ടികജാതിക്കാരും 1.74 ശതമാനം പട്ടികവർഗ വിഭാഗങ്ങളുമാണ്. ഈ മേഖലയുമായി ബന്ധപ്പെട്ട് 4733 കോടി രൂപ സർക്കാർ ചെലവഴിച്ചുകഴിഞ്ഞു. പുതിയ തലമുറയുടെ ഭാവി കണ്ടുകൊണ്ടാണ് കേരളം മുന്നോട്ടുപോകുന്നത്. പട്ടികജാതി മേഖലയിൽ 'വിങ്സ്' (Wings) എന്ന പദ്ധതിയിലൂടെ ആറ് പൈലറ്റുമാരെ സൃഷ്ടിച്ചു. കേരളം റോയൽ ജോബുകളിൽ

പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളിലെ കുട്ടികളെ ഉയർത്തിക്കൊണ്ടുവരികയാണ്. ട്രെയിനിങ് ഫോർ കരിയർ എക്സലൻസ് (TRACE)-മായി ബന്ധപ്പെട്ട പദ്ധതികളിലൂടെ നിരവധി തൊഴിൽ പരിശീലനങ്ങൾ നടപ്പിലാക്കിക്കൊണ്ട് കേരളം ഒരു ബദൽ നയമാണ് ഉയർത്തിപ്പിടിക്കുന്നത്. കേരളത്തിന്റെ പട്ടികജാതി-പട്ടികവർഗ മേഖലയിൽ 180 എയർ ഹോസ്റ്റസുമാരെ സൃഷ്ടിച്ചിട്ടുണ്ട്. ബി.എസ്.സി. നേഴ്സിങ് കഴിഞ്ഞശേഷം നിരവധി കുട്ടികൾ വിദേശത്ത് ജോലി ചെയ്തുകൊണ്ടിരിക്കുകയാണ്. ഒഡെപെക് സംവിധാനത്തിലൂടെ വിദേശരാജ്യങ്ങളിൽ ജോലി യാഥാർഥ്യമാക്കുന്ന ഗവൺമെന്റാണിത്. നാൽപ്പതിനായിരത്തിലധികം പഠന മുറികൾ ഗവൺമെന്റ് യാഥാർഥ്യമാക്കി. 1653 ഏക്കർ ഭൂമി 33058 പട്ടികജാതി കുടുംബങ്ങൾക്കും 8573 ഏക്കർ ഭൂമി 8610 ആദിവാസി കുടുംബങ്ങൾക്കും വീടുവയ്ക്കാനും വിതരണം ചെയ്ത സർക്കാരാണിത്. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയും അഞ്ച് ലക്ഷം വീടുകൾ പൂർത്തീകരിച്ചത് ഇന്ന് പ്രഖ്യാപിച്ചതാണ്. 116610 വീടുകൾ പട്ടികജാതി മേഖലയിലും 43624 വീടുകൾ പട്ടികവർഗ മേഖലകളിലും ഇതിനോടകം

പൂർത്തീകരിച്ചിട്ടുണ്ട്. നാൽപ്പത്തിരണ്ടിലധികം പ്രീ-മെട്രിക്ക് ഹോസ്റ്റലുകൾ കേരളത്തിൽ പ്രവർത്തിച്ചുവരികയാണ്. പ്രീ-എക്സാമിനേഷൻ ട്രെയിനിങ് സെന്ററുകളിലൂടെ പട്ടികജാതി-പട്ടികവർഗ മേഖലയിലെ കുട്ടികൾക്ക് പി.എസ്.സി. പരിശീലനം ഉൾപ്പെടെ നല്ലരീതിയിലുള്ള പരിശീലനം സംവിധാനങ്ങൾ ഒരുക്കുകയാണ്. കേരളത്തിൽ നിന്നാണ് ഇന്ത്യയ്ക്ക് പുറത്തുള്ള അന്താരാഷ്ട്ര പ്രശസ്തിയുള്ള അഞ്ഞൂറിലധികം യൂണിവേഴ്സിറ്റികളിൽ ആയിരത്തി അഞ്ചൂറിലധികം കുട്ടികൾ പഠനം നടത്തുന്നത്. ഇന്ത്യയിലെ മറ്റ് ഒരു സംസ്ഥാനങ്ങളിലും ഇത്തരത്തിൽ വിദ്യാർഥികൾ പഠനം നടത്തുന്നില്ലെന്ന് അഭിമാനത്തോടെ പറയാൻ സാധിക്കുന്നതാണ്. പൊലീസ് സംവിധാനത്തിൽ കേരളം വളരെ കണിശമായ നിലപാടുകളാണ് സ്വീകരിക്കുന്നത്. വർഗീയ ലഹളകളില്ലാത്ത കേരളം ക്രമസമാധാനത്തിന്റെ കാര്യത്തിൽ ഒന്നാം സ്ഥാനത്താണ്. ഇന്നത്തെ നന്ദിപ്രമേയ ചർച്ചയിൽ കോൺഗ്രസ് പങ്കെടുക്കിന്നില്ലെങ്കിലും നമുക്ക് അറിയാവുന്നൊരു യാഥാർഥ്യമുണ്ട്. ഞങ്ങളോടൊപ്പം സഭയിൽ ഇരിക്കേണ്ട കോൺഗ്രസിന്റെ പാലക്കാട് നിന്നുള്ള എം.എൽ.എ. ഇപ്പോൾ എവിടെയാണ്; പാലക്കാട് നിയോജകമണ്ഡലത്തിൽ നിന്നാണ് ഞാൻ വരുന്നതുകൊണ്ട് എനിക്ക്

ഇക്കാര്യം പറയാതിരിക്കാൻ സാധിക്കില്ല. പാലക്കാട് നിന്നുള്ള എം.എൽ.എ. ഇപ്പോൾ ജയിൽ അഴികൾ എണ്ണിക്കൊണ്ടിരിക്കുന്നത് പൊലീസിന്റെയും അന്വേഷണത്തിന്റെയും ഭാഗമായി ഒരു കുറ്റവാളിയും രക്ഷപ്പെടില്ല എന്നതിന് ഉദാഹരണമാണ്. ഇതാണ് കേരളത്തിന്റെ ക്രമസമാധാനം നിയന്ത്രിക്കുന്ന പിണറായി പൊലീസ് സംവിധാനമെന്നാണ് കാണാൻ കഴിയുന്നത്. ഇതാണ് വർഗീയ കലാപം ഇല്ലാത്ത കേരളം എന്ന് സൂചിപ്പിക്കുന്നത്. പ്രതിപക്ഷം ഈ സഭയിൽ ചർച്ച ചെയ്യാൻ മടിക്കുന്ന കാര്യങ്ങൾ എന്താണ്; സ്വർണ്ണ കൊള്ളയുമായി ബന്ധപ്പെട്ട് കാര്യങ്ങൾ ചർച്ച ചെയ്യാതെ പ്രതിപക്ഷം ഭയന്ന് ഓടിയില്ലേ; കഴിഞ്ഞ രണ്ട് ദിവസമായി പ്രതിപക്ഷം ഈ സഭയെ സ്തംഭിപ്പിച്ചുകൊണ്ടിരിക്കുകയാണ്. സ്വർണ്ണകൊള്ളയുമായി ബന്ധപ്പെട്ട കേസ് കോൺഗ്രസിന്റെ തലയ്ക്ക് വീഴാൻ പോകുകയാണ്. ഇതുമായി ബന്ധപ്പെട്ട് കൃത്യമായ അന്വേഷണമാണ് നടക്കുന്നത്. ബഹുമാനപ്പെട്ട ഹൈക്കോടതി നിർദേശപ്രകാരം ഗവൺമെന്റ് എസ്.ഐ.ടി. രൂപീകരിച്ച് കുറ്റവാളികൾ ആരാണെങ്കിലും കണ്ടുപിടിച്ച് ശിക്ഷിക്കപ്പെടണമെന്ന നിലപാടാണ് സ്വീകരിച്ചുവരുന്നത്. ഇപ്പോൾ പാട്ടും പാരഡിയും ചർച്ചയും ഒന്നും കോൺഗ്രസിന് വേണ്ട. അവർക്ക് രാജി മാത്രം

മതി. കോൺഗ്രസിലെ നേതാക്കന്മാരെല്ലാം കുടുങ്ങിക്കൊണ്ടിരിക്കുകയാണ്. കേരളത്തിലെ ആഭ്യന്തരവകുപ്പും ക്രമസമാധാനവും പൊലീസ് സംവിധാനവും ഇന്ത്യയ്ക്കുതന്നെ മാതൃകയായി മുന്നോട്ടുപോകുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ആയതുകൊണ്ടാണ് ഇത്തരത്തിൽ പൊലീസ് സംവിധാനം കേരളത്തിൽ കൃത്യമായി നടപ്പിലാക്കാൻ സാധിക്കുന്നത്. സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട് അഭിമാനകരമായ നേട്ടങ്ങളാണ് കേരളത്തിൽ കൈവരിക്കാൻ സാധിച്ചിട്ടുള്ളത്. 2017-നുശേഷം ഇന്ത്യയിൽ ആദ്യമായിട്ടാണ് കേരളത്തിൽ ജെൻഡർ ബജറ്റ് എന്ന ആശയം ഉയർത്തികൊണ്ടുവന്നത്. ഭരണഘടനാപരമായ സമതുല്യമായ അവസര സമത്വം നൽകുകയെന്നതാണ് ഇതിന്റെ ലക്ഷ്യം. കേരളത്തിലെ ജനസംഖ്യയിൽ സ്ത്രീകൾ കൂടുതലാണ്. അവരുടെ അവസരങ്ങളും മറ്റ് സംവിധാനങ്ങളും പരിഗണിക്കുന്ന കാര്യങ്ങളിലെല്ലാം പലപ്പോഴും പുറകോട്ടുപോകുന്ന സാഹചര്യം മുൻകാലഘട്ടങ്ങളിൽ ഉണ്ടായിരുന്നു. എന്നാൽ പത്തുവർഷമായി ഇടതുപക്ഷ ജനാധിപത്യ മുന്നണി കേരളം ഭരിക്കുമ്പോൾ പരാതി നൽകിയ ഒരു സഹോദരിമാർക്കും കണ്ണീർ

ഒഴുക്കേണ്ടതായി വന്നിട്ടില്ല. അങ്ങനെ ഒഴുക്കേണ്ടതായി വന്ന കണ്ണീരിന് വിലയുണ്ടായിട്ടുണ്ട്. ആ വിലയാണ് ഇപ്പോൾ ജയിലറയിൽ ഇരിക്കുന്നതെന്ന് അഭിമാനത്തോടെ പറയുകയാണ്. ഇതിന്റെ ഭാഗമായി ചേർത്തുവയ്ക്കാവുന്നതാണ് ലിംഗസമത്വം. ജെൻഡർ ബജറ്റിന്റെ ഭാഗമായ ഏറ്റവും മികച്ച സ്ത്രീശാക്തീകരണ പ്രസ്ഥാനമായ കുടുംബശ്രീയിലൂടെ അൻപത് ലക്ഷത്തിലധികം വരുന്ന സ്ത്രീകൾ ദാരിദ്ര നിർമ്മാർജ്ജന പ്രക്രിയയ്ക്ക് അപ്പുറത്ത് കലാ സാംസ്കാരിക മേഖലയിലും-സാമ്പത്തിക സ്വയാശ്രയത്തിലേയ്ക്കും നീങ്ങുന്ന ചരിത്രം സൃഷ്ടിക്കപ്പെട്ട ലിംഗസമത്വത്തിന്റെ പുതിയ സമവാക്യങ്ങൾ തീർത്ത കേരളമാണിത്. അതാണ് പിണറായി കാലമെന്ന് അഭിമാനത്തോടെ പറയുകയാണ്. ഇക്കാര്യങ്ങൾ സ്ത്രീകൾ അഭിമാനത്തോടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. 2011-ൽ രൂപീകരിച്ച പുതിയ നിയോജകമണ്ഡലമാണ് കോങ്ങാട്. കേരളത്തിലെ വികസനത്തിന്റെ ഒരു പരിച്ഛേദം അവിടെ കാണാൻ കഴിയും. പി.എച്ച്.എസ്.എസ്. പറളി മാനേജ്മെന്റ് സ്കൂളിലാണ് ഏഴര കോടി രൂപ ചെലവഴിച്ച് ആദ്യത്തെ സ്പോട്സ് കോംപ്ലക്സ് രൂപീകരിച്ചത്. പാലക്കാടിന്റെ കായിക പ്രതീക്ഷ, കേരളത്തിന്റെ കായിക പ്രതീക്ഷ ദേശീയ കായിക

ഭൂപടത്തിൽ അടയാളപ്പെടുത്തുന്നത് പി.എച്ച്.എസ്.എസ്. പറളി മാനേജ്മെ ന്റ് സ്കൂളിൽ നിന്നാണ്. ശ്രീ. മുഹമ്മദ് അഫ്സൽ പുളിക്കലകത്ത്-നെ പോലെ ഏഷ്യൻ ഗെയിംസുകളിൽ സ്ഥാനം നേടിയിട്ടുള്ള നിരവധി കായിക താരങ്ങൾ ഉയർന്നുവന്ന പി.എച്ച്.എസ്.എസ്. പറളി എയ്ഡഡ് സ്കൂൾ എന്ന വ്യത്യാസമില്ലാതെ ഏഴരക്കോടി രൂപ നൽകി. ജി.എച്ച്.എസ്.എസ്.മങ്കര സ്കൂളിന് മൂന്നുകോടി എഴുപത്തിയഞ്ച് ലക്ഷം രൂപയും ജി.വി.എച്ച്.എസ്സ്.എസ്സ്. പത്തിരിപ്പാല സ്കൂളിന് അഞ്ചുലക്ഷം രൂപയും ജി.എച്ച്. എസ്. എസ്. കാരാകുറിശ്ശി സ്കൂളിന് അഞ്ചുകോടി രൂപയും ജി.എച്ച്.എസ്.എസ്. കരിമ്പ സ്കൂളിന് മൂന്നുകോടി എഴുപത്തിയഞ്ച് ലക്ഷം രൂപയും ജി.എച്ച്.എസ്.എസ്. പൊറ്റശ്ശേരി സ്കൂളിന് മൂന്നുകോടി എഴുപത്തിയഞ്ച് ലക്ഷം രൂപയും തുടങ്ങി കിഫ്ബി ഫണ്ടിന്റെ വികസന പദ്ധതികൾ പറയാൻ സാധിക്കുന്നതാണ്. എന്റെ നിയോജക മണ്ഡലത്തിലെ പ്രധാനപ്പെട്ട കോളേജായ പത്തിരിപ്പാല ആട്സ് ആൻഡ് സയൻസ് കോളേജിന്റെ കാര്യമാണ് ഇന്ന് രാവിലെ സബ്മിഷനിലൂടെ ഉന്നയിച്ചത്. ഈ കോളേജിന്റെ പശ്ചാത്തല സൗകര്യങ്ങളുടെ വികസനത്തിനുവേണ്ടി പതിമൂന്നുകോടി അൻപത്തിയാറ് ലക്ഷത്തിന്റെ പദ്ധതികളുടെ അംഗീകാരം

ബഹുമാനപ്പെട്ട മന്ത്രി ഉറപ്പുനൽകിയിട്ടുണ്ട്. ഈ നാട് വികസിച്ചുകൊണ്ടിരിക്കുകയാണ്. സ്കൂളുകളുമായി ബന്ധപ്പെട്ട കാര്യങ്ങൾ മാത്രമെ ഞാൻ ഇവിടെ സൂചിപ്പിച്ചിട്ടുള്ളൂ. നിരവധി റോഡുകളും പൊതുവികസനങ്ങളും ഈ ഗവൺമെന്റ് യാഥാർത്ഥ്യമാക്കി. കായിക പ്രതീക്ഷ നൽകുന്ന കോങ്ങാട് നിയോജകമണ്ഡലത്തിലെ ജി.യു.പി.എസ്.കോങ്ങാടിന് ഒരു കളിക്കളം ആറ് കോടി രൂപ ചെലവഴിച്ച് നിർമ്മിക്കുകയുണ്ടായി. മൂന്നുകോടി എഴുപത്തിയഞ്ച് ലക്ഷം രൂപ ചെലവഴിച്ചുകൊണ്ട് കോങ്ങാടിന്റെ ഹൃദയഭാഗത്ത് തലയെടുപ്പോടുകൂടി ഉയർന്നുനിൽക്കുന്ന ഗവൺമെന്റ് യു.പി. സ്കൂൾ കെട്ടിടം ലിഫ്റ്റോടുകൂടി പൂർത്തീകരിച്ചു. കേരളത്തിന്റെ വികസന നേട്ടങ്ങളുടെ പരിച്ഛേദം ഓരോ മണ്ഡലങ്ങളിലും കാണാവുന്നതാണ്. ഈ ഗവൺമെന്റിന്റെ നേട്ടത്തെ തകർക്കാൻ ബോധപൂർവം പുകമറ സൃഷ്ടിക്കുന്ന കോൺഗ്രസിന്റെ ഈ പൊറാട്ടുനാടകം ജനങ്ങൾ തിരിച്ചറിയുമെന്ന് സൂചിപ്പിച്ചുകൊണ്ട് ഒരിക്കൽക്കൂടി നന്ദിപ്രമേയത്തെ പിന്തുണയ്ക്കുന്നു.

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, ബഹുമാനപ്പെട്ട ഗവർണ്ണർ അവതരിപ്പിച്ച നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട്

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. കാരണം ഈ ഗവൺമെന്റിന്റെ നയപരിപാടികളെയും ഭാവിപ്രവർത്തനങ്ങളെയും സംബന്ധിച്ച നിരവധി കാര്യങ്ങൾ ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ വ്യക്തമായി സൂചിപ്പിച്ചിട്ടുണ്ട്. ദാരിദ്ര്യ നിർമ്മാർജന പദ്ധതിയിലൂടെ 64,006 കുടുംബങ്ങളെ അതിദാരിദ്ര്യത്തിൽനിന്നും മോചിപ്പിച്ചുകൊണ്ട്, അതിദാരിദ്ര്യ നിർമ്മാർജന പദ്ധതിയിലൂടെ (EPEP) കേരളം അതിദാരിദ്ര്യം നിർമ്മാർജനം ചെയ്ത ആദ്യത്തെ സംസ്ഥാനമായി മാറിയെന്നത് വളരെയധികം പ്രാധാന്യമർഹിക്കുന്ന വസ്തുതയാണ്. സംസ്ഥാനം പൂർവസ്ഥിതിയിലേക്ക് പോകുന്നത് തടയുന്നതിനും ഒരു സംരക്ഷണ സുരക്ഷാ വലയം വ്യാപിപ്പിക്കുന്നതിനുമായി എന്റെ സർക്കാർ പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് എന്നതാണ് പ്രസംഗത്തിലെ പ്രധാനപ്പെട്ടൊരു പോയിന്റ്. ഒരു " സെമി ഹൈസ്പീഡ് റെയിൽ" പദ്ധതി മിഷൻ മോഡിൽ നടപ്പാക്കുന്നത് എന്റെ സർക്കാരിന്റെ സുപ്രധാന മുൻഗണനയാണ്. അന്തർ സംസ്ഥാന കണക്റ്റിവിറ്റി വർധിപ്പിക്കുന്നതിനുള്ള തലശ്ശേരി-മൈസൂർ, നിലമ്പൂർ-നഞ്ചൻകോട് എന്നീ പുതിയ റെയിൽവെ ലിങ്കുകളുടെ DPR

പരിഗണനയിലാണ്. യാത്രക്കാരുടെ സുരക്ഷാ താൽപര്യങ്ങൾ മുൻനിർത്തിക്കൊണ്ട് "ലെവൽക്രോസ് ഫ്രീ കേരള" എന്ന ദൗത്യവുമായി എന്റെ സർക്കാർ മുന്നേറുകയാണ്. ഇത്തരം നിരവധി കാര്യങ്ങളാണ് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ സൂചിപ്പിച്ചിരിക്കുന്നത്. താഴെത്തട്ടിൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് സംസ്ഥാന പ്ലാൻ ഫണ്ട്, MLA ഫണ്ട്, സി.എസ്.ആർ. വിഹിതം എന്നിവ സ്വരൂപിച്ച് എല്ലാ പഞ്ചായത്തിലും ഒരു കളിക്കളം നിർമ്മിക്കുന്നതിന് "ഒരു പഞ്ചായത്ത് ഒരു കളിക്കളം" എന്ന പദ്ധതി ലക്ഷ്യം വയ്ക്കുന്നു. ഇവിടെ പറഞ്ഞതിൽ നിരവധി കാര്യങ്ങൾ എന്റെ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയിട്ടുണ്ട്, ബാക്കി നടപ്പാക്കാനിരിക്കുകയും ചെയ്യുന്നുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ 6 പഞ്ചായത്തുകളാണുള്ളത്. അതിൽ 3 പഞ്ചായത്തുകളിലും 'ഒരു പഞ്ചായത്ത് ഒരു കളിക്കളം' എന്ന പദ്ധതിക്കായി ഒരു കോടി രൂപ വീതം അനുവദിച്ചിട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ എല്ലാ ഹയർസെക്കൻഡറി സ്കൂളുകളിലും 50 ലക്ഷം രൂപ വീതം ചെലവഴിച്ച് കളിസ്ഥലങ്ങൾ നിർമ്മിച്ചുകഴിഞ്ഞിട്ടുണ്ട്. ഇപ്രകാരം എല്ലാ കാര്യങ്ങളിലും നമുക്ക് നൽകിയ വാഗ്ദാനങ്ങളും നിറവേറ്റിയ കാര്യങ്ങളുമാണ് ബഹുമാനപ്പെട്ട

ഗവർണ്ണറുടെ പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുള്ളത്. അതുപോലെ ന്യൂനപക്ഷ വിഭാഗത്തിലെ വിദ്യാർഥികൾക്കായി ഈ സർക്കാർ നിരവധി കാര്യങ്ങൾ ചെയ്യുന്നുണ്ട്. ഇതൊന്നും നടക്കുന്നില്ലെന്ന രീതിയിലുള്ള പ്രചണ്ഡമായ പ്രചാരവേലകൾ പ്രതിപക്ഷാംഗങ്ങൾ നടത്തുന്നതുകൊണ്ടാണ് ഇക്കാര്യങ്ങളെക്കുറിച്ച് ഞാൻ എടുത്തുപറയുന്നത്. സി.എം. റിസർച്ച് ഫെലോഷിപ്പ് ഫോർ മൈനോറിറ്റീസ്, പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്, വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പ്, സർക്കാർ അംഗീകൃത പ്രൈവറ്റ് ഐ.ടി.ഐ.-കളിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് ഐ.ടി.സി. ഫ്രീ റീ-ഇമ്പേഴ്സ്മെന്റ് സ്കീം, സി.എ./സി.എം.എ./സി.എസ്. സ്കോളർഷിപ്പ്, ഐ.ഐ.ടി./ഐ.ഐ.എം./ ഐ.ഐ.എസ്.സി. എന്നീ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പ്, എ.പി.ജെ. അബ്ദുൾകലാം സ്കോളർഷിപ്പ്, മദർതെരേസ സ്കോളർഷിപ്പ്, സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ്, ഇബ്രാഹിം സുലൈമാൻ സേട്ടു ഉറുദു സ്കോളർഷിപ്പ്, മാർഗദീപം സ്കോളർഷിപ്പ് , സിവിൽ സർവീസ് ഫ്രീ ഇമ്പേഴ്സ്മെന്റ് സ്കീം തുടങ്ങിയ നിരവധി പദ്ധതികളാണ് ന്യൂനപക്ഷ വിഭാഗങ്ങൾക്കായി ഈ സർക്കാർ നടപ്പാക്കിയിരിക്കുന്നത്.

പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങളെ സംബന്ധിച്ച കാര്യങ്ങളെക്കുറിച്ച് നേരത്തെ ഇവിടെ സൂചിപ്പിച്ചതുകൊണ്ട് അക്കാര്യം ഇവിടെ പറയാൻ ആഗ്രഹിക്കുന്നില്ല. എന്റെ നിയോജകമണ്ഡലത്തിലെ ഗവൺമെന്റ് സ്കൂളുകൾക്കെല്ലാം, അതായത് ലോവർ പ്രൈമറി സ്കൂളായാലും ഹൈ സ്കൂളായാലും ഹയർ സെക്കൻഡറി സ്കൂളായാലും കിഫ്ബി പദ്ധതിയനുസരിച്ച് മനോഹരമായ കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്. ഇതുപോലെ എന്റെ നിയോജകമണ്ഡലത്തിലെ കോളേജിലും കിഫ്ബി പദ്ധതിയിലൂടെ ആവശ്യമായ മുഴുവൻ കെട്ടിടങ്ങളുടെയും പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഏതൊരു മേഖല പരിശോധിച്ചാലും ഇത് കാണാൻ സാധിക്കും. പീപ്പിൾസ് റെസ്റ്റ് ഹൗസുകളെക്കുറിച്ച് പറയാം. ഇത് വലിയൊരു സംഭവമാണ്. നമ്മുടെ റെസ്റ്റ് ഹൗസുകളൊക്കെ ഒന്നിനും കൊള്ളാതെ, ആരെങ്കിലുമൊക്കെ മദ്യപിച്ച് കിടന്നുറങ്ങുന്ന സ്ഥലങ്ങളായിരുന്നുവെന്ന് നമുക്കറിയാം. എന്റെ നിയോജകമണ്ഡലത്തിലെ റെസ്റ്റ് ഹൗസും അങ്ങനെയായിരുന്നു. എന്നാൽ പൊതുമരാമത്തിന്റെ പീപ്പിൾസ് റെസ്റ്റ് ഹൗസുകൾ ജനകീയമാക്കി മാറ്റിയതിലൂടെ അവയിൽനിന്നും 4 വർഷംകൊണ്ട് 30 കോടി രൂപയുടെ വരുമാനമാണുണ്ടാക്കിയത്. ആളുകൾക്ക് ഇന്ന് അത് ഉപയോഗിക്കാൻ

സാധിക്കുന്നു. എവിടെനിന്ന് റൂമുകൾ ബുക്ക് ചെയ്താലും അവിടെവന്ന് താമസിക്കാം. അപ്രകാരം റെസ്റ്റ് ഹൗസുകളെ നല്ല വൃത്തിയുള്ളതാക്കി മാറ്റിയെന്നത് വളരെ പ്രധാനപ്പെട്ടൊരു വിഷയമാണ്. അതുപോലെതന്നെ റോഡുകളുടെ കാര്യമെടുക്കുകയാണെങ്കിൽ, ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന ദേശീയപാതയുടെ പ്രവൃത്തി പൂർത്തിയായാൽ കോഴിക്കോടുനിന്നും തിരുവനന്തപുരത്തേക്ക് എത്തിച്ചേരാൻ മൂന്ന്-മൂന്നര മണിക്കൂർ മതിയാകും. ആ റോഡിലൂടെയൊന്ന് സഞ്ചരിച്ചുനോക്കണം, സുഖമറിയാം. ഇങ്ങനെയുള്ള നിരവധി നല്ല കാര്യങ്ങൾ ഈ ഗവൺമെന്റ് ചെയ്തിട്ടുണ്ട്. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ വളരെയധികം ഇച്ഛാശക്തിയോടുകൂടിയാണ് ദേശീയപാത പദ്ധതി നമ്മൾ നടപ്പാക്കിയത്. 5580 കോടി രൂപയാണ് അതിനായി ചെലവാക്കിയത്. ഇത് നമ്മൾ ചെയ്യേണ്ടതല്ല. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ, ഇന്ത്യയിലെ മറ്റൊരു സംസ്ഥാന സർക്കാരും ദേശീയപാതയ്ക്കായി പണം ചെലവാക്കിയിട്ടില്ല. കേരളത്തിൽ ഭൂമിക്ക് വില കൂടുതലായതിനാൽ ഈ പദ്ധതി നടപ്പാക്കാൻ സാധിക്കില്ലെന്ന് കേന്ദ്ര സർക്കാർ പറഞ്ഞു. അന്നത്തെ കേരള ഗവൺമെന്റ് ആ ഓഫീസെല്ലാം പൂട്ടി, മതിയാക്കി പോയതുമാണ്. എന്നാൽ

നിശ്ചയദാർഢ്യത്തോടുകൂടി നമ്മളത് ഏറ്റെടുത്തു. പത്തുവർഷമായി നമുക്ക് ലോഡ് ഷെഡ്ഡിങ്ങില്ല. പവർ ഹൈവേ സ്ഥാപിച്ചുകൊണ്ടാണ് നമ്മളത് സാധിച്ചെടുത്തത്. നേരത്തെ അത് എസ്റ്റേറ്റിലൂടെ കൊണ്ടുവരുന്നത് അവർക്ക് ബുദ്ധിമുട്ടാണെന്ന് പറഞ്ഞതുകൊണ്ട് പ്രസ്തുത പ്രൊപ്പോസൽ ഒഴിവാക്കിയതാണ്. അതുപോലെ 35000 കോടി രൂപയുടെ റോഡ് വികസന പദ്ധതികളാണ് നടപ്പാക്കുന്നത്. മലയോര ഹൈവേ 1179 കിലോമീറ്ററും തീരദേശ ഹൈവേ 507 കിലോമീറ്ററുമാണ് അതിൽ ഉൾപ്പെട്ടിട്ടുള്ളത്. കോഴിക്കോടുനിന്ന് വയനാട്ടിലേക്കുള്ള യാത്ര സംബന്ധിച്ച വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ് ഞാനിവിടെ സൂചിപ്പിക്കാൻ പോകുന്നത്. കഴിഞ്ഞ ദിവസത്തെ യാത്രയ്ക്കിടയിൽ ഞാൻ 3 മണിക്കൂറാണ് വാഹന തിരക്കിൽ കുടുങ്ങിയത്. ഇങ്ങനെയുള്ള നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനാണ് ദീർഘവീക്ഷണത്തോടുകൂടി 2143 കോടി രൂപ ചെലവഴിച്ച് തുരങ്കപാത നിർമ്മിക്കുന്നത്. കുന്ദമംഗലത്തുനിന്നാണ് തുരങ്കപാത ആരംഭിക്കുന്നത്. അത് പൂർത്തിയായിക്കഴിയുമ്പോൾ കോഴിക്കോട് ജില്ലയിൽനിന്നും അരമണിക്കൂർ കൊണ്ട് വയനാട്ടിലെത്തിച്ചേരാൻ സാധിക്കും. എല്ലാ റോഡുകളും ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക്

ഉയർത്തുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ 80 ശതമാനം റോഡുകളും ബി.എം.& ബി.സി. നിലവാരത്തിലേക്ക് ഉയർന്നുകഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ളവയുടെ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. 507 കിലോമീറ്റർ തീരദേശ റോഡിന്റെ സമഗ്രവികസനമാണ് നമ്മൾ നടപ്പാക്കുന്നത്. അതുപോലെതന്നെ 5 വർഷംകൊണ്ട് 100 പാലങ്ങൾ പൂർത്തിയാക്കുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിച്ചത്. എന്നാൽ 150 പാലങ്ങളുടെ പ്രവൃത്തി ഇപ്പോൾ പൂർത്തിയാക്കിയിരിക്കുന്നു. തുടർന്നും നമ്മൾ പാലങ്ങൾ നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലും അഞ്ചാറ് പാലങ്ങൾ നിർമ്മിച്ചിട്ടുണ്ട്. ഇത്തരത്തിൽ എല്ലാ മേഖലകളിലും സമഗ്ര വികസനം നടന്നുകൊണ്ടിരിക്കുകയാണ്. ലെവൽ ക്രോസിനെ സംബന്ധിച്ച് നേരത്തെ ഇവിടെ പറയുകയുണ്ടായി. ലെവൽ ക്രോസില്ലാത്തൊരു കേരളത്തെ സംബന്ധിച്ചാണ് സൂചിപ്പിക്കാനുള്ളത്. അതിനായി 144 മേൽപാലങ്ങളാണ് നമ്മൾ നിർമ്മിച്ചുകൊണ്ടിരിക്കുന്നത്. അതിലൂടെ റെയിൽവേ ക്രോസിങ്ങില്ലാതെ നമുക്ക് പെട്ടെന്ന് സഞ്ചരിക്കാൻ സാധിക്കും.

അത്രയധികം വാഹനപ്പെരുപ്പമാണ് നമ്മൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ഓരോ വീട്ടിലും ഒന്നിലധികം വാഹനങ്ങളാണുള്ളത്. സ്കൂളിലും കോളേജിലും പോകാനായി എല്ലാ കുട്ടികൾക്കും വാഹനങ്ങളുണ്ട്. ഇക്കാര്യങ്ങളെല്ലാം മുൻനിർത്തിക്കൊണ്ടാണ് ഗതാഗത മേഖലയിൽ ഇത്രയധികം പ്രവൃത്തികൾ നടത്തിക്കൊണ്ടിരിക്കുന്നത്. സാധാരണ പി.ഡബ്ല്യൂ.ഡി. റോഡിന്റെ മെയിന്റനൻസും റീ-ടാറിങ്ങും വർഷംതോറും ചെയ്യുന്നൊരു പ്രക്രിയയാണ്. എന്നാൽ അഞ്ചാറ് വർഷം നിലനിൽക്കുന്നതും കാലാവസ്ഥയെ അതിജീവിക്കുന്നതുമായ റോഡുകളാണ് നമ്മൾ ഇപ്പോൾ നിർമ്മിക്കുന്നത്. 6341 കോടി രൂപയ്ക്കാണ് 29 റോഡുകൾ ഉന്നത നിലവാരത്തിലെത്തിക്കാൻ സാധിച്ചത്. ഇപ്പോൾ നമ്മുടെ നാട്ടിലെ റോഡിലൂടെ സഞ്ചരിക്കാൻ എന്തൊരു സന്തോഷമാണ്. മാർക്ക് ചെയ്തതും രാത്രി ലൈറ്റ് കത്തുന്നതുമായ മനോഹരമായ റോഡിലൂടെ സഞ്ചരിക്കുമ്പോൾ തീർച്ചയായും അഭിമാനം തോന്നും. ഇത്തരം കാര്യങ്ങളെല്ലാമുണ്ടെങ്കിലും പ്രതിപക്ഷാംഗങ്ങൾക്ക് ഇതൊന്നും പ്രശ്നമല്ല. അവസാനം അവർ തെരുവംപറമ്പിലെ നബീസുവിന്റെ നിസ്കാരപ്പായയുമായി വരും.

ശ്രീ. കെ. ബാബു (നെന്മാറ): സർ, അത് എന്താണ്?

ശ്രീ. പി. ടി. എ. റഹീം: സർ, തെരുവംപറമ്പിലെ നബീസുവിനെ നിസ്കാരപ്പായയിലിട്ട് ബലാൽസംഗം ചെയ്തുവെന്നുപറഞ്ഞ് ഒരു തിരഞ്ഞെടുപ്പിൽ പ്രചണ്ഡമായ പ്രചാരവേലകൾ നടത്തി ബിനു എന്ന ചെറുപ്പക്കാരനെ കൊന്നു. ആ തിരഞ്ഞെടുപ്പിൽ അത് മാത്രമായിരുന്നു ചർച്ചാ വിഷയം. മാറാട് കലാപത്തെക്കുറിച്ച് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. ഇതുപോലെയുള്ള ധാരാളം കാര്യങ്ങൾ മുൻസർക്കാരിന്റെ കാലത്തും സംഭവിച്ചിട്ടുണ്ട്. ഈ സർക്കാർ വന്നതിനുശേഷം ഒരു കലാപവുമുണ്ടായിട്ടില്ല. മാറാടിനെ സംബന്ധിച്ച് പറയുമ്പോൾ, അന്നത്തെ മുഖ്യമന്ത്രി മാറാട് സന്ദർശിക്കാൻ പോയപ്പോൾ ശ്രീ. നാലകത്ത് സൂപ്പി മന്ത്രിയായിരുന്നു. അദ്ദേഹത്തെ കൊല്ലം ജില്ലയിലെ ഭാര്യയുടെ വീട്ടിലിറക്കി. ഡോ. എം. കെ. മുനീർ സ്വന്തം വീട്ടിൽനിന്നും ഗസ്റ്റ്ഹൗസിൽ പോയി താമസിച്ചു. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയെ വഴിയിൽ നിർത്തിയിട്ടാണ് ശ്രീ. എ. കെ. ആന്റണി പോയത്. അതേ അവസരത്തിൽ നമ്മുടെ നിലവിലെ കേരള മുഖ്യമന്ത്രി, പാർട്ടി സെക്രട്ടറിയായിരുന്ന കാലത്ത് അവിടെ സന്ദർശിക്കാൻ പോയപ്പോൾ അദ്ദേഹത്തെ പോകാൻ അനുവദിച്ചെങ്കിലും കൂടെ മുസ്ലീങ്ങൾ പാടില്ലെന്ന് പറഞ്ഞു. എന്നാൽ ശ്രീ. വി. കെ. സി. മമ്മദ് കോയയെയും ശ്രീ.

എളമരം കരീമിനെയും ഇടത്തും വലത്തും നിർത്തിയാണ് അദ്ദേഹം പോയത്. ഇങ്ങനെയുള്ള നിരവധി കാര്യങ്ങൾ നമുക്ക് പറയാൻ സാധിക്കും. അതിനാൽ തെരുവംപറമ്പിലെ നബീസു, പേരാമ്പ്ര പള്ളിയിലെ ആക്രമണം എന്നെല്ലാം പറഞ്ഞ് വരേണ്ട കാര്യമില്ല. പേരാമ്പ്ര പള്ളിയിൽ ആക്രമണമുണ്ടായി എന്നുപറഞ്ഞ് വലിയ ബഹളംവച്ച് എല്ലാവരും അവിടെയെത്തി. ഇവിടെ അങ്ങനെയൊരു സംഭവവുമുണ്ടായിട്ടില്ലെന്ന് അവിടത്തെ പള്ളി കമ്മിറ്റി തന്നെ പറഞ്ഞു. ഇങ്ങനെ വർഗീയ വിദ്വേഷം പ്രചരിപ്പിക്കാനുള്ള നിരവധി കാര്യങ്ങൾ എതിർ കക്ഷികൾ പറഞ്ഞുകൊണ്ടിരിക്കുകയാണ്. മറിയം റഷീദയുടെയും നമ്പി നാരായണന്റെയും കാര്യങ്ങൾ നമുക്കറിയാം. തെരഞ്ഞെടുപ്പുവേളയിൽ ഇങ്ങനെയുള്ള കുറെ വിഷയങ്ങളുമായാണ് പ്രതിപക്ഷം വരിക. ജനങ്ങൾക്കിതെല്ലാം ബോധ്യമുള്ള കാര്യങ്ങളാണ്. അവർ ഈ നാട്ടിൽ ജീവിക്കുന്നവരാണ്. സമഗ്രമായ വികസനവും സാമുദായിക സൗഹാർദവുമാണ് നമ്മൾ ലക്ഷ്യം വയ്ക്കുന്നത്. ഈ സർക്കാരിനെ സംബന്ധിച്ചിടത്തോളം വളരെ അഭിമാനത്തോടുകൂടിത്തന്നെ നമുക്ക് മുന്നോട്ടുപോകാൻ സാധിക്കുമെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഒരിക്കൽക്കൂടി ഉപക്ഷേപത്തെ അനുകൂലിച്ചുകൊണ്ട് ഞാൻ

അവസാനിപ്പിക്കുന്നു.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, ഈ നയപ്രഖ്യാപന പ്രസംഗം കേവലം ഒരു രേഖ മാത്രമല്ല കേരളത്തിന്റെ യാഥാർത്ഥ്യങ്ങളെയും നാളെയുടെ പ്രതീക്ഷകളെയും ഒരുമിച്ച് ചേർത്തുവയ്ക്കുന്ന വ്യക്തമായ വികസന ദർശനമാണ്. രാജ്യത്തെ വർഗീയതയ്ക്കും കോർപ്പറേറ്റ് ആധിപത്യത്തിനും നവലിബറൽ നയങ്ങൾക്കുമെതിരായ ഒരു ജനകീയ രാഷ്ട്രീയ പ്രഖ്യാപനമാണ് ഈ രേഖയിലുള്ളത്. നാം കാണുന്ന ഇന്നത്തെ ഇന്ത്യയിൽ ജനാധിപത്യ സ്ഥാപനങ്ങൾ ദുർബലപ്പെടുകയും ഫെഡറൽ അവകാശങ്ങൾ നിഷേധിക്കപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിൽ കേരളം മുന്നോട്ടുവയ്ക്കുന്ന ഈ നയപ്രഖ്യാപന പ്രസംഗത്തിലൂടെ മറ്റൊരു വികസന മാതൃക സാധ്യമാണെന്ന പ്രഖ്യാപനം കൂടിയാണ് നടത്തിയിരിക്കുന്നത്. വിദ്യാഭ്യാസത്തെ ഒരു വ്യാപാരമായും ആരോഗ്യത്തെ ഒരു ആഡംബരമായും ഭവനത്തെ ഒരു കാരുണ്യമായും കാണാതെ ഇതെല്ലാം ഒരു പൗരന്റെ അവകാശമാണെന്ന നിലപാടാണ് പിണറായി സർക്കാർ സ്ഥിരമായി ഉയർത്തിപ്പിടിക്കുന്നത്. തൊഴിലില്ലായ്മയ്ക്കെതിരെ യുവജനതയ്ക്ക് പ്രതീക്ഷ നൽകുന്ന തൊഴിൽ നയങ്ങളും സ്റ്റാർട്ടപ്പുകളും പുതുനിക്ഷേപത്തിലൂടെയുള്ള

വികസനവും ഈ നയപ്രഖ്യാപന പ്രസംഗത്തിലൂടെ മുന്നോട്ടുവയ്ക്കുന്നതുകൊണ്ടാണ് ഈ നയപ്രഖ്യാപന പ്രസംഗത്തിന്റെ ചർച്ചയിൽ പങ്കെടുക്കാൻ തയ്യാറാകാതെ പ്രതിപക്ഷം ഒളിച്ചോടിക്കൊണ്ടിരിക്കുന്നത്. ഈ സഭാസമ്മേളനം ആരംഭിച്ചപ്പോൾ മുതൽ നാം കാണുന്നത് സഭയുടെ പുറത്ത് നടത്തുന്ന പ്രചാരണമാണ്. അതിനെക്കുറിച്ച് ചർച്ച ചെയ്യാൻ നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം കൊണ്ടുവരാൻ ആവശ്യപ്പെട്ടപ്പോൾ അതിനുള്ള നോട്ടീസ് നൽകാതെ പ്രതിപക്ഷം ബഹളം വച്ചുകൊണ്ടിരിക്കുകയാണ്. ഞാൻ ഈ സഭയിൽ ഒറ്റഫ്രെയിമിലുള്ള ശബരിമല സ്വർണ്ണക്കൊള്ളയുടെ കൂട്ടുകച്ചവടക്കാർ ആരൊക്കെയാണെന്നും ആരൊക്കെയാണ് ഒന്നിച്ചുനിന്നിട്ടുള്ളതെന്നുമുള്ള ചിത്രം പ്രദർശിപ്പിക്കുകയാണ് (പ്രസ്തുത ചിത്രം ഉയർത്തിക്കാണിച്ചു). ശബരിമലയിലെ സ്വർണ്ണം ആരോ മോഷ്ടിച്ചെന്ന് പറഞ്ഞ് ഇടതുപക്ഷത്തെ ആക്ഷേപിച്ചുകൊണ്ടിരിക്കുകയാണ്. കള്ളന്മാർ എവിടെയാണ്? മൂന്നുനാല് കാര്യങ്ങൾ യു.ഡി.എഫ്.-ന്റെ അംഗങ്ങൾ വ്യക്തമാക്കണം. ഒന്ന്, കോൺഗ്രസിന്റെ ഏറ്റവും ഉയർന്ന നേതാവായ ശ്രീമതി സോണിയാ ഗാന്ധി താമസിക്കുന്ന കനത്ത സുരക്ഷയുള്ള

വീട്ടിലേക്ക് ഈ കേസിലെ ഒന്നാം പ്രതിയായ ഉണ്ണികൃഷ്ണൻ പോറ്റി കയറിയത് ആരുടെ സഹായത്തോടുകൂടിയാണെന്ന് പറയാൻ കോൺഗ്രസ് തയ്യാറാകുമോ; ഇതിൽനിന്നെല്ലാം യു.ഡി.എഫ്. ഒളിച്ചോടുകയല്ലേ; രണ്ട്, ശ്രീമതി സോണിയാ ഗാന്ധിയുടെ കയ്യിൽ ബ്രെയിസ്‌ലെറ്റ് കെട്ടിക്കൊടുത്തതിന്റെ ചിത്രം നാം കണ്ടതാണല്ലോ; അത് അവരുടെ കയ്യിൽ കെട്ടിക്കൊടുക്കാൻ സാധിക്കുന്ന നിലയിൽ ഈ ഉണ്ണികൃഷ്ണൻ പോറ്റിയും കോൺഗ്രസുമായി എന്ത് ബന്ധമാണുള്ളതെന്ന് വ്യക്തമാക്കാൻ കോൺഗ്രസ്സ് നേതാക്കൾ തയ്യാറാണോ? മൂന്നാമത്തെ കാര്യം, എന്തുകൊണ്ടാണ് ഈ സ്വർണ്ണക്കൊള്ളയിലെ ഒന്നാം പ്രതിയായ ഉണ്ണികൃഷ്ണൻ പോറ്റി ശ്രീമതി സോണിയാ ഗാന്ധിയുടെ വസതിയിലെത്തിയ വാർത്ത വന്നപ്പോൾ ശ്രീ. രാഹുൽ ഗാന്ധിയും ശ്രീമതി പ്രിയങ്കാ ഗാന്ധിയും അതിനെക്കുറിച്ച് പ്രതികരിക്കാത്തത്? ഇന്ന് ദേശീയ രാഷ്ട്രീയത്തിൽ വലിയ വിഷയമായി നിൽക്കുന്ന കാര്യത്തിൽ കോൺഗ്രസിലെ പ്രമുഖരായ രണ്ട് വ്യക്തികൾ ഒരക്ഷരംപോലും സംസാരിക്കാത്തത് എന്തുകൊണ്ടാണ്? അതിനുള്ള ഉത്തരം കോൺഗ്രസ് പറയണം. വ്യാപാരിയായ ബെല്ലാരിയിലെ ഗോവർധൻ ശ്രീമതി സോണിയാ ഗാന്ധിയെ കണ്ടത് എങ്ങനെയാണെന്നും

എന്തിനാണെന്നും ഈ നാടിനോട് പറയേണ്ടതല്ലേ; അതൊന്നും ഇവിടെ പറയുന്നില്ലല്ലോ? എന്നിട്ട് ഇതിന്റെ പേരിൽ അയ്യപ്പനെപ്പോലും ആക്ഷേപിക്കുന്ന നിലയിൽ എത്ര പാട്ടുകളാണ് ഇവർ പാടിക്കൊണ്ട് നടക്കുന്നത്. വർഗീയവികാരം എങ്ങനെയെല്ലാം ആളിക്കത്തിക്കാൻ സാധിക്കുമെന്നതിനുള്ള തെളിവാണ് നാം ഇവിടെ കാണുന്നതെന്ന് ശ്രീ. പി. ടി. എ. റഹീം പറയുകയുണ്ടായി. പ്രതിപക്ഷത്തിന് നാടിന്റെ വികസനത്തെക്കുറിച്ചും ക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ചും പറയാനൊന്നുമില്ല. മറിച്ച് ഇല്ലാക്കഥകളുണ്ടാക്കി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും മന്ത്രിമാരെയും മറ്റ് ഇടതുപക്ഷ നേതാക്കളെയും തേജോവധം ചെയ്യാൻ ശ്രമിക്കുകയാണ്. അല്ലാതെ പ്രതിപക്ഷം എന്ത് ചുമതലയാണ് നിർവഹിക്കുന്നത്? തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിൽ ചെറിയൊരു മേൽക്കൈ ലഭിച്ചപ്പോൾ അതും പറഞ്ഞുകൊണ്ട് സ്വപ്നലോകത്തിൽ ആറാടുകയാണ് പ്രതിപക്ഷം. ഇതിനുമുമ്പ് കേരളത്തിൽ എത്രയോ തവണ ഇങ്ങനെ സംഭവിച്ചിട്ടുണ്ട്. പക്ഷെ അപ്പോഴും നിയമസഭാ തിരഞ്ഞെടുപ്പിൽ ചിത്രം മാറിമറിഞ്ഞ കാഴ്ചയാണ് കണ്ടിട്ടുള്ളത്. മലയാളികൾ ഇടതുപക്ഷത്തെ കൈവിടില്ലെന്ന് ഞങ്ങൾക്ക് നല്ല വിശ്വാസമുണ്ട്. കാരണം, അവർ ഇന്ന് അനുഭവിക്കുന്ന

ജീവിതസൗകര്യങ്ങളും നാട്ടിൽവന്നിട്ടുള്ള വികസനവും പുരോഗതിയുമെല്ലാം ഈ നാട്ടിലെ ജനങ്ങൾ കണ്ടുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് നിശ്ചയമായും ഇടതുപക്ഷ ജനാധിപത്യമുന്നണിയെ സംബന്ധിച്ചിടത്തോളം ഈ പ്രചാരണത്തിന്റെ മുമ്പിൽ മുട്ടുമടക്കുന്ന പ്രശ്നമില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി ജനങ്ങൾക്ക് നൽകിയ ഉറപ്പുകൾ ഒരോന്നോരോന്നായി പാലിച്ചുകൊണ്ടാണ് മുന്നോട്ടുപോകുന്നതെന്ന് അഭിമാനത്തോടെ പറയുകയാണ്. ഈ പത്ത് വർഷക്കാലത്തിനിടയിൽ കേരളത്തിൽ ഒരു വർഗീയ കലാപമെങ്കിലും ഉണ്ടായോ? ഇവിടെ വർഗീയവാദികൾ പല രൂപത്തിലുള്ള പരിശ്രമം നടത്തിയില്ലേ; അവർ എന്തെല്ലാം പരിശ്രമമാണ് നടത്തിയത്? പക്ഷെ കേരളത്തിൽ അതൊന്നും വിജയിച്ചിട്ടില്ല. നവോത്ഥാന നായകന്മാർ കേരളത്തെ ഭ്രാന്താലയമെന്ന് വിളിച്ചിട്ടുണ്ട്. കേരളത്തെ മതനിരപേക്ഷമാക്കാൻവേണ്ടി ശ്രീനാരായണ ഗുരുദേവനും മന്നത്ത് പത്മനാഭനും ചട്ടമ്പിസ്വാമിയും പണ്ഡിറ്റ് കറുപ്പനും വക്കം മൗലവിയും കുര്യാക്കോസ് ഏലിയാസ് ചാവറയച്ചനും പൊയ്കയിൽ അപ്പച്ചനും മഹാത്മാ അയ്യങ്കാളിയും അടക്കമുള്ള സാമൂഹ്യ പരിഷ്കർത്താക്കൾ നടത്തിയ പ്രവർത്തനങ്ങളും മഹാന്മാരായ കമ്യൂണിസ്റ്റ് നേതാക്കളായ സഖാവ് പി.

കൃഷ്ണപിള്ളയും സഖാവ് എ.കെ.ജി.- യും സഖാവ് ഇ.എം.എസ്.-ഉം നടത്തിയ പ്രവർത്തനങ്ങളുമെല്ലാമാണ് ഈ കേരളത്തെ ഭ്രാന്താലയമെന്നതിൽനിന്ന് മോചിപ്പിച്ച് ദൈവത്തിന്റെ സ്വന്തം നാട് എന്ന നിലയിലെത്തിച്ചതെന്ന് അഭിമാനത്തോടെ പറയുന്നു. ആ ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ പ്രവർത്തന ഫലമായിട്ടാണ് കേരളത്തെ ഇന്ന് ദൈവത്തിന്റെ സ്വന്തം നാടാക്കി മാറ്റാൻ സാധിച്ചത്. പത്ത് വർഷക്കാലമായി ഈ നാട്ടിൽ കലാപമില്ലെന്ന് പറയുന്നതിനെ ആർക്കെങ്കിലും ചോദ്യം ചെയ്യാൻ സാധിക്കുമോ? കലാപങ്ങളൊന്നുമുണ്ടാകാതെ സംസ്ഥാനത്തിന് നേതൃത്വം കൊടുക്കാൻ നട്ടെല്ലുള്ള ഒരു മുഖ്യമന്ത്രി നമുക്കുണ്ട്. കേരളത്തിൽ ഒരു വർഗീയവാദികൾക്കും അഴിഞ്ഞാടാൻ സാധിക്കില്ലെന്ന് ഞങ്ങൾ അഭിമാനത്തോടെ പറയുന്നു. ഇത് ശ്രീ. പിണറായി വിജയൻ ഭരിക്കുന്ന കേരളവും അദ്ദേഹം നേതൃത്വം കൊടുക്കുന്ന ഗവൺമെന്റുമാണെന്ന വിശ്വാസം ഈ കേരളത്തിലെ ജനങ്ങൾക്കുണ്ട്. ആ വിശ്വാസത്തെ തകർക്കാൻ ആരൊക്കെ ശ്രമിച്ചാലും വിജയിക്കാൻ പോകുന്നില്ല. ഈ നാടിനെ വിസ്മയിപ്പിക്കുന്ന വികസനം നൽകുക മാത്രമല്ല, ഈ നാട്ടിൽ ക്ഷേമ പദ്ധതികൾകൊണ്ട് ജനങ്ങളെ ചേർത്തുനിർത്തി വർഗീയവാദികൾക്ക് ഈ മണ്ണിൽ സ്ഥാനമില്ലെന്ന്

പ്രഖ്യാപിച്ചുകൊണ്ട് ശാന്തസുന്ദരവും പ്രസന്നവുമായ ഒരു നവകേരളം സൃഷ്ടിക്കുന്ന പ്രവർത്തനങ്ങളുടെ ശില്പിയെന്ന നിലയിലാണ് കേരളത്തിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഖാവ് പിണറായി വിജയൻ ഈ സർക്കാരിനെ നയിക്കുന്നത്. മൂന്നരക്കോടി മലയാളികൾക്കും അഭിമാനിക്കാൻ സാധിക്കുന്ന രീതിയിലേക്കുള്ള നേട്ടങ്ങളുണ്ടാക്കിയാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ഇടതുപക്ഷ ജനപ്രതിനിധികൾക്ക് ഇന്ന് ആരുടെയും മുന്നിൽ തലകുനിക്കേണ്ടതില്ല. തല ഉയർത്തി പിടിച്ചുകൊണ്ടുതന്നെ ജനങ്ങളോട് കാര്യങ്ങൾ പറയാൻ സാധിക്കുന്ന നിലയിലുള്ള മാറ്റങ്ങൾ ഈ പത്ത് വർഷക്കാലംകൊണ്ട് ഉണ്ടായിട്ടുണ്ട്. ഇന്നത്തെ ദിവസത്തെ മറ്റൊരു പ്രത്യേകതകൂടി ഞാൻ സൂചിപ്പിക്കുകയാണ്. ഞാൻ മത്സ്യമേഖലയിൽ പ്രവർത്തിക്കുന്ന ഒരു സാധാരണ തൊഴിലാളി കുടുംബത്തിൽനിന്നുള്ള ആളാണ്. മത്സ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഇന്നൊരു സന്തോഷത്തിന്റെ ദിനം കൂടിയാണ്. ബഹുമാനപ്പെട്ട മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി ശ്രീ. സജി ചെറിയാൻ ഇവിടെയില്ലെങ്കിലും അദ്ദേഹത്തെ ഞാൻ പ്രത്യേകം അഭിനന്ദിക്കാൻ ഈയവസരം വിനിയോഗിക്കുകയാണ്. കേരളത്തിലെ

മത്സ്യത്തൊഴിലാളികൾ, അവർ ക്ഷേമനിധിയിലേക്ക് അടച്ച വിഹിതം തിരികെ നൽകണമെന്ന് ദീർഘനാളായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. 66635 മത്സ്യത്തൊഴിലാളികൾക്ക് പലിശ സഹിതം പ്രസ്തുത തുക കേരളത്തിൽ വിതരണം ചെയ്യുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന് നടക്കാൻ പോവുകയാണ്. ഈ കടലിന്റെ മക്കൾ കടൽക്ഷോഭം വന്നാൽ തങ്ങളുടെ ചെറ്റക്കുടിലുകൾ തകർന്നുവീഴുന്ന കാഴ്ച കണ്ട് മാറത്തടിച്ച് നിലവിളിക്കുമായിരുന്നു. റിലീഫ് ക്യാമ്പുകളിലാണ് അവർ താമസിച്ചുകൊണ്ടിരുന്നത്. പിണറായി വിജയൻ ഗവൺമെന്റ് വന്നതിനുശേഷം പണ്ട് യു.ഡി.എഫ്.-ന്റെ കാലത്തടക്കം പല സ്ഥലങ്ങളിലും ക്യാമ്പുകളിൽ കഴിഞ്ഞിരുന്ന നൂറുകണക്കിനുവരുന്ന മത്സ്യത്തൊഴിലാളികൾക്ക് തല ഉയർത്തി അഭിമാനബോധത്തോടെ അവർ ഇന്ന് താമസിക്കുന്നത് അടച്ചുറപ്പുള്ള വീടുകളിലും ഫ്ലാറ്റിലുമാണെന്ന് പറയാൻ സാധിക്കും. നാലായിരത്തോളം വരുന്ന മത്സ്യത്തൊഴിലാളികളെയാണ് പുനർഗേഹം പദ്ധതി നടപ്പാക്കിയതിലൂടെ പുനരധിവസിപ്പിക്കാൻ സാധിച്ചത്. ഒരു കാലത്ത് കേരളത്തിൽ ആദിവാസി സമൂഹം കഴിഞ്ഞാൽ ഏറ്റവും പിന്നാക്കം നിൽക്കുന്നവരെന്ന് പറഞ്ഞിരുന്നത് മത്സ്യത്തൊഴിലാളി

സമൂഹത്തെയായിരുന്നു. ഇന്ന് അങ്ങനെയൊന്നുമല്ലെന്ന് അവർക്ക് അന്തസ്സോടും അഭിമാനത്തോടുംകൂടി പറയാൻ സാധിക്കും. ആ ജനവിഭാഗത്തിനിടയിൽനിന്ന് ഏതാണ്ട് നൂറിലധികം ഡോക്ടർമാർ ഈ കേരളത്തിലുണ്ട്. പത്ത് വർഷക്കാലത്തെ സഖാവ് പിണറായി ഗവൺമെന്റിന്റെ സംഭാവനയാണിത്. ഇതാണ് കേരളത്തിലെ ഗവൺമെന്റ്. സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട പാവപ്പെട്ട ജനവിഭാഗങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഈ ഗവൺമെന്റിനെതിരായി ഇവിടെ ഉയർത്തിക്കൊണ്ടിരിക്കുന്ന അപവാദ പ്രചാര വേലയൊന്നും കേരളത്തിലെ ജനങ്ങളെ സ്വാധീനിക്കാൻ പോകുന്നില്ല. ഒരു കാര്യം കൂടി പറഞ്ഞ് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കാം. പല ബഹുമാനപ്പെട്ട അംഗങ്ങളും അവരവരുടെ നിയോജകമണ്ഡലത്തിലെ വികസന കാര്യങ്ങൾ പറഞ്ഞു. എന്റെ മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ ഓരോന്നോരോന്നായി പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. പക്ഷേ, ആലപ്പുഴ പോലുള്ള സ്ഥലത്ത് ടെട്രാപോഡ് ഉപയോഗിച്ച് തീരദേശം മുഴുവൻ സംരക്ഷിച്ചതിന്റെ ഫലമായി

തീരദേശവാസികൾക്ക് കടൽക്ഷോഭവും മറ്റും ഉണ്ടാകുന്ന സന്ദർഭങ്ങളിൽ ക്യാമ്പുകളെ ആശ്രയിക്കേണ്ടി വരുന്നില്ലെന്ന് അന്തസ്സോടെ പറയാൻ സാധിക്കും. തീരദേശത്തെ മനുഷ്യർ ഇന്ന് സമാധാനമായി ഉറങ്ങുകയാണ്. അതുപോലെ ശുദ്ധജല പ്രശ്ന പരിഹാരം, നല്ല റോഡുകൾ, പാലങ്ങൾ എന്നിവ എല്ലാ നിയോജകമണ്ഡലങ്ങളിലും യാഥാർത്ഥ്യമാക്കാൻ സാധിച്ചിട്ടുണ്ട്. വികസന പ്രവർത്തനങ്ങൾ ഇടതുപക്ഷ എം.എൽ.എ.-മാരുടെ നിയോജകമണ്ഡലങ്ങളിൽ മാത്രമല്ല ലഭ്യമാക്കിയിട്ടുള്ളത്. ഇപ്രകാരം ജനോപകാരപ്രദമായ വികസന പ്രവർത്തനങ്ങൾ നടത്തി മുന്നോട്ടുപോകുന്ന ഈ സർക്കാരിനെ സംബന്ധിച്ചിടത്തോളം ഏറെ സന്തോഷത്തോടുകൂടിയതും അതിലേറെ അഭിമാനത്തോടുകൂടിയതുമായ ഈ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി അറിയിച്ചുകൊണ്ടുള്ള പ്രമേയത്തെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, പുതുതായി രൂപീകരിക്കപ്പെട്ട 'ഇന്ത്യൻ സോഷ്യലിസ്റ്റ് ജനതാദൾ' (ISJD) എന്ന പാർട്ടിയുടെ പ്രതിനിധിയായി ഈ സഭയെ അഭിസംബോധന ചെയ്യാൻ കഴിയുന്നതിൽ ഏറെ ചാരിതാർത്ഥ്യവും സന്തോഷവുമുണ്ട്. ഞാനും ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി

ശ്രീ. കെ. കൃഷ്ണൻകുട്ടിയും സഭയിലേക്ക് വിജയിച്ചുവന്ന ജനതാദൾ (എസ്) എന്ന പ്രസ്ഥാനം, അതിന്റെ പ്രഖ്യാപിത നിലപാടുകളിൽ നിന്ന് വ്യതിചലിച്ച് ബി.ജെ.പി.-യുമായി സഖ്യം ചേർന്ന് കർണ്ണാടക സംസ്ഥാനത്ത് മത്സരിക്കുകയും ശ്രീ. നരേന്ദ്ര മോദി സർക്കാരിൽ പങ്കാളികളാകുകയും ചെയ്ത സാഹചര്യത്തിൽ ആ നേതൃത്വവുമായുള്ള ബന്ധം വിച്ഛേദിച്ച് ബി.ജെ.പി. വിരുദ്ധ കോൺഗ്രസ്സ് ഇതര രാഷ്ട്രീയത്തിന്റെ ഭാഗമായി ഇടതുപക്ഷ ജനാധിപത്യ മുന്നണിയിൽ ഉറച്ചുനിൽക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് 'ഇന്ത്യൻ സോഷ്യലിസ്റ്റ് ജനതാദൾ' എന്ന പേരിൽ ഒരു പുതിയ പാർട്ടി രൂപീകരിച്ച് ഞങ്ങൾ പ്രവർത്തനം ആരംഭിച്ചത്.

കേരളത്തിന്റെ ഗവർണ്ണർ കഴിഞ്ഞ ദിവസം നിയമസഭയിൽ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തെ സംബന്ധിച്ചുള്ള ചർച്ചയാണിവിടെ നടക്കുന്നത്. സാധാരണയായി ഉപക്ഷേപം അവതരിപ്പിച്ചുകൊണ്ടാണ് നന്ദി പ്രമേയ ചർച്ച നടത്തുന്നത്. കുറെ നാളുകളായി ഈ നിയമസഭയിൽ അംഗമായി പ്രവർത്തിക്കുന്ന ഒരു വ്യക്തിയാണ് ഞാൻ. ഇത്തരത്തിൽ ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗവുമായി ബന്ധപ്പെട്ട ചർച്ചയിൽ പ്രതിപക്ഷം പങ്കെടുക്കാതിരിക്കുന്നത് അത്യപൂർവമാണ്. എന്റെ ഓർമ്മയിൽ

അങ്ങനെയൊരു സംഭവമുണ്ടായിട്ടില്ല. പ്രതിപക്ഷത്തെ സംബന്ധിച്ച് സർക്കാരിനെതിരെ ഏറ്റവും ഫലപ്രദമായി വിമർശനങ്ങളും അഴിമതി ആരോപണങ്ങളും ഉന്നയിക്കാനുമുള്ള ഒരവസരമാണ് ഈ ചർച്ച. ആ അവസരം നഷ്ടപ്പെടുത്തുകയെന്നാൽ, പ്രസ്തുത പ്രക്രിയയെ അഭിമുഖീകരിക്കാനുള്ള ആത്മവിശ്വാസം അവർക്ക് നഷ്ടപ്പെട്ടിരിക്കുന്നുവെന്നാണ് അർത്ഥമാക്കുന്നത്. കുറച്ച് ദിവസങ്ങളായി പത്രങ്ങളിൽനിന്നും മറ്റും ഒളിച്ചോട്ടങ്ങളെക്കുറിച്ചുള്ള ധാരാളം വാർത്തകൾ നാം കേട്ടുകൊണ്ടിരിക്കുകയാണ്. വിവാഹ നിശ്ചയം കഴിഞ്ഞ് കല്ല്യാണത്തിന്റെ തലേദിവസം വരൻ ഒളിച്ചോടുന്നു. ഇവർക്ക് ഒരുതരം ആത്മവിശ്വാസം നഷ്ടപ്പെടുന്ന സാഹചര്യമാണെന്നാണ് മനസ്സിലാക്കുന്നത്. ശാരീരികമായിട്ടുള്ളതോ മാനസികമായിട്ടുള്ളതോ ആയ ആത്മവിശ്വാസത്തിന്റെ പ്രശ്നമാണോ ഇതെന്ന് നമുക്കറിയില്ല. ആത്മവിശ്വാസം നഷ്ടപ്പെട്ട് ഒളിച്ചോടുന്ന അത്തരം വരന്മാരുടെ അവസ്ഥയിലാണ് ഇന്ന് കേരളത്തിന്റെ പ്രതിപക്ഷമെന്നാണ് ഈ ചർച്ചയിൽ നിന്ന് നമ്മൾ തിരിച്ചറിയുന്ന വസ്തുത. കഴിഞ്ഞ പത്ത് വർഷക്കാലത്തെ ഭരണത്തെ വിലയിരുത്തി, വിമർശനങ്ങളുണ്ടെങ്കിൽ അത് ഉന്നയിക്കാനും

വിദ്വേഷമുണ്ടെങ്കിൽ അത് പ്രകടിപ്പിക്കാനുമുള്ള അവസരങ്ങൾ പ്രതിപക്ഷം വേണ്ടെന്ന് വയ്ക്കുന്നത്, വിമർശനങ്ങളില്ലെന്ന ഭംഗ്യന്തരേണ/പരോക്ഷമായുള്ള സമ്മതിക്കലാണ്.

കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി കൃത്യമായ രാഷ്ട്രീയ വ്യക്തതയോടുകൂടിയാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ബി.ജെ.പി., ആർ.എസ്.എസ്., സംഘ് പരിവാർ എന്നീ സഖ്യങ്ങൾ നാട്ടിൽ നടപ്പാക്കുന്ന പ്രതിലോമകരമായ പരിപാടികളെ എതിർക്കുക, അതോടൊപ്പം കോൺഗ്രസ്സ് ഈ രാജ്യത്ത് സമാരംഭിച്ച നവലിബറൽ സാമ്പത്തിക നയങ്ങൾ തീവ്രമായി നടപ്പാക്കുന്ന, കുത്തകകളെ സഹായിക്കുന്ന ബി.ജെ.പി.-യുടെ നയങ്ങളെ എതിർക്കുക തുടങ്ങി ഇത്തരം വ്യക്തമായ രാഷ്ട്രീയ നിലപാടിൽ നിന്നുകൊണ്ടാണ് വികസന പ്രവർത്തനങ്ങളും ക്ഷേമപ്രവർത്തനങ്ങളും അടക്കമുള്ള ഇടപെടലുകളിലൂടെ ഈ സംസ്ഥാനത്ത് ഭരണനിർവഹണം നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. അതായത് കൃത്യമായ രാഷ്ട്രീയ ബോധത്തെ അടിസ്ഥാനമാക്കിയാണ് ഇത്തരം പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ഈ രാഷ്ട്രീയബോധം നൽകുന്ന ഒന്നാമത്തെ വെല്ലുവിളി അഴിമതിരഹിതമായി ഭരണം നടത്തുക എന്നതാണ്.

ഭരണനിർവഹണവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ നടപ്പാക്കുന്ന പദ്ധതികളുമായോ പദ്ധതി നിർവഹണവുമായോ ബന്ധപ്പെട്ട് കഴിഞ്ഞ പത്ത് വർഷക്കാലത്തിനിടയിൽ ഒരു അഴിമതി ആരോപണംപോലും ഉന്നയിക്കാൻ കഴിഞ്ഞിട്ടില്ലെന്നത് ഈ സർക്കാരിന്റെ സുതാര്യതയുടെ ഏറ്റവും വലിയ പ്രകടമായ തെളിവാണ്. ഭരണസമിതികളിൽ നടക്കുന്ന കാര്യങ്ങളെ സംബന്ധിച്ചൊക്കെ ചില വസ്തുതകൾ ഉന്നയിക്കപ്പെടുന്നുണ്ട്. എന്നാൽ നമ്മുടെ ഭരണ സംവിധാനത്തിൽ എക്സിക്യൂട്ടീവ് നടത്തിയ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഒരു ആക്ഷേപംപോലും ഉന്നയിക്കാൻ ഇവിടത്തെ പ്രതിപക്ഷത്തിന് കഴിഞ്ഞിട്ടില്ല. മാത്രമല്ല, ഇന്ത്യാ രാജ്യത്തെ വിവിധ ഏജൻസികൾ നടത്തിയ പഠനങ്ങളിൽ അഴിമതി ഏറ്റവും കുറഞ്ഞ സംസ്ഥാനം കേരളമാണെന്നാണ് കണ്ടെത്തിയിട്ടുള്ളത്. ഒരു അഴിമതിയും കേരളത്തിൽ നടക്കുന്നില്ലെന്ന് ഞാൻ പറയില്ല. നമ്മുടെ വില്ലേജ് ഓഫീസുകൾ, സർക്കാർ ഓഫീസുകൾ എന്നിവിടങ്ങളിലൊക്കെ ചില സന്ദർഭങ്ങളിൽ അഴിമതിയുണ്ടാകുകയും ചില സ്ഥലങ്ങളിൽ വിജിലൻസ് ഉദ്യോഗസ്ഥർ അത് കണ്ടെത്തുകയും ചെയ്യുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. എന്നാൽ ഭരണതലത്തിൽ നിന്ന് അഴിമതി തുടച്ചുനീക്കാനുള്ള

നിശ്ചയദാർഢ്യം പ്രകടമാക്കി കഴിഞ്ഞ പത്ത് വർഷക്കാലം ഭരണം നടത്തിയ ഒരു സർക്കാരാണ് കേരളത്തിലെ സർക്കാർ. ക്രമസമാധാന നിലയിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന സംസ്ഥാനം കേരളമാണ്. ഇത്തരം വിലയിരുത്തലുകൾ നടത്തുന്നത് പല ഏജൻസികളാണ്. വർഗീയ സംഘർഷങ്ങൾ തീരെയില്ലാത്ത ഒരു സംസ്ഥാനമാണിത്. കൂടാതെ ആരോഗ്യ മേഖലയിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം എന്നത് എടുത്തുപറയേണ്ട കാര്യമാണ്. ആയുർദൈർഘ്യത്തിന്റെ കാര്യത്തിലും ശിശു-മാതൃ മരണ നിരക്കിലുള്ള കുറവിന്റെ കാര്യത്തിലും നാം ഏറ്റവും മുന്നിലാണ്. വിദ്യാഭ്യാസം, കൃഷി പ്രോത്സാഹിപ്പിക്കൽ, പശ്ചാത്തല സൗകര്യങ്ങളൊരുക്കൽ തുടങ്ങിയ മേഖലകളിലെല്ലാം ഇന്ത്യയിൽ ഒന്നാമത് നിൽക്കുന്ന സംസ്ഥാനം കേരളമാണെന്ന് പറയുമ്പോൾ, ഈ നേട്ടം കൈവരിക്കുന്നതിന് പത്ത് വർഷക്കാലത്തെ ഭരണം നൽകിയ സംഭാവന ചെറുതല്ലെന്ന് നാം മനസ്സിലാക്കണം. അതുകൊണ്ടാണ് വിമർശനങ്ങളില്ലാത്തത്. വിമർശിക്കാൻ ലഭിക്കുന്ന അവസരങ്ങൾ വേണ്ടെന്ന് പ്രതിപക്ഷം വയ്ക്കുന്നതും അതുകൊണ്ടാണ്. ഇവിടെ സൂചിപ്പിച്ച ഈ നേട്ടങ്ങളെല്ലാം കേരളം കൈവരിച്ചത് ഏറ്റവും പ്രതികൂല

സാഹചര്യങ്ങളിൽ നിന്നാണ്. കേന്ദ്രം നൽകേണ്ട ന്യായമായ വിഹിതങ്ങൾ നൽകാതിരിക്കുകയും പദ്ധതി വിഹിതം വെട്ടിക്കുറയ്ക്കുകയും ചെയ്യുമ്പോഴും ആപത്ഘട്ടങ്ങളിൽ സഹായിക്കേണ്ട, കേന്ദ്രത്തിന്റെ ഭാഗത്തുനിന്നും സഹായങ്ങൾ എത്തിക്കാതിരിക്കുമ്പോഴും സാമ്പത്തികമായി വലിയ പ്രതിസന്ധി/ഉപരോധം നമ്മുടെ സംസ്ഥാനത്ത് സൃഷ്ടിക്കാൻ, കേരളത്തിലെ പ്രതിപക്ഷത്തിന്റെ ഒത്താശയോടുകൂടി കേന്ദ്രം നടത്തിക്കൊണ്ടിരിക്കുന്ന പരിശ്രമങ്ങൾക്കിടയിലാണ് ഇവിടെ സൂചിപ്പിച്ച നേട്ടങ്ങളെല്ലാം നാം കൈവരിച്ചത്. മുൻ പ്രാസംഗികർ നിരത്തിവച്ച വികസനപ്പട്ടിക ഞാൻ ആവർത്തിക്കുന്നില്ല. ക്ഷേമപ്രവർത്തനങ്ങളുടെ ഭാഗമായുള്ള ഒരു കാര്യം മാത്രം സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ക്ഷേമപെൻഷൻ തുക 2000 രൂപയിൽ എത്തിക്കാൻ കഴിയുമെന്ന് ജനങ്ങൾ ഒരിക്കലും കരുതിയിട്ടുണ്ടാവില്ല. ഈയവസരത്തിൽ ഞാൻ മറ്റൊരു കാര്യം ചോദിക്കുകയാണ്. ഇന്ത്യയിലെ ഏതെങ്കിലുമൊരു സർക്കാരിന്, അതായത് കേന്ദ്രസർക്കാരിനോ സംസ്ഥാന സർക്കാരിനോ, തങ്ങൾ അവതരിപ്പിച്ച പ്രകടന പത്രികയെ അടിസ്ഥാനപ്പെടുത്തി എല്ലാ വർഷവും ഒരു പ്രോഗ്രസ്സ് റിപ്പോർട്ട് പ്രസിദ്ധീകരിച്ച് പ്രവർത്തിക്കാൻ കഴിഞ്ഞിട്ടുണ്ടോ? ഇന്ത്യയിലെ

കേന്ദ്രസർക്കാരിനോ മറ്റ് സംസ്ഥാന സർക്കാരുകൾക്കോ കഴിയാത്ത തരത്തിൽ, ജനങ്ങളുടെ മുന്നിൽ പ്രോഗ്രസ് റിപ്പോർട്ട് അവതരിപ്പിക്കാനുള്ള ആർജവം കാട്ടിയ സർക്കാരാണ് കേരളത്തിലെ പിണറായി വിജയൻ സർക്കാർ. തിരഞ്ഞെടുപ്പ് സമയത്ത് ജനങ്ങളോട് പറഞ്ഞ വാഗ്ദാനങ്ങൾ പാലിക്കുന്നതിൽ തികഞ്ഞ പ്രതിബദ്ധത കാണിക്കുകയും അഴിമതി രഹിതമായി പ്രവർത്തിക്കുകയും ചെയ്ത ഒരു സർക്കാരായതുകൊണ്ടാണ് അതിന് കഴിഞ്ഞത്. ഈ പ്രതിസന്ധികളെയെല്ലാം എങ്ങനെയാണ് കേരളം അതിജീവിച്ചത്? കിഫ്ബി പോലുള്ള സംവിധാനങ്ങളെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. ജനങ്ങളെ വിശ്വാസത്തിൽ എടുത്തുകൊണ്ട്, പദ്ധതികളും പ്രവർത്തനങ്ങളും വികസനപ്രവർത്തനങ്ങളും ഒരു കാരണവശാലും തടസ്സപ്പെട്ടുകൂടെന്ന് ഉറപ്പിച്ച് ദൃഢനിശ്ചയത്തോടും നിശ്ചയദാർഢ്യത്തോടും കൂടി പ്രവർത്തിച്ചതുകൊണ്ടാണ് വിഭവ സമാഹരണത്തിനുള്ള പുതിയ സംരംഭങ്ങൾ കണ്ടെത്താൻ കഴിഞ്ഞത്. ഇത്തരത്തിൽ, കേരളത്തിലെ ജനങ്ങളുടെ മനസ്സിൽ ആഴത്തിൽ വേരോടാൻ കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ, പത്ത് വർഷം പൂർത്തിയാക്കി വീണ്ടും ഭരണത്തിൽ എത്തിച്ചേരുന്നൊരു സാഹചര്യമാണ് ഇന്ന് നമ്മുടെ

സംസ്ഥാനത്തുള്ളത്. ഈ അടുത്ത കാലത്ത് ഒരു കോൺഗ്രസ്സ് നേതാവ് സ്റ്റേജിൽ കിടന്നുറങ്ങുന്നത് ഞാൻ കണ്ടു. അദ്ദേഹം കണ്ണാടി വച്ചുകൊണ്ടാണ് കിടന്നുറങ്ങുന്നത്. എന്തിനാണ് കണ്ണാടി വച്ചുകൊണ്ട് കിടന്നുറങ്ങുന്നതെന്ന് ഞാൻ അദ്ദേഹത്തോട് ചോദിച്ചു. അദ്ദേഹം വളരെ സത്യസന്ധമായി അതിന് മറുപടി പറഞ്ഞു. അടുത്ത തവണ അവരുടെ ഗവൺമെന്റ് അധികാരത്തിൽ വരുന്നതായും അദ്ദേഹം മന്ത്രിപദത്തിലെത്തുന്നതായും സ്വപ്നം കാണാറുണ്ടത്രേ. എന്നാൽ വകുപ്പ് ഏതാണെന്ന് എഴുതിക്കാണിക്കുന്നത് തെളിഞ്ഞുകാണാൻ കഴിയുന്നില്ല. കണ്ണാടി വച്ച് കിടന്നുറങ്ങിയാൽ തന്റെ വകുപ്പ് ഏതാണെന്നുകൂടി കാണാമെന്നാണ് അദ്ദേഹം പറഞ്ഞത്. കോൺഗ്രസ്സുകാർ വെറും സ്വപ്ന ജീവികളായി മാറുകയും വീണ്ടും അധികാരത്തിൽ വരുമെന്ന ധാരണയിൽ ഇരിക്കുകയും ചെയ്യുന്ന സാഹചര്യമാണ് നിലവിലുള്ളത്. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ വീണ്ടും അധികാരത്തിൽ എത്തിക്കാനുള്ള നിശ്ചയദാർഢ്യം കേരളത്തിലെ ജനങ്ങൾക്കുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തിരഞ്ഞെടുപ്പിലെ കണക്കുകൾ അടിസ്ഥാനമാക്കി, മുന്നോട്ട് ഉയരില്ലെന്ന തെറ്റിദ്ധാരണയൊന്നും ആർക്കും വേണ്ട. എല്ലാ പ്രതിസന്ധികളെയും അതിജീവിച്ചുകൊണ്ട് കേരളത്തിൽ

ഇടതുപക്ഷ ജനാധിപത്യ മുന്നണി മൂന്നാം തവണയും അധികാരത്തിലെത്തുമെന്ന സാഹചര്യത്തിന് ഊന്നൽ നൽകുന്ന ഒരു നയപ്രഖ്യാപനമാണ് ബഹുമാനപ്പെട്ട ഗവർണ്ണർ ഇവിടെ നടത്തിയിരിക്കുന്നത്. നയപ്രഖ്യാപനത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ പിന്താങ്ങിക്കൊണ്ട് ഞാൻ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. ജി. എസ്. ജയലാൽ: സർ, നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുകയാണ്. കേരളത്തിന്റെ വികസന ചരിത്രത്തിൽ സുപ്രധാനമായ ചുവടുവയ്പിനാണ് നമ്മൾ ഇപ്പോൾ സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നത്. കേന്ദ്രത്തിന്റെ ചിറ്റമ്മനയം തരണം ചെയ്തുകൊണ്ടാണ് കേരളം അഭൂതപൂർവമായ വളർച്ച കൈവരിക്കുന്നതെന്ന വസ്തുത നമ്മൾ മനസ്സിലാക്കണം. ഇവിടെയാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഉയർത്തിപ്പിടിക്കുന്ന ഇടതുപക്ഷ ബദലിന്റെ പ്രസക്തി. ഇന്ത്യൻ ഫെഡറൽ സംവിധാനത്തെ തകർക്കാൻ കേന്ദ്ര സർക്കാർ പരിശ്രമിക്കുമ്പോഴാണ് കേരളം അതിനെ അതിജീവിക്കാൻ ശ്രമിക്കുന്നത്. എന്നാൽ കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങൾക്ക് അതിന് കഴിയുന്നില്ല. അവിടെയാണ് ഇടതുപക്ഷ ബദൽ വെറും വാക്കല്ലെന്ന യാഥാർഥ്യം നമ്മൾ

തിരിച്ചറിയുന്നത്. ഒരു മരത്തിന്റെ മൂല്യം നമ്മൾ വിലയിരുത്തുന്നത് അതിന്റെ ഫലം കണ്ടുകൊണ്ടാണ്. ഈ ഗവൺമെന്റിന്റെ പത്തുവർഷത്തെ പ്രവർത്തനങ്ങളുടെ ഗുണഫലവും തണലും കരുതലും അനുഭവിക്കാത്ത ഒരു കുടുംബംപോലും ഇന്ന് കേരളത്തിലില്ലെന്ന വസ്തുത അഭിമാനത്തോടെയാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി അവതരിപ്പിക്കുന്നത്. സമാനതകളില്ലാത്ത ഈ വികസനത്തിന്റെ മണവും ഗുണവും വിവേചനമില്ലാതെ സ്വന്തം മണ്ഡലങ്ങളിൽ അനുഭവിച്ച ആളുകളാണ് പ്രതിപക്ഷ എം.എൽ.എ.-മാർ എന്ന വസ്തുത നമ്മൾ മറക്കരുത്. പ്രതിപക്ഷം ഇവിടെ അവാസ്തവങ്ങളുടെ ആകാശക്കോട്ട കെട്ടാൻ ശ്രമിക്കുകയാണ്. ചില ആളുകൾ സദ്യ വിളമ്പുമ്പോൾ നേരത്തെ വന്ന് മൃഷ്ടാനം ഭക്ഷിക്കും, തിരിച്ചുപോകുമ്പോൾ ഈ സദ്യതന്നെ നിയമലംഘനമാണെന്നും സദ്യ നടത്തിയവർ നിയമ ലംഘകരാണെന്നും പ്രചരിപ്പിച്ചുകൊണ്ടുപോകുമെന്ന് ഖലീൽ ജിബ്രാന്റെ 'പ്രവാചകൻ' എന്ന ഗ്രന്ഥത്തിൽ പറഞ്ഞിട്ടുണ്ട്. ആ തരത്തിലാണ് പ്രതിപക്ഷം കേരളത്തിലെ ഭരണത്തെ കാണുന്നത്. പ്രതിപക്ഷം സത്യത്തെ വ്യാജ നിർമ്മിതികൾകൊണ്ട് മറയ്ക്കാൻ ശ്രമിക്കുകയാണ്.

2011-16-ലെ യു.ഡി.എഫ്. ഭരണകാലം കേരളം മറന്നിട്ടില്ല. കഴിഞ്ഞ പത്തുവർഷക്കാലം ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് നടപ്പാക്കിയ പ്രവർത്തനങ്ങളുടെ ഫലമായാണ് കേരളത്തെ ഇന്ന് കാണുന്ന കേരളമായി മാറ്റിയെടുക്കാൻ കഴിഞ്ഞത്. നവകേരള സൃഷ്ടിക്കുവേണ്ടി നാല് മിഷനുകൾ പ്രഖ്യാപിച്ചുകൊണ്ടാണ് ഈ ഗവൺമെന്റ് പ്രവർത്തനം ആരംഭിച്ചത്. 2011-16-ൽ യു.ഡി.എഫ്.-ന്റെ ഭരണം എങ്ങനെയായിരുന്നുവെന്ന ചോദ്യം പ്രതിപക്ഷത്തോട് ചോദിക്കുകയാണ്. ഇന്നിപ്പോൾ ഇടതുപക്ഷം കേരളത്തിലെ എല്ലാ വീടുകളും സന്ദർശിക്കുകയാണ്. ഈ സംസ്ഥാനത്തിന്റെ വിഷയങ്ങളെയും ഭരണപരമായ പ്രശ്നങ്ങളെയും അവരുടെ നിർദേശങ്ങളെയും സംബന്ധിച്ച് ജനങ്ങളോട് ചർച്ച ചെയ്യാൻവേണ്ടി കേരളത്തിലെ ഇടതുപക്ഷ പ്രവർത്തകർ എല്ലാ വീടുകളും സന്ദർശിക്കുകയാണ്. അതൊരു ആത്മവിശ്വാസമാണ്. എന്നാൽ 2011-16-ൽ ഭരണത്തിലിരുന്ന യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഇങ്ങനെയൊരു ക്യാമ്പയിൻ കേരളത്തിൽ സംഘടിപ്പിക്കാനോ ഏതെങ്കിലും വീടുകളിൽപ്പോയി അന്നത്തെ സർക്കാരിനെക്കുറിച്ച് ചർച്ച ചെയ്യാനോ ഭരണത്തെ വിലയിരുത്തുന്നതിനുവേണ്ടി അഭിപ്രായം

ചോദിക്കാനോ കഴിയുമായിരുന്നോ; അക്കാലത്തെ കേരളത്തിന്റെ സ്ഥിതി എന്തായിരുന്നു?

വിദ്യാഭ്യാസരംഗത്തെക്കുറിച്ച് ഇവിടെ പറഞ്ഞല്ലോ? ഫോട്ടോസ്റ്റാറ്റ് കോപ്പിയെടുത്ത് കുട്ടികൾക്ക് പാഠപുസ്തകമായി കൊടുത്ത ചരിത്രം കേരളത്തിൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്തല്ലേ ഉണ്ടായിരുന്നത്? അന്ന് നാലായിരം സ്കൂളുകളാണ് അടച്ചുപൂട്ടലിന്റെ വക്കിൽ നിന്നിരുന്നത്. ലാഭനഷ്ട കണക്കിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ വിദ്യാഭ്യാസരംഗം അടച്ചുപൂട്ടലിന്റെ വക്കിലായിരുന്നില്ലേ? ഞാൻ ഒരുപാട് വിശദീകരിച്ച് പോകുന്നില്ല.

സാമൂഹ്യക്ഷേമ മേഖലയിൽ, മുപ്പത്തിരണ്ട് ലക്ഷം പേർക്ക് 600 രൂപവീതം പെൻഷൻപോലും കൊടുക്കാൻ കഴിയാതെ പതിനെട്ട് മാസം കുടിശ്ശികയിട്ടു. ഒരുചായപോലും വാങ്ങി കുടിക്കാൻ കടം കിട്ടാത്ത നാടാക്കി പാവപ്പെട്ട മനുഷ്യരെ മാറ്റിയെടുത്ത ഗവൺമെന്റല്ലേ; അന്ന് ഭവനസന്ദർശനം നടത്താനുള്ള ആത്മവിശ്വാസം യു.ഡി.എഫ്.-ന് ഉണ്ടായിരുന്നോ; എന്നാൽ ഈ മേഖലകളിലെല്ലാം കേരളത്തിൽ ഇടതുപക്ഷമുന്നണി ഗവൺമെന്റ്

വന്നതിനുശേഷം വന്ന മാറ്റമെന്താണ്?

വിദ്യാഭ്യാസരംഗത്തുവന്ന മാറ്റം ഇവിടെ പലരും വിവരിച്ചില്ലേ? അയ്യായിരം കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ, അമ്പതിനായിരം സ്മാർട്ട് ക്ലാസ്റൂമുകൾ എന്നീ വിദ്യാഭ്യാസരംഗത്തെ മാറ്റങ്ങൾ രാജ്യത്തിനുതന്നെ മാതൃകയായി. ഇന്ന് ലക്ഷക്കണക്കിന് കുട്ടികൾ ഈ മേഖലയിൽ കടന്നുവരുന്ന രീതിയിലേക്ക് വിദ്യാഭ്യാസരംഗം മാറിയില്ലേ? അഞ്ചുകോടിയോളം രൂപയുടെ 141 സ്കൂളുകൾ, മൂന്നുകോടി രൂപയുടെ 386 സ്കൂളുകൾ, ഒരുകോടി രൂപയുടെ 446 സ്കൂളുകൾ, പുതിയ പോസ്റ്റ് ക്രിയേഷനുകൾ, ആയിരക്കണക്കിന് അധ്യാപക പോസ്റ്റുകൾ എന്നിവ കേരളത്തിൽ ക്രിയേറ്റ് ചെയ്യപ്പെട്ടു. ഇതൊരു മാറ്റമല്ലേ? ഇതിനെ അവാസ്തവങ്ങൾക്കൊണ്ട് മൂടിയാൽ എങ്ങനെയാണ് മറയ്ക്കാൻ കഴിയുക.

കേരളത്തിൽ വൈദ്യുതി രംഗത്ത്, നിലവിൽ പവർകട്ട്/ ലോഡ്ഷെഡിങ് ഇല്ല. പത്തുവയസ്സിൽ താഴെയുള്ള കുട്ടികൾക്ക് പവർകട്ട് എന്താണെന്നുപോലും അറിയില്ല? ഇതൊക്കെ വലിയ മാറ്റങ്ങളല്ലേ; എല്ലാ വീടുകളിലും വൈദ്യുതി എത്തിയ കാലമായി കേരളം മാറിയില്ലേ;

സാമൂഹ്യക്ഷേമ പെൻഷന്റെ കാര്യം ഞാൻ പറഞ്ഞു. അതിദാരിദ്ര്യം ഇല്ലാതാക്കിയ സംസ്ഥാനമായ കേരളം ലോകത്തിനും രാജ്യത്തിനും മാതൃകയായി. ഈ മുതലാളിത്ത വ്യവസ്ഥിതിയിൽ കേരളം അതിവേഗതയിൽ എങ്ങനെയാണ് ഈ മാറ്റം കൈവരിച്ചതെന്ന് പഠിക്കാൻ കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങൾപോലും കേരളത്തിലേക്ക് വരികയാണ്. ഇതിനെയാണ് ഇടതുപക്ഷ ബദലെന്ന് ഉദ്ദേശിച്ചത്.

നാലരലക്ഷം ആളുകൾക്ക് വീടുകൾ നൽകികഴിഞ്ഞു. അഞ്ചുലക്ഷം പേർക്ക് വീടുകൾ പൂർത്തിയാക്കി നൽകുന്ന സംസ്ഥാനമായി കേരളം മാറാൻ പോകുകയാണ്. കൈവശ ഭൂമിയുടെ രേഖ ഒരു മനുഷ്യന്റെ സ്വപ്നമല്ലേ; ഇതുവരെ 4.1 ലക്ഷം ആളുകൾക്ക് പട്ടയം കൊടുത്തുകഴിഞ്ഞു. അഞ്ചുലക്ഷം പേരിലേക്ക് അത് എത്താൻ പോകുകയാണ്.

തൊഴിലില്ലായ്മയുടെ പ്രശ്നങ്ങളെക്കുറിച്ച് പറയുകയാണെങ്കിൽ, രാജ്യത്ത് പി.എസ്.സി. നിയമനങ്ങൾ നടക്കുന്നില്ല. രാജ്യത്ത് ആകെ നടക്കുന്ന പി.എസ്.സി. നിയമനങ്ങളിൽ 42 ശതമാനത്തിനുമുകളിൽ കേരളത്തിലാണ് നടക്കുന്നതെന്ന് അഭിമാനത്തോടെ നമുക്ക് പറയാൻ കഴിയും. കേന്ദ്രസർക്കാർ

ലക്ഷകണക്കിന് പോസ്റ്റുകൾ ഇല്ലാതാക്കുമ്പോൾ, ആ വേക്കൻസികൾ കരാർ തൊഴിലാളികൾക്കുവേണ്ടി മാറ്റിവയ്ക്കുമ്പോൾ മൂന്നുലക്ഷത്തോളം ആളുകൾക്ക് നിയമനം നൽകികൊണ്ട് എല്ലാ വിഭാഗം ജനങ്ങളെയും ചേർത്തുപിടിച്ചുകൊണ്ടുള്ള വികസനമാണ് കേരളത്തിൽ നടക്കുന്നത്.

യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്ഥിതിയെന്തായിരുന്നു? കണക്കുകൾ പരിശോധിച്ചാൽ 2016-ൽ കേരളത്തിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ എണ്ണം വെറും ഒമ്പതായിരുന്നു. ഇന്ന് ഒമ്പതിൽനിന്നും ഇരുപത്തിയേഴ് സ്ഥാപനങ്ങളായി വർധിപ്പിക്കാൻ എൽ.ഡി.എഫ്. സർക്കാരിന് സാധിച്ചു. കർണ്ണാടകം കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനമല്ലേ? അവിടെ പൊതുമേഖലാ സ്ഥാപനങ്ങൾ 151-ൽനിന്നും 71 ആയും ഉത്തർപ്രദേശിൽ 117-ൽനിന്ന് 45 ആയും മോദിയുടെ മോഡൽ സംസ്ഥാനമായ ഗുജറാത്തിൽ 406-ൽനിന്നും 139 ആയും മഹാരാഷ്ട്രയിൽ 343-ൽനിന്നും 98 ആയും കുറഞ്ഞു. പൊതുമേഖലയെയും പൊതുജനാരോഗ്യകേന്ദ്രങ്ങളെയും സംരക്ഷിക്കുന്നതുൾപ്പെടെ എല്ലാ മേഖലകളിലും സാധാരണക്കാരന്റെ ജീവിത സ്വപ്നങ്ങളെ യാഥാർഥ്യമാക്കാൻ

ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. കോർപ്പറേറ്റുകളെ താലോലിച്ചുകൊണ്ട് സാധാരണക്കാരനെ ഉപേക്ഷിക്കുന്ന പൊതു സാമ്പത്തിക നയം രാജ്യത്ത് വല്ലാതെ കൊടികുത്തി വാഴുമ്പോൾ, കേരളത്തിൽ സാധാരണക്കാരനെ ചേർത്തുപിടിച്ചുകൊണ്ട് ബജറ്റ് വിഹിതം ചെലവാക്കുന്ന ഒരു ഗവൺമെന്റിനെ, ഇടതുപക്ഷ ബദലായി കേരളം അവതരിപ്പിക്കുന്നത്. ഇതിനെ മറച്ചുപിടിക്കാൻ യു.ഡി.എഫ്. ശ്രമിച്ചാൽ നടക്കില്ല. ജനം തിരിച്ചറിയുന്നുണ്ട്. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ, താൽക്കാലിക വിജയങ്ങൾ മോഹിച്ചുകൊണ്ടും കണ്ണാടി വച്ച് സ്വപ്നം കണ്ടിട്ടും പേഴ്സണൽ സ്റ്റാഫിനെ നിയമിച്ചിട്ടും കാര്യമൊന്നുമില്ല. സ്വപ്നലോകത്തെ ബാലഭാസ്കരൻമാരായി അവർക്ക് വിരാജിക്കാനെ കഴിയുകയുള്ളൂ.

ഗുജറാത്തിലെ അഹമ്മദാബാദ് പോലെ കേരളത്തെയും മാറ്റിയെടുക്കുമെന്ന് ഒരിക്കൽ ശ്രീ. നരേന്ദ്ര മോദി പറഞ്ഞു. കേരളത്തിന്റെയും ഗുജറാത്തിന്റെയും സ്ഥിതികൾ തമ്മിൽ പരിശോധിച്ചാൽ, സ്ത്രീ സാക്ഷരതയിൽ കേരളം ഒന്നാം സ്ഥാനത്തും ഗുജറാത്ത് ഒമ്പതാം സ്ഥാനത്തുമാണ്. ശിശുമരണ നിരക്ക് ഏറ്റവും കുറവുള്ള സംസ്ഥാനമാണ് കേരളം, ഗുജറാത്ത് പതിനേഴാം സ്ഥാനത്താണ്. ശുചിത്വത്തിൽ കേരളം

ഒന്നാം സ്ഥാനത്തും ഗുജറാത്ത് പതിനെട്ടാം സ്ഥാനത്തുമാണ്. പട്ടിണി നിർമ്മാർജനത്തിൽ കേരളം ഒന്നാം സ്ഥാനത്തും ഗുജറാത്ത് പതിനാറാം സ്ഥാനത്തുമാണ്. സമ്പൂർണ്ണ വൈദ്യുതീകരണത്തിൽ കേരളം ഒന്നാം സ്ഥാനത്തും ഗുജറാത്ത് ആറാം സ്ഥാനത്തുമാണ്. പി.എസ്.സി. നിയമനങ്ങൾ കേരളത്തിൽ അമ്പതുശതമാനത്തിന് മുകളിലാണെങ്കിൽ ഗുജറാത്തിൽ പത്ത് ശതമാനത്തിൽ താഴെയാണ്. അവിടെ ഗവൺമെന്റ് ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന ജലസംഭരണികൾ, പാലങ്ങൾ എന്നിവ തകർന്നുവീഴുന്നു. കഴിഞ്ഞ നാല് വർഷത്തിനിടയിൽ ഗുജറാത്തിൽ സർക്കാർ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച ആറ് പാലങ്ങളാണ് തകർന്നുവീണത്. അഴിമതിയുടെ കാര്യം പറയുമ്പോൾ ഗുജറാത്തിന്റെയും കേരളത്തിന്റെയും സ്ഥിതി വ്യത്യസ്തമാണ്. കേരളത്തിലെ ജനങ്ങളെ ചേർത്തുപിടിച്ചുകൊണ്ട് നടത്തുന്ന പ്രവർത്തനങ്ങൾ തീർച്ചയായും ജനം മനസ്സിലാക്കുന്നുണ്ട്.

ഇവിടെ സൂചിപ്പിച്ചതുപോലെ, മൂന്നാമതും തുടർച്ചയായി ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ഭരണം കേരളത്തിൽ വരുമെന്നതിൽ യാതൊരു സംശയവുമില്ല. അന്ന് ഒരുതുള്ളി കണ്ണീരൊഴുക്കാനെങ്കിലും പ്രതിപക്ഷത്ത് എത്രപേരുണ്ടാകുമെന്നുള്ളത് മാത്രമേ അറിയേണ്ടതുള്ളൂ.

ഇതാണല്ലോ നിലപാടുകൾ, ഗവൺമെന്റിനെ ക്രിയാത്മകമായി പിന്തുണയ്ക്കുന്നതിനുപകരം ജനനന്മയുള്ള രാഷ്ട്രീയത്തെ, ജനനന്മയെ കുഴിച്ചുമൂടാൻ ശ്രമിക്കുന്ന, നന്മയെ മറച്ചുപിടിക്കുന്ന ഇത്തരം പ്രചാരണങ്ങൾ അവർക്കുതന്നെ ആപത്താണെന്ന് സൂചിപ്പിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു. ഇടതുപക്ഷ മുന്നണി ഗവൺമെന്റ് ഇനിയും കേരളത്തിൽ തുടർച്ചയായി അധികാരത്തിൽ വരും. അതിന് ഈ നാടിന്റെ പിന്തുണയുണ്ട്. ഞാൻ ഒരിക്കൽക്കൂടി നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

ശ്രീ. വി. ജോയി: സർ, നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. നമ്മുടെ രാജ്യത്ത് ഫെഡറൽ തത്വങ്ങൾക്ക് ഒരു പരിഗണനയും നൽകാത്ത ഇന്ത്യൻ ഭരണാധികാരികൾ പ്രതിപക്ഷം ഭരിക്കുന്ന സംസ്ഥാനങ്ങളോട് കാണിക്കുന്ന കൊടിയ ഭരണഘടനാവിരുദ്ധമായ നിലപാടുകൾ ആവർത്തിച്ചാവർത്തിച്ച് വരികയാണ്. ജനാധിപത്യത്തെ കശാപ്പ് ചെയ്യാൻ ഗവർണ്ണർമാരെ ഉപയോഗിക്കുന്നുവെന്നുള്ളതാണ് കഴിഞ്ഞ കുറേക്കാലമായി നാം കാണുന്നത്. ബഹുമാനപ്പെട്ട ഗവർണ്ണർ ഈ സഭയിൽ അവതരിപ്പിച്ച നയപ്രഖ്യാപന പ്രസംഗത്തിൽ അദ്ദേഹം ചില കാര്യങ്ങൾ വിട്ടുകളഞ്ഞു. കേന്ദ്ര ഗവൺമെന്റ്

കേരളത്തോട് കാണിക്കുന്ന ചില കാര്യങ്ങൾ സൂചിപ്പിച്ചതാണ് അദ്ദേഹം വിട്ടുകളഞ്ഞത്. ഈ സഭ അത് അംഗീകരിക്കുമെന്നാണ് അദ്ദേഹം വിചാരിച്ചത്. എന്നാൽ അദ്ദേഹത്തിന്റെ പ്രസംഗത്തിനുശേഷം കേരളത്തിന്റെ മുഖ്യമന്ത്രി അത് കൃത്യമായി ചൂണ്ടിക്കാട്ടുകയും ഇതാണ് സർക്കാരിന്റെയും മന്ത്രിസഭയുടെയും തീരുമാനമെന്ന് പറയുകയുമുണ്ടായി. പ്രതിപക്ഷം ഭരിക്കുന്ന തമിഴ്നാട്ടിലും ഏറ്റവും അവസാനം കർണ്ണാടകയിലും ഗവർണ്ണർമാർ എന്ത് ചെയ്തുവെന്നത് നാം മനസ്സിലാക്കി. ഒരു സ്ഥലത്ത് നയപ്രഖ്യാപന പ്രസംഗം വായിക്കാതെ പോകുന്ന സാഹചര്യമുണ്ടായി. പക്ഷേ, അവിടെയൊന്നും അങ്ങനെ ഒരു നിലപാട് നാം കണ്ടില്ല. ഭരണഘടനയെത്തന്നെ ഇല്ലായ്മ ചെയ്യുന്ന നിലപാടാണ് മോദി ഭരണം ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഗവർണ്ണർമാരെ ഉപയോഗിച്ച് സംസ്ഥാനങ്ങളെ എങ്ങനെ തങ്ങളുടെ വരുതിയിൽ കൊണ്ടുവരാൻ സാധിക്കുമെന്നതിനെ സംബന്ധിച്ചാണ് അവർ ആലോചിക്കുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ എതിർക്കാൻ യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും ഒരുപോലെ പ്രവർത്തിക്കുകയാണ്. അതിനൊരു പ്രധാനപ്പെട്ട കാരണം ഇടതുപക്ഷത്തെ എളുപ്പത്തിൽ വിലയ്ക്ക് വാങ്ങാൻ

സാധിക്കില്ലെന്നുള്ളതാണ്. ഒറ്റാകെ അട്ടിമറിക്കാൻ സാധിക്കുന്നത് കോൺഗ്രസിനെയാണ്. അതുകൊണ്ടാണ് ഇടതുപക്ഷത്തെ അവർ എതിർക്കുന്നത്. രണ്ടുപേരും ചേർന്ന് അവരുടെ പൊതുശത്രുവായി എൽ.ഡി.എഫ്.-നെ കാണുകയാണ്. ഇവിടെ കോൺഗ്രസിന്റെ നില വളരെ പരിതാപകരമാണ്. ശ്രീ. നരേന്ദ്ര മോദിയെ കോൺഗ്രസിന്റെ നേതാക്കന്മാർ തുടരെത്തുടരെ സ്തുതിക്കുകയാണ്. കോൺഗ്രസിന്റെ നേതാക്കന്മാർക്ക് മിണ്ടാട്ടമില്ല. ശ്രീ. ശശി തരൂരിനെ തിരുത്താൻ കോൺഗ്രസിന് കഴിയുന്നില്ല. ശ്രീ. ശശി തരൂർ, നെഹ്റുവിന്റെ കുടുംബവാഴ്ചയെ അങ്ങേയറ്റം വിമർശിക്കുകയാണ്. ശ്രീ. ശശി തരൂരിനെ തൊടാൻ കോൺഗ്രസിന് പേടിയാണ്. രാജ്യസഭാംഗവും കോൺഗ്രസിന്റെ പ്രധാനപ്പെട്ട നേതാവുമായ ശ്രീ. ദിഗ്‌വിജയ് സിങ് ഇപ്പോൾ ആർ.എസ്.എസ്.-നെ പുകഴ്ത്തുകയാണ്. ആർ.എസ്.എസ്.-നെ കണ്ടുപഠിക്കാനാണ് കോൺഗ്രസിനോടും അണികളോടും അദ്ദേഹം പറയുന്നത്. എൽ. കെ. അദ്വാനിയുടെയും ശ്രീ. നരേന്ദ്ര മോദിയുടെയും ഒരു ചിത്രം പങ്കുവച്ചിട്ടാണ് ശ്രീ. ദിഗ്‌വിജയ് സിങ് ഇങ്ങനെ ഒരു നിലപാട് സ്വീകരിക്കുന്നത്. ഈ സ്തുതിപാഠകരുടെ എണ്ണം കോൺഗ്രസിൽകൂടി വരികയാണ്. ഇന്നത്തെ ബി.ജെ.പി.-യുടെ ഭരണ

നേതൃത്വത്തിലെ ആളുകളെ പരിശോധിച്ചാൽ കോൺഗ്രസിലെ ആളുകളാണെന്ന് മനസ്സിലാകും. കഴിഞ്ഞ തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കേരളത്തിൽ നടന്നിട്ടുള്ള ഈ കുട്ടകച്ചവടം നാം കണ്ടതാണ്. അത് തിരഞ്ഞെടുപ്പോടുകൂടി അവസാനിക്കുമെന്ന് നമ്മൾ വിചാരിച്ചു. പക്ഷെ നിങ്ങൾ നോക്കൂ, തൃശ്ശൂരിലെ മറ്റത്തൂർ പഞ്ചായത്തിൽ എന്താണ് സംഭവിച്ചത്? കോൺഗ്രസിന് എട്ട് പഞ്ചായത്ത് മെമ്പർമാരുണ്ടായിരുന്നു. പ്രസിഡന്റ് തിരഞ്ഞെടുപ്പ് വന്നപ്പോൾ എട്ട് പേരും ആവിയായിപ്പോയി, നേരെ ബി.ജെ.പി.-യിലേക്ക് ചേക്കേറി. ഇതാണ് നമ്മുടെ നാട്ടിൽ നടക്കുന്നത്. ഇപ്പോൾ, സംഘ്പരിവാറിന്റെ വേദിയിൽ കോൺഗ്രസിനും ലീഗിനും പങ്കെടുക്കുന്നതിൽ ഒരു തടസ്സവുമില്ല. കഴിഞ്ഞ ദിവസം ലോക്ഭവനിൽ/പഴയ രാജ്ഭവനിൽ കാവിക്കൊടിയേന്തിയ സ്ത്രീയുടെ മുമ്പിൽ ഒരു പുസ്തക പ്രകാശനവുമായി ബന്ധപ്പെട്ട് കോൺഗ്രസിന്റെയും ലീഗിന്റെയും സിൻഡിക്കേറ്റ് മെമ്പർമാർ ഒരുമിച്ചാണ് അണിനിരന്നത്. ഡോക്ടർ ജോൺ മത്തായിയെക്കുറിച്ചുള്ള 'ഹോണസ്റ്റ് ജോൺ' എന്ന ഒരു പുസ്തകത്തിന്റെ പ്രകാശന ചടങ്ങിലാണ് ഇവർ പങ്കെടുത്തത്. അപ്പോൾ ഒരു ഉളുപ്പുമില്ലെന്നത് നാം മനസ്സിലാക്കണം. ഇവർ പാരഡി പാട്ട് പാടി അങ്ങനെ

നടക്കുകയായിരുന്നു. ഇവിടെ ശ്രീ. പി. സി. വിഷ്ണുനാഥ് പാരഡി പാട്ട് പാടി, അതിനുശേഷം പാർലമെന്റിന് മുമ്പിൽപോയി നിരന്നുനിന്ന് പാരഡി പാട്ട് പാടി. ഇവിടെ മഴക്കാലക്കെടുതി വന്നു, അപ്പോൾ ഒരു ശോകഗാനം അല്ലെങ്കിൽ മൂളിപ്പാട്ട് പോലും പാടാത്തവരാണ് പാരഡി പാട്ട് പാടാൻ ഡൽഹിയിൽ പോയത്. അവിടെപ്പോയി പാരഡി പാട്ടും പാടി. ഇപ്പോൾ എന്താ സ്ഥിതിയെന്ന് ചോദിച്ചാൽ പാരഡി പാട്ട് കേൾക്കുന്നില്ല. കേൾക്കുന്ന പാട്ടാകട്ടെ ഇങ്ങനെയുമാണ്. 'സ്വർണ്ണപ്പാളികൾ ബ്രേസ്‌ലെറ്റായി, സ്വർണ്ണപ്പാളികൾ ഏലസ്സായി, സോണിയ മാഡം പോറ്റിക്കൊപ്പം'. ഏതെങ്കിലും ഒരു കോൺഗ്രസ് നേതാവ് ശ്രീമതി സോണിയ ഗാന്ധിയുടെ വീട്ടിൽ ഇവർ പോയതിനെ സംബന്ധിച്ച് പറയുന്നുണ്ടോ? പോറ്റി പോയത് വേണമെങ്കിൽ അംഗീകരിച്ചുകൊടുക്കാം. വേണമെങ്കിൽ, പോറ്റിയെ അവിടെ കൊണ്ടുപോയി എന്ന് നമുക്ക് പറയാം. പക്ഷേ, സ്വർണ്ണം കട്ടവനും വാങ്ങിയവനും ഒരുമിച്ച് എങ്ങനെ ശ്രീമതി സോണിയ ഗാന്ധിയുടെ വീട്ടിലെത്തി; ഇതൊരു പ്രധാനപ്പെട്ട ചോദ്യമല്ലേ? ഈ ചോദ്യത്തിൽനിന്ന് രക്ഷപ്പെടാനാണ് യു.ഡി.എഫ്. ഈ സഭ ബഹിഷ്കരിക്കുന്നത്. ഈ ചോദ്യത്തിന് മറുപടി പറയാൻ പ്രതിപക്ഷത്തെ ആരെങ്കിലും

തയ്യാറുണ്ടെങ്കിൽ നിങ്ങൾ ഈ ചോദ്യത്തിന് മറുപടി പറയണമെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. കേരളത്തിൽനിന്നുള്ള ഒരു എം.പി., പോറ്റിയുടെ കൈയിൽനിന്ന് ഗിഫ്റ്റ് വാങ്ങുന്നത് കണ്ടു. ഒരു ചാനൽ ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത്, ഈത്തപ്പഴമാണ് നൽകിയതെന്നാണ്. പക്ഷേ, ആ ഗിഫ്റ്റ് പായ്ക്ക് ചെയ്തിരിക്കുന്ന കവർ കാണുമ്പോൾ അതിനകത്ത് ഈത്തപ്പഴമാണെന്ന് തോന്നുന്നില്ല. ഈത്തപ്പഴം  വളരെ എളുപ്പത്തിൽ പറയാൻ സാധിക്കുന്ന സാധനമായതുകൊണ്ട് ആ എം.പി. ബോധപൂർവ്വം ഈത്തപ്പഴത്തിന്റെ പേര് പറയുകയാണ്. അങ്ങനെ പറഞ്ഞാൽ ധാരാളം കാര്യങ്ങൾ പറയാനുണ്ട്. ഞാനിപ്പോൾ അതിലേക്ക് കടക്കുന്നില്ല.

ഒരു ദിവസം രാവിലെ തിരുവനന്തപുരം നഗരത്തിൽ നോക്കിയപ്പോൾ പത്തമ്പത് ബോർഡുകൾ കണ്ടു. ആ ബോർഡിൽ ബഹുമാന്യനായ പ്രതിപക്ഷ നേതാവിന്റെ പടമാണ്. എം.എൽ.എ. ഹോസ്റ്റലിന്റെയും യൂണിവേഴ്സിറ്റിയുടെയും മുമ്പിൽ തുടങ്ങി പ്രധാനപ്പെട്ട സ്ഥലങ്ങളിലെല്ലാം പടം വച്ചിരിക്കുകയാണ്. "ഞാൻ പേടിച്ചുപോയെന്ന് പറഞ്ഞേരെ" എന്നാണ് ആ പടത്തിൽ എഴുതിവച്ചിരിക്കുന്നത്. പേടിക്കാനുണ്ടായ കാര്യമെന്താണെന്ന് അദ്ദേഹം പറയണം. ഇവിടെയാണ് പ്രശ്നം. പേടിക്കാനുണ്ടായ സാഹചര്യം

'പുനർജനി' ആണോയെന്ന് ബഹുമാന്യനായ പ്രതിപക്ഷനേതാവ് സംസാരിക്കുമ്പോൾ പറയണം. ഇവിടെ 2018-ൽ മഹാപ്രളയം വന്നു. വീട് നഷ്ടപ്പെട്ടവർക്ക് വീട് വച്ച് കൊടുക്കാൻവേണ്ടി പ്രതിപക്ഷനേതാവിന്റെ മണ്ഡലത്തിൽ കൊണ്ടുവന്ന ഒരു പദ്ധതിയായിട്ടാണ് ഈ 'പുനർജനി' അറിയപ്പെടുന്നത്. "ഞാൻ വിദേശത്ത് പോയി ഒരു പണവും പിരിച്ചിട്ടില്ല, സ്വീകരിച്ചിട്ടില്ല" എന്ന് പ്രതിപക്ഷനേതാവ് നിയമസഭയിൽ പറയുകയുണ്ടായി. എന്നാൽ ഫേസ്ബുക്കിൽ അദ്ദേഹം കുറിച്ചത് നമ്മൾ എല്ലാവരും ശ്രദ്ധിച്ചു. അദ്ദേഹം വളരെ അഭിമാനപൂർവം പറഞ്ഞിരിക്കുന്നത് "ലണ്ടനിലെ ബെർമിങ്ഹാമിൽ ഞാൻ ഒരു യോഗം വിളിച്ചു ചേർത്തു. അതിന് സഹായിച്ചത് തിരുവനന്തപുരത്തുകാരിയായ ഒരു വനിതയായിരുന്നു. ഞാൻ അവിടെ കാര്യങ്ങൾ പ്രസന്റ് ചെയ്തു. ആ വനിതയുടെ ഭർത്താവ് പ്രശസ്തനായ ഓങ്കോളജിസ്റ്റ് ആണ്. ഒരു ലഞ്ച് മീറ്റിങ് അവിടെ നടത്തി, അതാണ് അവിടത്തെ പതിവ്, അവിടെവച്ച് ഞാൻ സംസാരിച്ചു, അത് ഞാൻ എന്റെ ഫേസ്ബുക്കിലും കൊടുത്തിട്ടുണ്ട്. ഈ പരിപാടികൾ ബെർമിങ്ഹാമിൽ നടത്തിയ സ്ത്രീ തിരുവനന്തപുരത്ത് തിരിച്ചുവന്നു, അവർ കളക്ട് ചെയ്ത പണം ചെക്കായി എനിക്ക് നൽകി” എന്നാണ്. ഈ ചെക്ക്

പരവൂരിലെ ജനങ്ങൾക്ക് എത്ര പ്രയോജനപ്പെട്ടു; എത്ര രൂപയാണ് ആ ചെക്കിൽ ഉണ്ടായിരുന്നത് അദ്ദേഹം മറുപടി പറയേണ്ടതാണ്. വീട് കിട്ടുമെന്ന പ്രതീക്ഷയിൽ സ്വന്തമായി സ്ഥലം വാങ്ങി 'പുനർജനി' ട്രസ്റ്റിന്റെ പേരിൽ രജിസ്റ്റർ ചെയ്തവർ എത്രപേരാണ്; അവർക്ക് അങ്ങ് എത്ര രൂപയാണ് നൽകിയത്; ഭൂമി രജിസ്റ്റർ ചെയ്തവർക്ക് വീട് കിട്ടിയില്ലെന്നും അവർ വാങ്ങിയ ഭൂമി നഷ്ടപ്പെട്ടെന്നും പരാതിയുണ്ടോ? ഇതിനും അദ്ദേഹം മറുപടി പറയേണ്ടതാണ്. പരാതിക്കാരെ പ്രതിപക്ഷനേതാവ് കൈയൊഴിഞ്ഞോ; എനിക്ക് ഇതിനെപ്പറ്റി ഒന്നും അറിയില്ലെന്ന് അങ്ങ് പറഞ്ഞോ; പ്രതിപക്ഷനേതാവിന്റെ വിദേശയാത്രകൾക്ക് കേന്ദ്ര സർക്കാരിന്റെ അനുമതിയുണ്ടായിരുന്നോ; ഉണ്ടെങ്കിൽ വിദേശ പണം സ്വീകരിക്കാനുള്ള അനുമതി കേന്ദ്ര ഗവൺമെന്റ് നൽകിയിരുന്നോ; എന്നീ കാര്യങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറയേണ്ടതാണ്. ഇതുകൊണ്ടാണോ "പറഞ്ഞേരെ ഞാൻ പേടിച്ച് പോയെന്ന്" എഴുതിവച്ചത്? ഇവിടെ ഒരു ക്ലാസിക് മറുപടിയുണ്ട്. ഈ ബോർഡ് കണ്ട പത്രപ്രവർത്തകർ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അതിനെക്കുറിച്ച് ചോദിച്ചപ്പോൾ മുഖ്യമന്ത്രി പറഞ്ഞ മറുപടി ഇതാണ്,

'അതെന്താണ് ഇടയ്ക്കിടയ്ക്ക് ഇങ്ങനെ പറയുന്നത്; ശരിക്കും നിങ്ങൾക്ക് പേടിയുണ്ടോ; ഇപ്പോഴേ പേടിച്ചാലോ' എന്നാണ്. കൃത്യമായ മറുപടി അതിനകത്തുണ്ട്. ഇപ്പോഴേ പേടിച്ചുപോയാൽ എന്ത് ചെയ്യും? ഇതാണ് സാഹചര്യമെന്ന് മനസ്സിലാക്കണം. ഭരണപക്ഷത്തുനിന്ന് ഉയർത്തുന്ന കാര്യങ്ങളെ പ്രതിരോധിക്കാനോ മറുപടി പറയാനോപോലും കഴിയാത്ത ഒരു സാഹചര്യം വന്നിട്ടുണ്ട്. പണം കൊടുത്ത് പത്രങ്ങളെയും മീഡിയകളെയും കൊണ്ട് 'ആരാണ് കേരളത്തിന്റെ അടുത്ത മുഖ്യമന്ത്രി' എന്ന് ചോദിപ്പിക്കുകയാണ്. എന്നിട്ട് ഒരു സർവെ റിപ്പോർട്ട് പ്രഖ്യാപിക്കുകയാണ്. ആ സർവെ റിപ്പോർട്ടിൽ ഞാനാണ് മുഖ്യമന്ത്രിയെന്ന് വരുത്തിത്തീർക്കാൻ ശ്രമിക്കുകയാണ്. അങ്ങനെ വരുത്തി തീർത്തപ്പോൾ "അങ്ങയുടെ പേര് അതിനകത്ത് ഇല്ലല്ലോ, ഇപ്പോഴത്തെ പ്രതിപക്ഷനേതാവ് കഴിഞ്ഞ് തൊട്ടുതാഴെ വരുന്നത് ശ്രീ. ശശി തരൂർ ആണല്ലോ" എന്ന് ബഹുമാന്യനായ മുൻ പ്രതിപക്ഷനേതാവിനോട് പത്രപ്രവർത്തകർ ചോദിച്ചു. "ഇത് ഓരോരുത്തരും അവർക്കുവേണ്ടി ചെയ്യുന്ന കാര്യങ്ങളല്ലേ, എന്റെ പേര് വരാത്തത് വളരെ നന്നായി" എന്നാണ് അദ്ദേഹം ഇരുകൈകളും കൂപ്പി പറഞ്ഞത്. അവരെ സംബന്ധിച്ചിടത്തോളം ഇന്ന് അനുഭവിക്കുന്ന പ്രശ്നങ്ങൾ

വളരെ വലുതാണ്. ഒരു കാര്യത്തിനും മറുപടി പറയാൻ സാധിക്കാത്ത ഒരു സാഹചര്യത്തിലാണ് ഇത്രയും പ്രധാനപ്പെട്ട സഭ ബഹിഷ്കരിച്ച് ഇവർ പോകുന്നതെന്ന് ജനങ്ങൾ മനസ്സിലാക്കണം. ബഹുമാനപ്പെട്ട അംഗം ശ്രീ. മാത്യു ടി. തോമസ് സൂചിപ്പിച്ചതുപോലെ ഭരണപക്ഷത്തിനെതിരായി ഒരു കാര്യംപോലും പറയാൻ പ്രതിപക്ഷത്തിന് സാധിക്കുന്നില്ലെന്നത് നാം മനസ്സിലാക്കേണ്ടതുണ്ട്. ഞാൻ മറ്റു കാര്യങ്ങളിലേക്ക് കടക്കുന്നില്ല. ഈ നന്ദിപ്രമേയത്തെ ഒരിക്കൽക്കൂടി പിന്തുണയ്ക്കുകയാണ്.

ചെയർപേഴ്സൺ: ഓർഡർ...ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും ജനുവരി 28-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2026 ജനുവരി മാസം 28-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ ഉച്ചയ്ക്കുശേഷം 12.53-ന് പിരിഞ്ഞു.)

* * * * *